# സമകാലിക ലോകത്തിനൊരു സ്നേഹദൂത്

## സഹിഷ്ണുത, ജനസേവനം, സമാധാനം



ഹദ്റത് മിർസാ മസ്റൂർ അഹ്മദ്

# സമകാലിക ലോകത്തിനൊരു
# സ്നേഹദൂത്

# സമകാലിക ലോകത്തിനൊരു സ്നേഹദൂത്

*സഹിഷ്ണുത, ജനസേവനം, സമാധാനം*

*അഹ്മദിയ്യാ മുസ്ലിം സമൂഹത്തിന്റെ ഇമാമും*
*വാഗ്ദത്ത മസീഹ്(അ)ന്റെ അഞ്ചാം ഖലീഫയുമായ*

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**(അയ്യദഹുല്ലാഹു)

നിർവ്വഹിച്ച
പ്രഭാഷണങ്ങളുടെ സമാഹാരം

വിവർത്തനം:
**സഫ്വാൻ വാഴക്കാല**

ISLAM
INTERNATIONAL
PUBLICATIONS

# സമകാലിക ലോകത്തിനൊരു സ്നേഹദൂത്

*സഹിഷ്ണുത, ജനസേവനം, സമാധാനം*

(Samakalika Lokathinu oru Snehadooth)
Malayalam Translation of
A Message for Our Time—
on tolerance, public service, and the pursuit of peace

A Compilation of Keynote Addresses
delivered by
His Holiness Mirza Masroor Ahmad
Head of the Worldwide Ahmadiyya Muslim Community
Fifth Successor to the Promised Messiah[as]
During his 2018 Americas Tour
Translated by
Safvan, Vazhakkala
2021/ Copies : 500

Published by
Nazarath Nashr-O-Isha'ath
Qadian 143516
District Gurdaspur (Punjab), India

Printed in India at
Fazl-e-Umar Printing Press
Qadian - 143516 (Punjab)

Cover design: Bilal Rana & Naveed Malik

For further information please visit: **www.alislam.org**
Toll Free No **1800 103 2131**

# ഉള്ളടക്കം

ഗ്രന്ഥകാരനെക്കുറിച്ച് ........................................................................*vii*
അവതാരിക ..............................................................................*xiv*

**സമാധാനത്തിന്റെ ദീപസ്തംഭം.......................................................... 3**
ആമുഖം ..........................................................................7
മസ്ജിദ് ബൈത്തുൽ ആഫിയത്ത് ഉത്ഘാടനം
ഫിലാഡെൽഫിയ, പെൻസിൽവാനിയ, അമേരിക്ക.....................9

**മുസ്‌ലിം ആരാധനാലയങ്ങൾ:**
**സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഉറവിടം..............19**
ആമുഖം ..........................................................................23
മസ്ജിദ് ബൈത്തുസ്സമദ് ഉത്ഘാടനം
ബാൾട്ടിമോർ, മേരിലാൻഡ്, അമേരിക്ക......................................25

**മാനവ സേവ:-**
**ദൈവാരാധനയുടെ ഒരു രൂപം.......................................................35**
ആമുഖം ..........................................................................39
നാസിർ ഹോസ്പിറ്റൽ ഉത്ഘാടനം
ഹ്യുമാനിറ്റി ഫസ്റ്റ്, ഗ്വാട്ടിമാല......................................................41

**ഇസ്‌ലാമിലെ മതസഹിഷ്ണുതയും സ്വാതന്ത്ര്യവും...............53**
ആമുഖം ....................................................................57
മസ്ജിദ് മസ്‌റൂര്‍ ഉത്ഘാടനം
മനസ്സാസ്, വിര്‍ജീനിയ, അമേരിക്ക...............................................59

# ഗ്രന്ഥകാരനെക്കുറിച്ച്

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്(അയ്യദഹു) ലോകമെമ്പാടുമുള്ള അഹ്മദിയ്യ മുസ്‌ലിം വിശ്വാസി സമൂഹത്തിന്റെ പരമോന്നത നേതാവും അഞ്ചാം ഖലീഫയുമാണ്. അദ്ദേഹം വാഗ്ദത്ത മഹ്ദിയും യുഗപരിഷ്കർത്താവുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ അഞ്ചാമത്തെ ഖലീഫയാണ്. (ആത്മീയ പ്രതിനിധി).

പാക്കിസ്ഥാനിലെ റബ്വ പട്ടണത്തിൽ 1950 സെപ്റ്റംബർ 15ന് ജനിച്ച അദ്ദേഹത്തിന്റെ പിതാവ് പരേതനായ മിർസാ മൻസൂർ അഹ്മദ് സാഹിബും, മാതാവ് പരേതയായ നാസിറ ബീഗം സാഹിബയുമായിരുന്നു. ഫൈസലാബാദ് സർവ്വകലാശാലയിൽ നിന്നും 1977ൽ കാർഷിക സമ്പദ് ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ അദ്ദേഹം തന്റെ ജീവിതത്തെ മുഴുവൻ സമയ ഇസ്‌ലാമിക പ്രേഷിത പ്രവർത്തനങ്ങൾക്കായി ഔപചാരികമായി സമർപ്പിച്ചു. തുടർന്ന് 1977ൽ തന്നെ അദ്ദേഹത്തെ ആഫ്രിക്കൻ രാജ്യമായ ഘാനയിലേക്ക് അയക്കുകയും അവിടത്തെ വിവിധ അഹ്മദിയ്യ സ്കൂളുകളിൽ പ്രിൻസിപ്പാളായി കുറെക്കാലം സേവനമനുഷ്ഠിക്കുകയും ചെയ്തു. പിന്നീട് തിരികെ പാക്കിസ്ഥാനിൽ എത്തിയ അദ്ദേഹം റബ്വയിൽ സ്ഥിതിചെയ്യുന്ന അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ ആസ്ഥാന കാര്യാലയത്തിൽ വിവിധ പദവികൾ വഹിച്ചു പോന്നു.

2003 ഏപ്രിൽ 22ന് ഖലീഫയായി(ആത്മീയ പ്രതിനിധി) തിരഞ്ഞെടുക്കപ്പെട്ട ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു) അന്നുമുതൽ ഇരുന്നൂറിലേറെ രാജ്യങ്ങളിലായി പരന്നുകിടക്കുന്ന ശത ലക്ഷക്കണക്കിലുള്ള അഹ്മദിയ്യ മുസ്‌ലിം വിശ്വാസി സമൂഹത്തിന്റെ ആത്മീയ നേതാവും പ്രസ്ഥാനത്തിന്റെ ഭരണനിർവ്വഹണതലവനുമാണ്.

ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതിനു ശേഷം ഇസ്‌ലാമിന്റെ ശാന്തിയുടെ സന്ദേശം ലോകമെമ്പാടും എത്തിക്കുന്നതിനായി വിശാലമായ രീതിയിലുള്ള പ്രചരണ പ്രവർത്തനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. എല്ലാവിധ ഡിജിറ്റൽ അച്ചടി മാധ്യമസങ്കേതങ്ങൾ ഇതിനായി ഉപയോഗിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ കീഴിൽ അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ എല്ലാ ദേശീയഘടകങ്ങളും ഇസ്‌ലാമിന്റെ യഥാർത്ഥവും സമാധാനപരവുമായ അധ്യാപനങ്ങളെ മുൻനിർത്തിയുള്ള പ്രചരണങ്ങൾക്ക് തുടക്കംകുറിച്ചു. സമൂഹത്തിന്റെ താഴെത്തട്ടിൽ വരെയുള്ള ജനങ്ങൾക്കിടയിൽ, മുസ്‌ലിങ്ങൾക്കും അമുസ്‌ലിങ്ങൾക്കുമിടയിൽ ‘സമാധാന’ ലഘുലേഖകൾ ലോകത്താകമാനമുള്ള അഹ്മദിമുസ്‌ലിങ്ങൾ വിതരണം ചെയ്ത് പോരുന്നു. ഈ പ്രവർത്തനങ്ങളോടൊപ്പം മതാന്തരസംവാദങ്ങൾ, പീസ് സിമ്പോസിയങ്ങൾ, വിശുദ്ധ ഖുർആന്റെ വിശിഷ്ടവും മനോഹരവുമായ ആശയങ്ങൾ പ്രതിഫലിപ്പിക്കുന്ന എക്സിബിഷനുകൾ തുടങ്ങിയവയ്ക്ക് ലോകത്തെല്ലായിടത്തും ആതിഥേയത്വം വഹിക്കുന്നു. ഈ പ്രചാരണങ്ങൾ ലോകമാധ്യമങ്ങളിലെല്ലാം ഇടം കാണുകയും സ്വരാജ്യസ്നേഹത്തോടുള്ള വിശ്വസ്തതയും മാനവസേവയും സമാധാന സ്ഥാപനവുമാണ് ഇസ്‌ലാം പരിരക്ഷിക്കുന്നതെന്ന് ബോധ്യപ്പെടുകയും ചെയ്തു.

ജീവിതത്തിന്റെ എല്ലാ തുറയിലുംപ്പെട്ട മനുഷ്യർ ഒരുമിച്ചുകൂടി, സമാധാനവും ഐക്യവും സമൂഹത്തിലുണ്ടാക്കുന്നതിനു പര്യാലോചന നടത്തുന്ന വേദിയാണ് 2004–ൽ ഖലീഫ തിരുമനസ്സ് തുടക്കം കുറിച്ച നാഷണൽ പീസ് സിമ്പോസിയം. ഓരോ വർഷവും നിരവധി മന്ത്രിമാർ, പാർലമെന്റ് അംഗങ്ങൾ, രാഷ്ട്രീയക്കാർ, മതപുരുഷന്മാർ, മറ്റ് വിശിഷ്ടവ്യക്തിത്വങ്ങൾ തുടങ്ങിയവർ ഇതിലാകൃഷ്ടരായി പങ്കെടുക്കുന്നു.

മാനവസമൂഹത്തിനു സേവനം ചെയ്യുന്നതിന് പ്രാധാന്യം കൊടുക്കുന്ന ഹദ്റത്ത് മിർസാ മസ്റൂർ സാഹിബിന്റെ(അയ്യദഹു) നേതൃത്വത്തിൽ ലോകത്തിന്റെ വിദൂരകോണുകളിൽപ്പോലും മികച്ചതും ഉന്നതവുമായ നിരവധി സ്കൂളുകളും കോളേജുകളും ആതുരാലയങ്ങളും അഹ്മദിയ്യ മുസ്‌ലിം സമൂഹം നിർമ്മിച്ചു വരുന്നു.

വൈയക്തികവും സാമൂഹികവുമായ നിലയിൽ, പ്രാദേശികവും ദേശീയവും, അന്തർദേശീയവുമായ തലങ്ങളിൽ ഇസ്‌ലാമിക അധ്യാപനങ്ങളെ അടിസ്ഥാനമാക്കി സമാധാന സംസ്ഥാപനത്തിനുള്ള പ്രായോഗികമാർഗ്ഗങ്ങളെക്കുറിച്ച് ഖലീഫ തിരുമനസ്സ് ഏവരെയും ബോധവത്കരിക്കാൻ വലിയതോതിൽ ശ്രമിക്കുന്നു. ഇതിനായി വിവിധ രാഷ്ട്രങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിലുള്ള പ്രമുഖരായവർക്കും നയരൂപീകരണവിദഗ്ധർക്കും നേരിട്ട് ഇസ്‌ലാമിന്റെ സമാധാനസന്ദേശം അദ്ദേഹം എത്തിക്കുന്നു. ലോകത്തിന്റെ ഇപ്പോഴത്തെ പോക്ക് ഒരു മൂന്നാംലോക മഹായുദ്ധത്തിലേക്കാണു നമ്മെ കൊണ്ടുചെന്നെത്തിക്കുകയെന്നും അതിനാൽ തെറ്റായ നയങ്ങളിൽ നിന്നു വൻ കിട രാജ്യങ്ങളും മറ്റുള്ളവരും പിന്മാറണമെന്നും അദ്ദേഹം വിവിധ രാജ്യങ്ങളുടെ പാർലമെന്റുകളിൽ നടത്തിയ പ്രഭാഷണങ്ങളിലും ലോകനേതാക്കന്മാർക്കയച്ച കത്തുകളിലും ആവർത്തിച്ച് ആവശ്യപ്പെടുന്നു. ഈ പ്രഭാഷണങ്ങളും കത്തുകളും '***ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും***' എന്ന പേരിൽ ഗ്രന്ഥസമാഹാരമായി പുറത്തിറങ്ങിയിട്ടുണ്ട്.

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്(അയ്യദഹു) ഇപ്പോൾ ലണ്ടൻ കേന്ദ്രമാക്കിയാണ് തന്റെ പ്രവർത്തനങ്ങൾ മുന്നോട്ട്കൊണ്ടുപോകുന്നത്. ലോക അഹ്മദി മുസ്‌ലിങ്ങളുടെ ആത്മീയ നേതാവെന്ന നിലയിൽ സമാധാനത്തിന്റെയും സഹാനുഭൂതിയുടെയും ചൈതന്യവത്തായ സന്ദേശത്തിലൂടെ ഇസ്‌ലാമികാദർശങ്ങൾ ഊർജ്ജ്വസ്വലമായി അദ്ദേഹം ഉയർത്തിപ്പിടിക്കുന്നു.



Ḥaḍrat Mirza Masroor Ahmad

Khalīfatul-Masīḥ V[aba]

# അവതാരിക

ചരിത്രത്തിലെ നിർണ്ണായകമായ ഒരു ഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. വിവേചനങ്ങളും വേർതിരിവുകളും പരസ്പ രമുള്ള അവിശ്വാസവും ഉത്കണ്ഠയും ലോകമെമ്പാടും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഒരാഗോളസംഘട്ടനവും മഹാദുരന്തവും, അത് സംഭവിക്കാൻ പാടില്ലാത്തതാണെങ്കിൽപ്പോലും നമ്മുടെ മുന്നിലൊരു സംഭവ്യസാധ്യതയായി കാണപ്പെടുന്നു. എന്നിരുന്നാലും സമാധാ നത്തിന്റെയും അനുരഞ്ജനത്തിന്റെയും ഒരു പരിഹാരം നിലനിൽ ക്കുന്നുണ്ട്. അത് പ്രവർത്തനപഥത്തിൽ നിന്ന് കണ്ടെത്താനും കഴി യുന്നതാണ്.

ആഗോള അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ ആത്മീയ നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് 2018 ൽ മധ്യ–വടക്കെ അമേരിക്കൻ രാജ്യങ്ങളിൽ നടത്തിയ പര്യടനത്തിൽ നിർവഹിച്ച നാ ലു പ്രഭാഷണങ്ങളുടെ സമാഹൃതരൂപമാണ് ഈ ഗ്രന്ഥം. ഈ സന്ദ ർശന വേളയിൽ, അദ്ദേഹം ഫിലാഡെൽഫിയ, ബാൾട്ടിമോർ, വിർജീനി യ എന്നിവിടങ്ങളിലെ മുസ്‌ലിം ആരാധനാലയങ്ങൾ ഉത്ഘാടനം ചെ യ്തു കൊണ്ട് തേജോമയമായ പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി. ഹ്യുമാനിറ്റി ഫസ്റ്റിന്റെ ശ്രമഫലമായി ഗ്വാട്ടിമാലയിൽ ആരംഭിച്ച നാ സിർ ഹോസ്പിറ്റലിന്റെ ഉത്ഘാടനസമയത്ത് ചരിത്ര പ്രാധാന്യമുള്ള മറ്റൊരു പ്രഭാഷണം കൂടി അദ്ദേഹം നിർവഹിക്കുകയുണ്ടായി.

ഈ പ്രഭാഷണങ്ങളിൽ, ഇസ്‌ലാമിനെക്കുറിച്ചും അതിന്റെ സ്ഥാപകർ ഹദ്റത്ത് മുഹമ്മദ്(സ) കുറിച്ചുമുള്ള അന്യായമായ തെറ്റിദ്ധാരണകളെ ഇല്ലാതാക്കാൻ മുസ്‌ലിം ആരാധനാലയങ്ങളും ആശുപത്രികളും സ്ഥാപിക്കുന്നത് എങ്ങനെയാണ് ഉപകരിക്കുകയെന്ന് അദ്ദേഹം വിവരിക്കുകയുണ്ടായി. നൂറ്റാണ്ടുകളായി നഷ്ടപ്പെട്ടിരുന്ന യഥാർത്ഥ ആരാധനയുടെ ചൈതന്യവും പള്ളിയുടെ ശരിയായ ഉദ്ദേശലക്ഷ്യവും വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദും(അ) അദ്ദേഹത്തിന്റെ അനുയായിവൃന്ദവുമാണ് ഇന്ന് പുനരുജ്ജീവിപ്പിച്ചതെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു.

ഒരു മഹാദുരന്തത്തിന്റെ വക്കിലേക്ക് ലോകം നടന്നടക്കുമ്പോൾ പരസ്പരം മതപരമായ സഹിഷ്ണുതയിലൂടെയും മാനുഷികമായ സഹാനുഭൂതിയിലൂടെയും ശാശ്വതമായ സമാധാനം സംസ്ഥാപിക്കാൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ലോകത്തിനോട് ആഹ്വാനം ചെയ്യുകയാണ്. സർവ്വശക്തനായ ദൈവത്തിനോടുള്ള പ്രാർത്ഥനകളിൽ ഒന്നിച്ചുനിന്നുകൊണ്ട്, അയൽക്കാരോടുള്ള നമ്മുടെ കടമകൾ നിർവഹിക്കുമ്പോൾ, നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം സഫലീകൃതമാവും. അങ്ങനെ ചെയ്യുമ്പോൾ, ഇന്ന് ലോകത്തിന് ആവശ്യമായ സമാധാനപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ നാം നമ്മുടെ കഴിവിന്റെ പരമാവധി ശ്രമിക്കുകയാണ് ചെയ്യുന്നത്.

**അൽഹാജ് മുനീറുദ്ദീൻ ശംസ്**
അഡീഷണൽ വക്കീലുതസ്നീഫ്
ലണ്ടൻ
ജനുവരി 2019

# പ്രഭാഷണങ്ങൾ

# സമാധാനത്തിന്റെ ദീപസ്തംഭം



**മസ്ജിദ് ബൈത്തുൽ ആഫിയത്ത് ഉത്ഘാടനം**
**ഫിലാഡെൽഫിയ, പെൻസിൽവാനിയ, അമേരിക്ക**
**2018 ഒക്ടോബർ 19**









Hazrat Mirza Masroor Ahmad, Khalifatul-Masih V[aba] Leads Guests of the Baitul-Aafiyat Reception in Silent Prayers. Special Guests Seated Include Honourable James Kenney (Mayor of Philadelphia), Honourable Dwight Evans (U.S. Congressman), Honourable Sharif Street (Member, Pennsylvania State Senate) and Professor Istvan Varkonyi (Temple University)









Hazrat Mirza Masroor Ahmad, Khalifatul-Masih V[aba] Receives the Key to the City of Philadelphia from Honourable James Kenney, Mayor of Philadelphia

# ആമുഖം

അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ ആഗോള അധ്യക്ഷൻ ഖലീഫ ത്തുൽ മസീഹ് അഞ്ചാമൻ തിരുമനസ്സ് ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ് മദ്(അയ്യദഹുല്ലാഹു) 2018 ഒക്ടോബർ 19ന് വൈകുന്നേരം അമേരിക്കയിലെ ഫിലാഡെൽഫിയയിൽ പുതിയതായി നിർമ്മിച്ച മസ്ജിദ് ബൈത്തുൽ ആഫിയത്തിന്റെ (സുരക്ഷിതത്വത്തിന്റെ ഗേഹം) ഉത്ഘാടനവുമായി ബ ന്ധപ്പെട്ട് സംഘടിപ്പിച്ച പ്രത്യേക സ്വീകരണയോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയുണ്ടായി. ഫിലാഡെൽഫിയയിൽ ആരാധനാ ഉദ്ദേശത്തോടെ നി ർമ്മിക്കപ്പെട്ട ആദ്യത്തെ മസ്ജിദായ ഇതിന്റെ ഔപചാരിക ഉത്ഘാടനം അന്നേ ദിവസം ഖലീഫ തിരുമനസ്സിന്റെ ജുമുഅ പ്രഭാഷണത്തോടെ നിർ വഹിക്കപ്പെട്ടു. മസ്ജിദിൽ വെച്ച് സംഘടിപ്പിക്കപ്പെട്ട സായാഹ്ന സ്വീകരണ വിരുന്നിൽ 175ലേറെ വിശിഷ്ട വ്യക്തിത്വങ്ങളും അതിഥികളും പങ്കെടുക്കു കയുണ്ടായി. ഹുസൂർ തിരുമനസ്സിന്റെ നിശബ്ദപ്രാർത്ഥനയോടെ ചടങ്ങ് സമാപിച്ചു. തുടർന്ന് ഖലീഫ തിരുമനസ്സ് വിരുന്നിൽ പങ്കെടുത്ത അതിഥി കളെ നേരിട്ട് കാണുകയുണ്ടായി. ഫിലാഡെൽഫിയ മേയർ ജെയിംസ് കെന്നി, കോൺഗ്രസ്സ് അംഗം ഡ്വൈറ്റ് ഇവാൻസ് തുടങ്ങിയവർ ചടങ്ങിനു മുന്നോടിയായി ഹുസൂർ തിരുമനസ്സിനെ വ്യക്തിഗത സന്ദർശനം നടത്തി യിരുന്നു. പത്രപ്രതിനിധികളെ കാണുകയും പുതിയ പള്ളിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെകുറിച്ചും മറ്റ് പ്രശ്നങ്ങളെക്കുറിച്ചുമുള്ള അവരുടെ ചോദ്യങ്ങ ൾക്ക് ഹുസൂർ തിരുമനസ്സ് മറുപടി നൽകുകയുണ്ടായി.

# സമാധാനത്തിന്റെ ദീപസ്തംഭം

*തശഹ്ഹുദും തഅവ്വുദും ചൊല്ലിയതിനു ശേഷം*
*അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ പരമോന്നത നേതാവ്,*
*ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്* (അയ്യദഹു) *പറയുകയുണ്ടായി:*

ബഹുമാന്യ അതിഥികളെ,

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തഹു*– നിങ്ങളുടെ മേൽ അല്ലാഹുവിൽ നിന്നുള്ള ശാന്തിയും സമാധാനവും അനുഗ്രഹങ്ങളും വർഷിക്കപ്പെടുമാറാകട്ടെ..

ഞാനാദ്യമായി, നഗരത്തിലെ ഞങ്ങളുടെ ഈ പുതിയ പ്രാർത്ഥനാല യത്തിന്റെ ഉത്ഘാടനമെന്ന വിശിഷ്ടവും ആഹ്ലാദകരവുമായ ചടങ്ങിലേക്ക് ഞങ്ങളുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് എത്തിച്ചേർന്നിട്ടുള്ള എല്ലാ മാന്യ അതിഥികൾക്കും ഹൃദയാത്മനാ നന്ദി പറയുകയാണ്.

മനുഷ്യർക്ക് സാമുഹികമായ ഇടപെടലുകളില്ലാതെ, സഹജീവികളു മായി പരസ്പര ബന്ധമുണ്ടാക്കാതെ അതിജീവനം സാധ്യമല്ലയെന്നത് ഒരു ജീവിത യാഥാർത്ഥ്യമാണ്. വർണ്ണ–വർഗ്ഗ–മത–സാമുഹിക പശ്ചാത്തല വ്യത്യാസങ്ങളെ മാറ്റിനിറുത്തിയാൽ മനുഷ്യരെന്ന നിലയിൽ നാമെല്ലാം ഒ ന്നാണ്. അതിനാൽ, സ്വയമൊരു ദ്വീപായി ഒറ്റപ്പെട്ടു കഴിയാതെ, തങ്ങളുടെ പ്രത്യേക സമുദായാഗംങ്ങളുമായി മാത്രം ഇടകലർന്ന് ജീവിക്കാതെ, മറ്റെല്ലാ മനുഷ്യരോടും സാമുഹികമായ ഇടപെടലുകൾ നടത്തേണ്ടത് അത്യ ന്താപേക്ഷിതമാണ്.

എല്ലാ നിലയ്ക്കും വളരെയധികം പ്രാധാന്യമുള്ളതാണ് പരസ്പരമുള്ള ആശയവിനിമയം. അത് അതിരുകളെ ഭേദിക്കുന്നതിനും സഹജീവികളെക്കു റിച്ചുള്ള അറിവും ധാരണയും വിപുലപ്പെടുത്തുന്നതിനും സഹായിക്കുന്നു. ജനങ്ങൾ തമ്മിലും വ്യത്യസ്ത സമുദായങ്ങൾ തമ്മിലും ആദരവോടുകൂ ടിയ സംവാദങ്ങളും സംഭാഷണങ്ങളും നടക്കേണ്ടത് സമൂഹത്തിന്റെ വികാസ –പരിണാമത്തിനും കൂട്ടായ്മയുടെയും സമാധാനത്തിന്റെയും അന്തരീക്ഷം

വളർത്തിയെടുക്കുന്നതിനും അനിവാര്യമാണ്. അതുകൊണ്ട് തന്നെ, ഇന്നിവിടെ ഈ ചടങ്ങിൽ പങ്കെടുക്കാൻ ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ നിന്നും സമയം കണ്ടെത്തിയ നിങ്ങളെല്ലാവരോടും എനിക്ക് വലിയ ബഹുമാനമാണ്. ഒരു മുസ്ലിം പള്ളി പ്രാർത്ഥനയ്ക്കായി തുറന്നുകൊടുക്കപ്പെടുന്ന, തികച്ചും മതപരമായ ചടങ്ങിൽ,നിങ്ങളിലധികം പേരും ഇസ്ലാം മതവിശ്വാസികളല്ലാഞ്ഞിട്ടുപോലും, ഞങ്ങളുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് പങ്കെടുക്കുകയുണ്ടായി. നിങ്ങളുടെ ഈ ഉന്നതമായ സഹിഷ്ണുതയെയും സഹജീവികളോടുള്ള ആദരവിനെയും കുറിച്ച് എത്രമാത്രം പുകഴ്ത്തിയാലും മതിയാവുകയില്ല.

ഈ പരിപാടിയിലെ നിങ്ങളുടെ പങ്കാളിത്തം വ്യക്തിപരമായ നിലയിൽ നിങ്ങൾ അഹ്മദികളുമായുള്ള ബന്ധം ദൃഢപ്പെടുത്താൻ ആഗ്രഹിക്കുന്നുവെന്നതിനുള്ള തെളിവാണ്. അതിനോടൊപ്പം, ഞങ്ങളുടെ മതത്തെക്കുറിച്ച് കൂടുതലായി അറിയാനുള്ള നിങ്ങളുടെ ജിജ്ഞാസയെയും അത് സൂചിപ്പിക്കുന്നു. മാത്രമല്ല നിങ്ങൾ കേട്ടുകേൾവികളും കിംവദന്തികളും അന്ധമായി വിശ്വസിക്കാൻ തയ്യാറാകാത്തവരാണെന്നും കൂടി ഇത് തെളിയിക്കുന്നു.

അപൂർണ്ണവും കൃത്യതയില്ലാത്തതുമായ നിരവധി റിപ്പോർട്ടുകൾ പുറ ത്തുവരുന്ന ഇക്കാലത്ത് ഇസ്ലാമിന്റെ സത്യത തേടിയുള്ള നിങ്ങളുടെ അന്വേഷണം അഭിനന്ദനാർഹമാണ്. മുസ്ലിംകളെക്കുറിച്ച് മാധ്യമങ്ങൾ പറയുന്നതോ ഇസ്ലാമിക വിരുദ്ധ ശക്തികൾ ചിത്രീകരിക്കുന്നതോ അപ്പാടെ വിഴുങ്ങാതെ എന്താണ് ഇസ്ലാമെന്നും അതെന്തിനെ പ്രതിനിധാനം ചെയ്യുന്നുവെന്നും മനസ്സിലാക്കാൻ നിങ്ങൾ നേരിട്ട് ഇവിടെ വന്നിരിക്കുന്നു. ഞാനതിന് നിങ്ങളെ അഭിനന്ദിക്കുകയും ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

"എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്" എന്നതാണ് അഹ്മദിയ്യ മുസ്ലിം സമൂഹത്തിന്റെ മുദ്രാവാക്യമെന്ന് നിങ്ങൾക്ക് നല്ലപോലെ അറിവുള്ളതാണല്ലോ. ഇത് പുതിയതോ, ഞങ്ങൾ പെട്ടെന്ന് ചിട്ടപ്പെടുത്തിയതോ അല്ല. മറിച്ച് ഈ മുദ്രാവാക്യം ഇസ്ലാമിന്റെ വിശുദ്ധ ഗ്രന്ഥമായ പരിശുദ്ധ ഖുർആന്റെയും ഇസ്ലാമിന്റെ സ്ഥാപകർ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബിയുടെയും അധ്യാപനങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്.

പരസ്പര ബഹുമാനവും സഹിഷ്ണുതയും അടിസ്ഥാന മാനുഷിക മൂല്യങ്ങളാണെന്ന് തുടക്കം മുതലേ ഇസ്ലാം പഠിപ്പിച്ചുപോരുന്നതാണ്. ഉദാഹരണത്തിന് വിശ്വാസവൃത്തത്തിലുൾപ്പെടാത്ത ജനസമൂഹത്തിന്റെ

ആരാധനാവിഗ്രഹങ്ങളെ നിങ്ങൾ മോശമായി സംബോധന ചെയ്യരുതെന്നും അങ്ങനെ ചെയ്താൽ സർവ്വശക്തനായ അല്ലാഹുവിനെ അധിക്ഷേപിക്കാൻ അവർ പ്രേരിപ്പിക്കപ്പെടുമെന്ന് വിശുദ്ധ ഖുർആനിലെ 6–ാംഅധ്യായത്തിലെ 109–ാം വചനത്തിൽ പ്രസ്താവിക്കപ്പെടുന്നു. ഇപ്രകാരം സാമൂഹിക സംഘർഷങ്ങൾ ആളികത്തിക്കപ്പെടുന്നില്ലയെന്ന് ഉറപ്പുവരുത്തുന്നതിനും വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും ചാക്രികമായ ആവൃത്തിയിൽ നിന്നും സമൂഹത്തെ സംരക്ഷിക്കുന്നതിനും എല്ലാ സമയത്തും ക്ഷമയും സംയമന വും കൈക്കൊള്ളുവാൻ മുസ്‌ലിംകൾ ബോധനം ചെയ്യപ്പെട്ടിരിക്കുന്നു.

ഇതര മതങ്ങളെയും അവരുടെ ഗുരുക്കന്മാരെയും മുസ്‌ലിംകൾ ആദരിക്കു ന്നില്ലെന്ന ആരോപണം സത്യത്തിൽനിന്നും എത്രയോ കാതം അകലെയാ ണ്. യഥാർത്ഥത്തിൽ, എല്ലാ ദേശങ്ങളിലേക്കും സമൂഹങ്ങളിലേക്കും അവരെ മാർഗദർശനം ചെയ്യുന്നതിനും പരിഷ്കരിക്കുന്നതിനുമായി ദൈവത്തിന്റെ പ്ര വാചകന്മാർ അയക്കപ്പെട്ടിട്ടുണ്ടെന്നാണ് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളെ അടിസ്ഥാനപ്പെടുത്തി മുസ്‌ലിംകൾ വിശ്വസിക്കുന്നത്. എല്ലാ പ്രവാചക ന്മാരുടെയും സത്യതയിൽ ഞങ്ങൾക്ക് അചഞ്ചലവിശ്വാസമാണുള്ളത്. മനു ഷ്യനെ ദൈവത്തിലേക്ക് അടുപ്പിക്കുന്നതിനും ധാർമ്മികത പഠിപ്പിക്കുന്നതി നും മനസാക്ഷി സ്വാതന്ത്ര്യം, നീതി, സഹാനുഭൂതി തുടങ്ങിയ സാർവത്രിക മാനുഷികമൂല്യങ്ങളെ സമൂഹത്തിൽ നടപ്പിൽ വരുത്തുന്നതിനുമായിരുന്നു അവരെല്ലാം നിയോഗിക്കപ്പെട്ടതെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഈ അധ്യാപനമിരിക്കെ, ഇതര മതങ്ങളെയും അവയുടെ അനുയായികളെയും അവഹേളിക്കാനും അനാദരിക്കാനും ഞങ്ങൾക്കെങ്ങനെ സാധ്യമാകും?

അതുകൊണ്ട് തന്നെ, ആരെയും വെറുക്കുന്നില്ലയെന്ന, ഞങ്ങൾ, അഹ് മദി മുസ്‌ലിംകളുടെ വാദം ആത്മാർത്ഥവും നിഷ്കപടവുമാണ്. അതിലുപ രിയായി എല്ലാ മനുഷ്യരോടും കലർപ്പില്ലാത്ത സ്നേഹമാണു ഞങ്ങ ൾ ക്കുള്ളത്. മറ്റുള്ളവരുടെ നേരെ സൗഹൃദഹസ്തം നീട്ടാൻ ഞങ്ങൾ സദാ തയ്യാറുമാണ്. ഇതിനൊരു ചെറിയ ഉദാഹരണം പറയാം. കഴിഞ്ഞ വർഷം, ഇവിടെ, ഫിലാഡെൽഫിയയിലെ പ്രാദേശിക ജൂത സെമിത്തേരി ആക്രമിക്കപ്പെടുകയും സ്മാരകശിലകൾ അലങ്കോലപ്പെടുത്തുകയും ചെയ് തപ്പോൾ, ഈ നികൃഷ്ടമായ കുറ്റകൃത്യത്തിനെതിരെ അവിടെ താമസി ക്കുന്ന അഹ്മദികൾ ജൂതസമുഹത്തിനു തങ്ങളുടെ പിന്തുണയും ഐക്യ ദാർഢ്യവും വാഗ്ദാനം ചെയ്യുകയുണ്ടായി. ഇത്തരം ചെയ്തികൾക്ക് ഒരു തരത്തിലുള്ള കൃതജ്ഞതയും ബഹുമതിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഇതര വിശ്വാസ സമൂഹങ്ങൾ ദുരിതങ്ങളിലും വിപത്തുകളിലുപ്പെട്ടുഴലു മ്പോൾ അവരുടെ തോളോടുതോൾ ചേർന്നു നിൽക്കുക എന്ന് ഞങ്ങളുടെ

മതം പഠിപ്പിച്ചു തന്നത് പിന്തുടരുക മാത്രമെ ഞങ്ങൾ ചെയ്തുള്ളു. എല്ലാ വിധത്തിലുമുള്ള മുൻവിധികളിൽ നിന്നും വിവേചനങ്ങളിൽ നിന്നും സ്വതന്ത്രരായി തങ്ങളുടെ ജീവിതം ജീവിക്കാനുള്ള ജനങ്ങളുടെ അവകാശത്തിനു വേണ്ടി നിലകൊള്ളുന്നവരാണ് ഞങ്ങൾ.

ആരെങ്കിലും വസ്തുനിഷ്ഠമായി, സത്യസന്ധതയോടെ ഇസ്‌ലാമിക ചരിത്രം പരിശോധിക്കുകയാണെങ്കിൽ സാർവത്രിക വിശ്വാസ സ്വാതന്ത്ര്യമെന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന കാതൽ ആണെന്നു മനസ്സിലാക്കാൻ കഴിയും. വർഷങ്ങളോളം മക്കയിൽവെച്ച് അഭിമുഖീകരിച്ച പീഡാനുഭവങ്ങളെത്തുടർന്ന് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബിയും അനുചരരും പലായനം ചെയ്ത് എത്തിച്ചേർന്ന അറേബ്യൻ നഗരമായ മദീനയിൽ അന്നു സ്ഥാപിതമായ  ഭരണകൂടം, തീർച്ചയായും ബഹുസ്വരതയുടെയും, വിശാലവീക്ഷണത്തിന്റെയും മഹത്തായ ആവിഷ്ക്കാരം തന്നെയായിരുന്നു.  ഇസ്‌ലാമിന്റെ പ്രവാചകൻ മറ്റിതര മതങ്ങളുടെയും സമുദായങ്ങളുടെയും നേതാക്കന്മാരുമായി ഒരു ഉടമ്പടി ഉണ്ടാക്കുകയും, അത് വ്യത്യസ്തതകളും വൈവിധ്യങ്ങളും നിലനിന്നിരുന്ന ആ നഗരത്തിന്റെ ഭരണനിർവഹണത്തിനു അടിസ്ഥാനമാകുകയും ചെയ്തു. സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും സമാധാനത്തിലും ശാന്തിയിലും ജീവിച്ചുകൊണ്ട്, അടിച്ചമർത്തലുകളിൽ നിന്നു വിമോചിതരായിതങ്ങളുടെ മതവിശ്വാസം ആചരിക്കാനുള്ള സ്വാതന്ത്ര്യം അത് ഉറപ്പ് വരുത്തി. കൂടാതെ, അക്കാലത്തെ സമ്പ്രദായമനുസരിച്ച് ഓരോ സമുദായവും അവരവരുടെ മതനിയമങ്ങളോ ഗോത്രാചാരങ്ങളോ അനുസരിക്കാൻ ബാധ്യസ്ഥരായിരുന്നു. അങ്ങനെ മുസ്‌ലിങ്ങൾ ഇസ്‌ലാമിക ശരിഅത്ത് നിയമത്തെയും ജൂതന്മാർ തൗറാത്തിലെ നിയമങ്ങളെയും മറ്റ് സമുദായങ്ങൾ അവരവരുടെ ആചാര വിശ്വാസാനുഷ്ഠാനങ്ങളനുസരിച്ചുള്ള നിയമങ്ങളെയും പിന്തുടർന്നു.

അതേ സമയം തന്നെ, രാഷ്ട്രത്തിലെ സമാധാനവസ്ഥക്ക് കോട്ടം തട്ടാതെ അത് ഉയർത്തിപ്പിടിക്കുകയെന്നതും മറ്റുള്ളവരുമായുള്ള വ്യവഹാരങ്ങളിൽ മാന്യതയും ബഹുമാനവും പാലിക്കുകയെന്നതും മുഴുവൻ ജനങ്ങളുടെയും കൂടി ഉത്തരവാദിത്വമായിരുന്നു, അവരേതു മതവിശ്വാസം പിന്തുടരുന്നവരായാലും ശരി. പ്രവാചകൻ ഉണ്ടാക്കിയ ഈ ഉടമ്പടി സമൂഹത്തിൽ സമാധാന അന്തരീക്ഷത്തെ വർധിപ്പിക്കുകയും അങ്ങനെ ഒരു സഹിഷ്ണുതാമനോഭാവമുള്ള ഒരു സമൂഹത്തിന്റെ നിലനിൽപ്പ് ഉറപ്പിക്കുകയും ചെയ്തു. ഇപ്രകാരം 1400 വർഷങ്ങൾക്കു മുന്നേ തന്നെ മദീനയിൽ വ്യത്യസ്ത സാംസ്കാരിക ധാരകൾ ഉൾക്കൊള്ളുന്ന ഒരു സമൂഹത്തെ ശരിയായ നിലയിൽ മിശ്രണം ചെയ്തുകൊണ്ട് വിജയകരമായി

ഭരണം നിർവഹിച്ചു. ഞാൻ പറഞ്ഞുവരുന്നത് ഇന്നത്തെ ലോകത്ത് ഒരേക സമൂഹത്തിൽ കഴിയുന്ന വിവിധ സമുദായങ്ങൾക്ക് അവരവരുടേതായ അനവധി വ്യത്യസ്ത നിയമങ്ങൾ വേണമെന്നല്ല. മറിച്ച് ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുന്നത് സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ധാർമ്മികതയും നീതിയും നടപ്പിലാക്കിക്കൊണ്ട്, സാർവത്രിക മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് സമൂഹത്തിൽ ശാന്തിയും സമാധാനവും ഉറപ്പു വരുത്തുകയെന്നതായിരിക്കണം നമ്മുടെ പ്രഥമ പരിഗണനയെന്നാണ്. ഇതിനെ വിശദീകരിച്ചുകൊണ്ട് മതപരമായ കാര്യങ്ങളിൽ യാതൊരു വിധത്തിലുള്ള ബലപ്രയോഗവുമില്ലെന്ന് വിശുദ്ധ ഖുർആനും പരിശുദ്ധ പ്രവാചകനും സുവ്യക്തമാക്കിയിട്ടുണ്ട്. ഓരോ വ്യക്തിക്കും അവരവർക്കിഷ്ടമുള്ള വഴി തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ട്. വിശ്വാസമെന്നത് ഹൃദയവുമായി ബന്ധപ്പെട്ടതാകുന്നു. അത് എല്ലായ്പ്പോഴും അങ്ങനെത്തന്നെയായിരിക്കുകയും വേണം.

അതേസമയം, മതപരവും വിശ്വാസപരവുമായ വൈജാത്യങ്ങളെ കണക്കിലെടുക്കാതെ, സമൂഹത്തിന്റെ സുസ്ഥിതിക്ക് ഭീഷണിയാകുന്ന ഒരു വിധത്തിലുള്ള പ്രവർത്തനങ്ങളും തങ്ങളിൽനിന്നുണ്ടാവില്ലെന്നു ഉറപ്പു വരുത്തുകയും കലഹങ്ങളിൽ നിന്നും അകന്നുനിന്നുകൊണ്ട് സമാധാനം കൈക്കൊള്ളേണ്ട ഉത്തരവാദിത്വം ഓരോ പൗരനുമുണ്ടെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. രാജ്യത്തിന്റെ പുരോഗതിയ്ക്കും വികസനത്തിനും വേണ്ടി പ്രയത്നിക്കുന്ന, നിയമമനുസരിക്കുന്ന, കൂറുള്ള പൗരന്മാരായിരിക്കണം ഓരോ വ്യക്തിയുമെന്ന് ഇസ്‌ലാം അധ്യാപനം നൽകുന്നു. അതിനാൽ, ഈ പുതിയ പള്ളിയെകുറിച്ച് അല്ലെങ്കിൽ ഇത് മുസ്‌ലിംകൾ ഇതര സമുദായങ്ങൾക്കെതിരെ ഗൂഢപദ്ധതികൾ നടപ്പിൽ വരുത്തുവാനോ വിദ്വേഷം പരത്താനോ ഉപയോഗിക്കുമെന്നോ നിങ്ങൾ ആരെങ്കിലും മനസ്സിൽ കരുതുകയോ ഭയപ്പെടുകയോ ചെയ്യുന്നുവെങ്കിൽ അത്തരം ഉത്ക്കണ്ഠയുടെ ആവശ്യമില്ലെന്ന് ഞാൻ നിങ്ങളെ ആശ്വസിപ്പിക്കുന്നു. ഈ മന്ദിരം സ്നേഹത്തിന്റെയും മമതയുടെയും സാഹോദര്യത്തിന്റെയും പ്രഭയായിരിക്കും ചൊരിയുകയെന്ന് ഉറപ്പു നൽകുന്നു.

ഇതിനോടനുബന്ധിച്ച്, ഒരു മുസ്‌ലിം പള്ളിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് ഞാൻ ഹ്രസ്വമായി വിവരിക്കാം. ഏക ദൈവത്തെ, അവൻ പഠിപ്പിച്ചു തന്ന രീതിയിൽ ആരാധിക്കുവാനായി പരസ്പര സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ചേതനയോടെ മുസ്‌ലിംകൾക്കൊന്നിച്ചു കൂടാനായി സൗകര്യമൊരുക്കുകയെന്നതാണ് ഒരു പള്ളിയുടെ പ്രഥമ ലക്ഷ്യം. അതേസമയം തന്നെ, മനുഷ്യകുലത്തെ സേവിക്കുന്നതിനു

ള്ള സങ്കേതമാവുക എന്നതാണ് രണ്ടാമത്തെ കാതലായ ഉദ്ദേശം. സമൂഹത്തിലെ ഇതര അംഗങ്ങളുടെ അവകാശങ്ങൾ പൂർത്തികരിച്ചുകൊടുക്കുകയെന്നത് ഓരോ ഉപാസകന്റെയും പരമമായ ഉത്തരവാദിത്വമാണ്. തദ്ഫലമായി, ഒരു യഥാർത്ഥ മുസ്‌ലിം ആരാധാനാലയം കരുണയുടെയും ഉദാരമനസ്കതയുടെയും ഒരുമയുടെയും അടയാളവും ആവിഷ്കാരവുമായി മാറുന്നു. ലോകത്തെവിടെയുമുള്ള ഞങ്ങളുടെ പള്ളികളിൽ ആരാധന നടത്തുന്ന അഹ്മദിയ്യാ സമൂഹത്തിലെ അംഗങ്ങൾ തങ്ങളുടെ നാട്ടുകാരോട് ഉന്നത നിലയിലുള്ള സ്നേഹവും സഹാനുഭൂതിയും വിശ്വസ്തതയും പ്രകടിപ്പിക്കുന്നുവെന്നതിന് അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ ചരിത്രം സാക്ഷിയാണ്. ഞങ്ങളുടെ പള്ളികൾ അഹ്മദി മുസ്‌ലിംകളെ എന്തെങ്കിലും കാര്യത്തിൽ ഉത്തേജിപ്പിക്കുന്നുണ്ടെങ്കിൽ അത് മനുഷ്യകുലത്തിനു സേവനം ചെയ്യുന്നതിനും സഹജീവികളോട് ഹൃദയവിശാലത കാണിക്കുന്നതിനും വേണ്ടിയാണ്. അല്ലാതെ, തീവ്രവാദത്തിനോ ഭീകരവാദ പ്രവർത്തനങ്ങൾക്കോ വേണ്ടിയല്ല. സമൂഹത്തിൽ ശാന്തിയും സമാധാനവും പ്രസരിപ്പിക്കുന്നതിനും ജീവിതത്തിന്റെ എല്ലാ തുറയിലും പെട്ട ജനങ്ങൾക്കിടയിൽ സാഹോദര്യത്തിന്റെയും പരസ്പരമമതയുടെയും സ്നേഹബന്ധം പരിപോഷിപ്പിക്കുന്നതിനും എല്ലാ രൂപത്തിലുമുള്ള വിദ്വേഷവും മതഭ്രാന്തും, ഭിന്നിപ്പും സമൂഹത്തിൽ നിന്നും നിഷ്കാസനം ചെയ്യുന്നതിനുമുള്ള ഞങ്ങളുടെ നിശ്ചയദാർഢ്യത്തെയാണ് അത് ഉത്തേജിപ്പിക്കുന്നത്.

ഈ നഗരം അറിയപ്പെടുന്നത് 'സാഹോദര്യ സ്നേഹത്തിന്റെ നഗരം' എന്നാണ്. നിസ്സംശയം, ഞങ്ങളുടെഈ പുതിയ പള്ളി ഒരടയാളമാണ്. അത് നിശ്ചയമായും ഞങ്ങളുടെ പ്രതിബദ്ധതയാണ്. സ്നേഹവും സാഹോദര്യവും സൗമനസ്യവും ഇവിടെയും ഇതിന്റെ ചുറ്റുപാടിനപ്പുറവും പ്രസരിപ്പിക്കാനുള്ള ഞങ്ങളുടെ ശ്രമങ്ങളെ തീവ്രമാക്കുന്നതിനുള്ള പ്രതിജ്ഞ കൂടിയുമാണിത്. ഇത്തരം അവകാശവാദങ്ങൾ പുറപ്പെടുവിക്കുക വളരെ എളുപ്പമാണ്. എന്നാൽ ഞങ്ങളുടെ വാക്കുകളുടെ അകം പൊള്ളയല്ലയെന്നും അത് ശരിക്കും കഴമ്പുള്ളതാണെന്നും ചരിത്രം ദൃഷ്ടാന്തപ്പെടുത്തുന്നു. പറയുന്നത് തന്നെ പ്രാവർത്തികമാക്കാൻ എല്ലായ്പ്പോഴും ഞങ്ങൾ പരിശ്രമിക്കാറുണ്ട്. അതുകൊണ്ട് തന്നെ "ബൈത്തുൽ ആഫിയത്ത്" എന്ന് നാമകരണം ചെയ്തിട്ടുള്ള അക്ഷരാർത്ഥത്തിൽ "സുരക്ഷിതത്വത്തിന്റെ ഗേഹം" എന്നർത്ഥമുള്ള ഈ പള്ളി മുഴുവൻ സമൂഹത്തിനുമുള്ള യഥാർത്ഥ സമാധാനത്തിന്റെ സ്രോതസ്സാകുന്നുവെന്ന് തദ്ദേശീയ ജനത അടുത്തുതന്നെ തിരിച്ചറിഞ്ഞ് അംഗീകരിക്കുമെന്ന് എനിക്കു പൂർണ്ണവിശ്വാസമുണ്ട്.

കൂടാതെ, സമാധാന സ്ഥാപനത്തിനുള്ള ഞങ്ങളുടെ പ്രതിബദ്ധതയും മനുഷ്യകുലത്തെ സേവിക്കുന്നതിന് ഞങ്ങളെടുത്തിട്ടുള്ള പ്രതിജ്ഞയും ഞങ്ങളുടെ വിശ്വാസവും മതപരമായ അധ്യാപനങ്ങളും കാരണത്താലാണെന്ന് സുവ്യക്തമാക്കാൻ ഈയവസരത്തിൽ ഞാനാഗ്രഹിക്കുകയാണ്. വാഗ്ദത്ത മസീഹായും ഇമാം മഹ്ദിയുമായി ഞങ്ങൾ വിശ്വസിക്കുന്ന അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ സ്ഥാപകർ താൻ മുഹമ്മദ്[സ] യുടെ മസീഹാണെന്നും മോശയെ അനുധാവനം ചെയ്ത മിശിഹയുടെ സമാധാനപൂർണ്ണമായ കാലടികളെയാണ് താൻ പിന്തുടരുന്നതെന്നും പരസ്യമായി വിളംബരപ്പെടുത്തുകയുണ്ടായി. സർവ്വശക്തനായ ദൈവം തന്നെ ഭൂമിയിലേക്ക് രണ്ട് വിശിഷ്ടമായ ലക്ഷ്യങ്ങളുമായാണ് അയച്ചിരിക്കുന്നതെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി.

ഒന്നാമതായി, അദ്ദേഹത്തെ അയച്ചിരിക്കുന്നത് മനുഷ്യവർഗ്ഗത്തെ അതിന്റെ സ്യഷ്ടാവിലേക്ക് തിരികെ കൊണ്ടുവരുന്നതിനും ദൈവത്തിനോടുള്ള കടമകൾ പൂർത്തികരിക്കുന്നതിലേക്ക് അവരുടെ ശ്രദ്ധയെ ക്ഷണിക്കുകയും ചെയ്യുന്നതിനായിട്ടാണ്. രണ്ടാമതായി, മാനവിക മൂല്യങ്ങളെ ആദരിക്കുന്നതിനും പരസ്പരമുള്ള അവകാശങ്ങളെ പൂർത്തീകരിക്കുന്നതിനും മനുഷ്യരെ ഉദ്ബോധിപ്പിക്കുന്നതിനുമായിട്ടാണ്. അതിനാൽ, ദൈവത്തിലേക്കു അടുക്കാനുള്ള അവസരങ്ങൾ തേടുകയെന്നതും മനുഷ്യകുലത്തിനു സേവനം ചെയ്യുകയെന്നതും വാഗ്ദത്ത മഹ്ദി മസീഹിൽ വിശ്വസിച്ചിട്ടുള്ള ഓരോ അഹ്മദിയുടെയും നിർബന്ധിത കടമയാണ്. ഇതു തന്നെയാണ് വിശുദ്ധ ഖുർആനും ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചകനും ഞങ്ങളെ ആവർത്തിച്ച് ഉദ്ബോധിപ്പിച്ചുക്കൊണ്ടിരിക്കുന്നത്. വിശുദ്ധ ഖുർആനിലെ നാലാം അദ്ധ്യായത്തിൽ മുപ്പത്തിയേഴാം വചനത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

*'' നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; മറ്റൊന്നിനെയും അവന്റെ കൂടെ പങ്കു ചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക; അടുത്ത ബന്ധുക്കൾ,അനാഥർ,അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും(നന്മ ചെയ്യുക). അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.''* (4:37)

വിശുദ്ധ ഖുർആനിലെ ഈ ഒരൊറ്റ വചനം മനുഷ്യാവകാശങ്ങളുടെയും

ധാർമ്മികതയുടെയും മഹത്തായ പ്രമാണ പത്രമാണ്. ഇത് സഹോദര നിർവ്വിശേഷകമായ സ്നേഹത്തിന്റെ മാർഗ്ഗവും സമാധാനത്തിലേക്കുള്ള സുവർണ്ണോജ്ജ്വലമായ പാതയുമാണ്. ഈ വചനത്തിൽ ദൈവത്തെ ആരാധിക്കുന്നതിനെക്കുറിച്ച് പറഞ്ഞതിനു പുറമെ തങ്ങളുടെ മാതപിതാക്കളോടും ബന്ധുക്കളോടും സ്നേഹത്തോടും വാത്സല്ല്യത്തോടും കൂടി പെരുമാറാൻ അല്ലാഹു മുസ്‌ലിംകളോട് കൽപ്പിക്കുന്നു. സമൂഹത്തിലെ ദുർബലരായ ആളുകളെ അതായത് അനാഥരും ഏതെങ്കിലും വിധത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവരുമായവർക്ക് ആശ്രയവും സാന്ത്വനവുമേകാൻ അത് ആദേശിക്കുന്നു. അതിനുശേഷം, ഒരാളുടെ അയൽക്കാരന്റെ അവകാശങ്ങൾ പൂർത്തികരിച്ചുകൊടുക്കുന്നതിനെക്കുറിച്ച് പ്രത്യേകം പരമർശം നടത്തുന്നു. തങ്ങളുടെ അയൽക്കാരെ സ്നേഹിക്കാനും അവരെ സംരക്ഷിക്കാനും അടിയന്തിര സാഹചര്യങ്ങളിൽ അവരെ സഹായിക്കുന്നതിനായി സദാ തയ്യാറായിരിക്കാനും മുസ്‌ലിംകൾക്ക് ശിക്ഷണം നൽകപ്പെട്ടിരിക്കുന്നു.

ഇതിനുപുറമേ, ഇസ്‌ലാമിൽ 'അയൽക്കാരൻ' എന്നതിന്റെ നിർവചനം വളരെ വിശാലമാണ്. ഞാനത് വിശദീകരിക്കാം. നിങ്ങളുടെ സമീപത്ത് താമസിക്കുന്നവർ മാത്രമല്ല അകലെയുള്ളവരും ഇതിൽ ഉൾപ്പെടും.യാത്രാ പങ്കാളികൾ, സഹപ്രവർത്തകർ, കീഴ്ജീവനക്കാർ തുടങ്ങിയവർ കൂടാതെ മറ്റു പലരും ഇതിൽ ഉൾപ്പെടും. ഒരു മുസ്‌ലിം ജീവിക്കുന്ന നഗരത്തിലെ എല്ലാ മനുഷ്യരും അയൽക്കാരുടെ പരിധിയിൽ വരുമെന്ന് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

അയൽക്കാരുടെ അവകാശങ്ങൾ പൂർത്തികരിച്ചുകൊടുക്കണമെന്ന് ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചകൻ ആവർത്തിച്ചു മുസ്‌ലിംകളെ ഉദ്ബോധിപ്പിച്ചിരുന്നു. അയൽക്കാരനോടുള്ള കടമകൾ നിർവഹിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അല്ലാഹു അടിക്കടി ബോധനംനൽകുന്നത് കണ്ടപ്പോൾ ഒരാളുടെ അംഗീകൃത അനന്തരാവകാശികളിൽ അയൽക്കാരനെയും കൂടി ഉൾപ്പെടുത്തുമോയെന്ന് ചിന്തിച്ച്പോയെന്ന് അദ്ദേഹം പറയുകയുണ്ടായി. അതിനാൽ, ഇവിടെ ഫിലാഡെൽഫിയയിൽ ഞങ്ങൾ ഒരു പള്ളി നിർമ്മിച്ചിട്ടുണ്ടെങ്കിൽ, ഒരു കൂട്ടം അഹ്മദി മുസ്‌ലിംകൾ ഇവിടെ താമസിക്കുന്നുണ്ടെങ്കിൽ, അത് ഇവിടെയുള്ള ജനങ്ങളെ സേവിക്കുന്നതിനും ഈ നഗരത്തിന്റെ ക്ഷേമൈശ്യര്യവും സമാധാനവും അഭിവ്യദ്ധിപ്പെടുത്തുണമെന്ന ഉദ്ദേശത്താലുമാണെന്ന് ഞാൻ പറയാനാഗ്രഹിക്കുകയാണ്.

ഇപ്പോൾ ഇവിടെ ഈ പള്ളി തുറന്നു കഴിഞ്ഞിരിക്കുന്നു. ഇവിടത്തെ പ്രാദേശിക അഹ്മദി മുസ്‌ലിംകൾ ഈ നഗരത്തിലെ എല്ലാ ജനങ്ങളെയും തങ്ങളുടെ അയൽക്കാരായി കരുതുകയും അവർക്ക് ധാരാളം

അവകാശങ്ങളുണ്ടെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവ പൂർത്തികരിക്കാൻ തങ്ങളുടെ കഴിവനുസരിച്ച് കഠിനാധ്വാനം ചെയ്യുകയും ചെയ്യുന്നതാണ്. നിങ്ങളാരെങ്കിലും സഹായം ചോദിച്ചാൽ, കഴിയാവുന്ന രീതിയിലുള്ള സഹായവും തുണയുമായി ഞങ്ങളുണ്ടാകുമെന്നത് തീർച്ചയാണ്.

നൈരാശ്യത്തിന്റെയും വിപത്തുകളുടെയും കാലത്ത്, അയൽക്കാരുടെ കണ്ണീരൊപ്പിക്കൊണ്ട് അവർക്ക് ആശ്രയവും സാന്ത്വനവുമായി ഞങ്ങളെപ്പോഴുമുണ്ടാകും.

ഫിലാഡെൽഫിയ നഗരത്തിന്റെ ഭൗതികമായ ആകർഷണങ്ങളിലേക്ക് പുതുതായി ചേർക്കപ്പെട്ട ഈ പ്രാർത്ഥനാലയം ചരിത്ര പ്രാധാന്യമുള്ളതാണ്. അതിനെ കൂടുതൽ സാർത്ഥകമാക്കിക്കൊണ്ട്, ഈ പള്ളിനഗരത്തിലും അതിനുപുറത്തും ശാന്തിയും കാരുണ്യവും പ്രസരിപ്പിചുകൊണ്ട് സമൂഹത്തെ ആത്മീയ അഭിവൃദ്ധിയുള്ളതും മനോഹരവുമാക്കുന്നത് നിങ്ങൾ കാണുമെന്ന് എനിക്കുറപ്പാണ്. വർണ്ണ–വർഗ്ഗ വ്യത്യാസങ്ങളില്ലാതെ, സമാധാനകാംക്ഷികളായ മുഴുവൻ മനുഷ്യർക്കും ഇത് വെളിച്ചത്തിന്റെ വിളക്കുമാടവും പ്രതീക്ഷയുമായി പരിണമിക്കുന്നതാണ്.

ഈ നഗരത്തിലെ എല്ലാ ജനങ്ങളും, അവർ ആരായാലും, അവരുടെ വിശ്വാസം ഏതുമായാലും ഒന്നായി നിന്നുകൊണ്ട് യഥാർത്ഥവും എന്നെന്നും നിലനിൽക്കുന്നതുമായ സമാധാനന്തരീക്ഷം വളർത്തുന്നതിനും പൊതുനന്മയ്ക്കുമായി യോജിച്ച് പ്രവർത്തിക്കുമെന്ന് ഞാൻ പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുകയാണ്.

ഈ രാജ്യത്തിൽ മതസ്വാതന്ത്ര്യവും ആരാധാന സ്വാതന്ത്ര്യവും അനുവദിച്ച ആദ്യത്തെ കൊളോണിയൽ നഗരം ഫിലാഡെൽഫിയ ആണെന്ന് പറയപ്പെടുന്നു. മാത്രമല്ല അമേരിക്കൻ ഐക്യനാടുകളുടെ സ്വാതന്ത്ര്യ പ്രഖ്യാപനം നടന്ന ചരിത്ര പ്രാധാന്യമുള്ള നഗരമാണിത്.അതിനാൽ ഈ നഗരത്തിന് സമ്പുഷ്ടവും അഭിമാനം കൊള്ളുന്നഒരു ഭൂതകാലമുണ്ട്. തങ്ങളുടെ വിശ്രുതമായ പൂർവ്വകാലത്തെ കെട്ടിപ്പടുത്തുകൊണ്ട്, ഈ മഹത്തായ പാരമ്പര്യത്തെ ഭാവിയുടെ മുഖമുദ്രയാക്കാൻ ഇവിടത്തെ ജനങ്ങൾക്ക് കഴിയട്ടെയെന്ന് ഞാനാശിക്കുകയാണ്.

ഈ നഗരം വിശ്വാസ സ്വാതന്ത്ര്യത്തിന്റെ ദീപസ്തംഭമായി എന്നെന്നും പരിലസിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയാണ്. ഈ നഗരത്തിലും, അമേരിക്കൻ ഐക്യനാടുകളിലും, ലോകത്തു തന്നെയുമായി സമാധാനം അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഈ നഗരത്തിലെ ഓരോ വ്യക്തിയും തങ്ങളുടേതായ പങ്ക് വഹിക്കട്ടെയെന്ന് ഞാൻ പ്രത്യാശിക്കുകയാണ്. ഇവിടത്തെ അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ അംഗസംഖ്യ പരിമിതമാ

ണെങ്കിലും ഇത്തരം ഉന്നതമായ ശ്രമങ്ങൾക്ക് എല്ലായ്പ്പോഴും സഹായമായി ഞങ്ങളുണ്ടാവുമെന്ന് ഞാനുറപ്പു നൽകുകയാണ്.

എല്ലാ നഗരങ്ങളിലും ദേശങ്ങളിലും യഥാർത്ഥമായ സമാധാനത്തിന്റെ നിലനിൽപ്പ് സർവ്വ ശക്തനായ അല്ലാഹു സാധ്യമാക്കിത്തീർക്കട്ടെ,

അവസാനമായി ഇന്നിവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവർക്കും അകമഴിഞ്ഞ നന്ദി ഞാൻ രേഖപ്പെടുത്തുകയാണ്.

ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ,

നന്ദി.

# മുസ്‌ലിം ആരാധനാലയങ്ങൾ: സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഉറവിടം



**മസ്ജിദ് ബൈത്തുസ്സമദ് ഉത്ഘാടനം**

**ബാൾട്ടിമോർ, മേരിലാൻഡ്, അമേരിക്ക**

**2018 ഒക്ടോബർ 20**






Hazrat Mirza Masroor Ahmad, Khalifatul-Masih V[aba] Receives a Special Recognition from the Governor of Maryland, Larry Hogan, Presented by Honourable John Wobensmith (Secretary of State, Maryland)










Hazrat Mirza Masroor Ahmad, Khalifatul-Masih V[aba]
Meets with Honourable Ben Cardin, U.S. Senator

# ആമുഖം

അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ പരമോന്നത നേതാവ്, അഞ്ചാം ഖലീഫ, ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് (അയ്യദഹു) 2018 ഒക്ടോബർ 20–ാം തിയതി അമേരിക്കയിലെ ബാൾട്ടിമോറിൽ മസ്ജിദ് ബൈത്തുസ്സമദ് ഉത്ഘാടനം ചെയ്യുകയുണ്ടായി. ഉത്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്ന പ്രത്യേക സത്കാര ചടങ്ങിൽ മുഖ്യപ്രഭാഷണം നിർവ്വഹിക്കുന്നതിന് മുൻപായാണ് ഇത് ചെയ്തത്. ബാൾട്ടിമോറിൽ എത്തിച്ചേർന്ന ഉടൻ ഹുസൂർ തിരുമനസ്സ് ശിലാഫലകം അനാഛാദനം ചെയ്ത് കൊണ്ട് ഔദ്യോഗികമായി പള്ളി ഉത്ഘാടനം ചെയ്തു. തുടർന്ന് അല്ലാഹുവിനോടുള്ള നന്ദി സൂചകമായി നിശബ്ദ പ്രാർത്ഥന നിർവഹിച്ചു. ശേഷം ളുഹർ, അസർ നമസ്കാരങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് ഹുസൂർ തിരുമനസ്സ് പുതിയ പള്ളിയുടെ പരിസരം നടന്നു കണ്ടു. വൈകുന്നേരം, ബാൾട്ടിമോറിലെ ഹിൽട്ടൺഹോട്ടലിൽ വെച്ച് നടന്ന പ്രത്യേക വിരുന്നിൽ 320 വിശിഷ്ട വ്യക്തികളും അതിഥികളും ഉൾപ്പെടെ 500 ആളുകൾ പങ്കെടുത്തു. ആദരണീയനായ ബെൻ കാർഡിൻ, ആരാധ്യയായ ബാൾട്ടിമോർ മേയർ കാതറിൻ പഫ് ഉൾപ്പെടെയുള്ള നിരവധി വിശിഷ്ട വ്യക്തികൾ ഹുസൂർ തിരുമനസ്സുമായി പ്രത്യേക കൂടിക്കാഴ്ച നടത്തുകയുണ്ടായി. പത്രക്കാരുടെ ചോദ്യങ്ങൾക്ക് ഹുസൂർ തിരുമനസ്സ് ഉത്തരം നൽകുകയുണ്ടായി. അമേരിക്കൻ സെനറ്റർ ബെൻ കാർഡിൻ, ആദരണീയനായ ജോൺ വോബൻസ്മിത്ത് (സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഓഫ് മേരിലാൻഡ്) തുടങ്ങിയ ഉന്നത വ്യക്തിത്വങ്ങൾ സദസ്സിനെ സംബോധന ചെയ്തു.

# മുസ്‌ലിം ആരാധനാലയങ്ങൾ: സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഉറവിടം

*അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ പരമോന്നത നേതാവ്, അഞ്ചാം ഖലീഫ, ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) പറയുകയുണ്ടായി*

*ബിസ്മില്ലാഹി റഹ്മാനി റഹീം* – പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.

ബഹുമാന്യ അതിഥികളെ,

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തഹു* – നിങ്ങളുടെ മേൽ അല്ലാഹുവിൽ നിന്നുള്ള ശാന്തിയും സമാധാനവും അനുഗ്രഹങ്ങളും വർഷിക്കപ്പെടുമാറാകട്ടെ..

ഞാനാദ്യമായി ഈ അവസരത്തിൽ, ഇവിടെ ഞങ്ങളോടൊപ്പം ഒത്തു ചേരുന്ന എല്ലാ മാന്യ അതിഥികൾക്കും ഹൃദയം നിറഞ്ഞ നന്ദിയർപ്പിക്കുകയാണ്. ലോകത്തെല്ലായിടത്തും മതത്തിനോടുള്ള താത്പര്യം പൊതുവേ കുറഞ്ഞു വരുന്ന സന്ദർഭത്തിൽ ഒരു മതസമൂഹം നടത്തുന്ന പരിപാടിയിൽ നിങ്ങൾ പങ്കെടുക്കുന്നുവെന്നത് ശ്രദ്ധേയവും വളരെയധികം അഭിനന്ദനീയവുമായ കാര്യമാണ്.

നിങ്ങളിൽ ഭൂരിപക്ഷം പേരും അമുസ്‌ലിംകളും, ഇസ്‌ലാമിനോടും മുസ്‌ലിം ആരാധനാലയങ്ങളോടും യാതൊരുവിധത്തിലുമുള്ള വൈകാരികവും മതപരവുമായ അടുപ്പം ഇല്ലാത്തവരുമാണ്. എന്നിട്ടും, ഒരു മുസ്‌ലിം പള്ളി ഉത്ഘാടനം ചെയ്യപ്പെടുന്ന, തികച്ചും ഇസ്‌ലാമികമായ ചടങ്ങിൽ നി

ങ്ങൾ പങ്കുകൊള്ളുന്നു എന്നത് വളരെ വലിയ പ്രാധാന്യമുള്ളതാകുന്നു. ദൗർഭാഗ്യവശാൽ, ഇസ്‌ലാമിനെയും മുസ്‌ലിംകളെയും എതിർക്കുകയും ഭയക്കുകയും ചെയ്യുന്നൊരു കാലത്തിലാണ് നാം ജീവിക്കുന്നത്.അതു കൊണ്ട് തന്നെ, ഇതിന്റെയൊക്കെ വെളിച്ചത്തിൽ, ഈ പരിപാടിയിലെ നി ങ്ങളുടെ സാന്നിധ്യം പ്രശംസാർഹമാണെന്ന് സംശയലേശമന്യേ പറ യാൻ കഴിയും. അതിനാൽ ഹൃദയത്തിന്റെ അഗാധതയിൽ നിന്നും നിങ്ങ ളെല്ലാവരോടുമുള്ള നന്ദി പരസ്യമായി പ്രസ്താവിക്കേണ്ടത് എന്റെ കട മയായി മനസ്സിലാക്കുകയാണ്.

ഞാൻ നിങ്ങളോട് നന്ദി പ്രകടിപ്പിച്ചത് അതെന്നിൽ ഇസ്‌ലാം ചുമത്തി യിട്ടുള്ള മതപരമായ ഒരു കടമയായതു കൊണ്ടാണ്. അല്ലാതെ വെറുമൊരു മര്യാദയുടെ പേരിലായിരുന്നില്ല അതെന്ന് ഇതിനോടൊപ്പം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. സഹജീവികളെ വിലമതിക്കാത്ത ഒരാൾക്ക് തന്റെ സ്രഷ്ടാവിനോട് നന്ദിയുള്ളവനാകാൻ കഴിയില്ലയെന്നത് ഇസ്‌ലാ മിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ)യുടെ അധ്യാപനമാണ്. അതു കൊണ്ട്തന്നെ നിങ്ങളോട് ആത്മാർത്ഥമായ കൃതജ്ഞത പ്രകടിപ്പിക്കേണ്ടത് എന്റെ മതപരമായ കടമയായി മനസ്സിലാക്കുന്നു.

ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനും എന്ത് കാരണങ്ങൾ കൊണ്ടാണ് ഇവിടെ ഇങ്ങനെയൊരു പള്ളി നിർമ്മിക്കപ്പെട്ടത് എന്നറിയാനും കഴിയും എന്ന പ്രതീക്ഷയിലാണ് നിങ്ങൾ ഈ ചടങ്ങിൽ പങ്കെടുക്കുന്നതെന്ന് ഞാൻ വിചാരിക്കുന്നു. മാധ്യമങ്ങളിൽ കാണപ്പെടുന്നതിനനുസരിച്ച് ധാരണ രൂപപ്പെടുത്തുന്നത് കൊണ്ട്, മിക്കയാളുകളുടെയും ഇസ്‌ലാമിനെക്കുറിച്ചുള്ള അറിവ് തെറ്റിദ്ധാരണാജനകമായിരിക്കും. ഈയൊരു യാഥാർത്ഥ്യത്തെ മുൻ നിർത്തി ഇത്തരത്തിലുള്ള ജിജ്ഞാസയും താൽപര്യവും സ്വാഭാവികമാണ്. അതിനാൽ നിലവിലുള്ള സാമൂഹികാന്തരീക്ഷം മൂലം ഈ പള്ളിയെക്കുറിച്ച് നിങ്ങളുടെയുള്ളിൽ വല്ല ഉത്കണ്ഠയോ ആധിയോ ഉടലെടുത്തിട്ടുണ്ടെങ്കിൽ അത് മനസ്സില്ലാക്കാവുന്നതേയുള്ളു.

മുസ്‌ലിംകളെ ഭയപ്പെടേണ്ടതുണ്ടെന്ന ചിന്താഗതിക്ക് ലോകത്തിന്റെ മിക്ക യിടങ്ങളിലും പ്രചാരം വർധിച്ചു വരുന്നുണ്ടെന്നതിൽ യാതൊരു സംശയവു മില്ല. സമൂഹത്തെ വിഭജിക്കാൻ ശ്രമിക്കുന്ന, സാമൂഹികസമാധാനത്തെയും പരസ്പരാശ്രയത്വത്തെയും ഇല്ലാതാക്കാൻ വെമ്പൽകൊള്ളുന്ന ഉപദ്രവകാരി കളായ വിഭാഗമായിട്ടാണ് മുസ്‌ലിംകൾ മൊത്തത്തിൽ മുദ്രകുത്തപ്പെടുന്നത്. സമാധാനത്തോടെ ഒന്നിച്ചൊരു കൂട്ടമായി ജീവിക്കാനോ മറ്റു വിഭാഗങ്ങ ളുമായി ശാന്തതയോടെ സഹവർത്തിക്കാനോ കഴിയാത്ത ജനതയായിട്ടാണ് മുസ്‌ലിംകൾ ചിത്രീകരിക്കപ്പെടുന്നത്. കൂടാതെ, ഈ പള്ളിയുടെ നിർ

മ്മാണം മിക്ക അമുസ്‌ലിങ്ങളുടെയും മനസ്സിൽ വലിയൊരു ഉത്കണ്ഠയും ഭീതിയുമുണർത്തിയിട്ടുണ്ടാകും. ഈ പള്ളി മുസ്‌ലിംകൾക്ക് സമൂഹത്തിലെ മറ്റ് വിഭാഗങ്ങളിൽ നിന്നകന്ന് ഒറ്റപ്പെട്ടു കഴിയാനുള്ള കേന്ദ്രമായി മാറുമെന്നും അങ്ങനെ ഈ തദ്ദേശീയ പട്ടണത്തിന്റെയോ നഗരത്തിന്റെയോ അല്ലെങ്കിൽ രാജ്യത്തിന്റെ തന്നെയോ സുസ്ഥിതിയെ അത് തുരങ്കം വെക്കുമെന്ന് പലരും ഭയപ്പെടുന്നുണ്ടാകും. അമുസ്‌ലിംലോകത്തെ മിക്കയാളുകളിലും ഇത്തരം ഭീതി നിലനിൽക്കുന്നുണ്ടെന്നതിൽ ഞാൻ വ്യക്തിപരമായി അനുഭവസ്ഥനാണ്. ഇസ്‌ലാമിനെയും അതിന്റെ അനുയായികളെയും കുറിച്ചുള്ള ഇത്തരം ഉത്കണ്ഠകളും സംശയങ്ങളും നിർഭാഗ്യവശാൽ വർധിച്ചു വരുകയാണ്.

എങ്ങനെയായാലും, ഇസ്‌ലാം എല്ലാരീതിയിലുമുള്ള തീവ്രവാദ-ഭീകര പ്രവർത്തനങ്ങളെയും ഹിംസയെയും പൂർണ്ണമായും എതിർക്കുന്നു എന്നതാണ് സത്യം. അതു അങ്ങനത്തന്നെയായിരിക്കുകയും ചെയ്യും. വിശ്വാസത്തിന്റെയും മനസാക്ഷിയുടെയും സ്വാതന്ത്ര്യത്തെ ഉല്ലംഘിക്കുന്ന ഏതൊരു ശ്രമത്തെയും അത് ഏറ്റവും ശക്തമായ വാക്കുകളിൽ അപലപിക്കുന്നു. മതപരമായ കാര്യങ്ങളിൽ ഒരു തരത്തിലുമുള്ള ബലാൽക്കാരവും ഇസ്‌ലാം ഒരു സാഹചര്യത്തിലും അനുവദിക്കുന്നില്ല. മറിച്ച്, വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നത് പോലെ മതം ഹൃദയവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് ഇസ്‌ലാം ബോധനം ചെയ്യുന്നത്. ഇപ്രകാരം, അമുസ്‌ലിംകൾക്കിടയിലുള്ള ഇസ്‌ലാമിനെക്കുറിച്ചുള്ള വ്യാപകവും പൊതുവായതുമായ ധാരണകൾ വെറും തെറ്റിദ്ധാരണകൾ മാത്രമാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഇനി ഏതെങ്കിലും ഒരു പള്ളിയെ സംബന്ധിച്ചാണെങ്കിൽ ഇസ്‌ലാമികാധ്യാപനം അനുസരിച്ച് അതിന്റെ യഥാർത്ഥ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചറിയുക എന്നതാണ് പരമ പ്രധാനം.

മുസ്‌ലിംകൾ (യഥാർത്ഥ മുസ്‌ലിംകൾ എന്ന് ഞാൻ പറയും) പള്ളി നിർമ്മിക്കുന്നത്കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്. ഒരു പള്ളിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്താണെന്നും മുസ്‌ലിംകൾക്കത് വിശുദ്ധ സ്ഥലമാകുന്നതിന്റെ കാരണമെന്താണെന്നും ഒരു വ്യക്തി നീതിപൂർവ്വം വിലയിരുത്തുകയാണെങ്കിൽ പള്ളികളെ ഭയപ്പെടേണ്ടതില്ലയെന്ന് വളരെ എളുപ്പത്തിൽത്തന്നെ മനസ്സിലാകും. ഇവിടത്തെ പ്രാദേശിക നിവാസികൾക്കിടയിൽ എന്തെങ്കിലും ഭയാശങ്കകൾ നിലനിൽക്കുന്നുണ്ടെങ്കിൽ അവ മാറ്റുന്നതിനായി പള്ളിനിർമ്മാണത്തിന്റെ കാതലായ ലക്ഷ്യങ്ങളെക്കുറിച്ച് ഞാൻ ചെറുതായി വിവരിക്കുന്നതാണ്. തൽഫലമായി ഈ പുതിയ പള്ളി എന്തിനാണെന്നും എല്ലാ നേരായ പള്ളികളും എന്തിനെയാണ് പ്രതിനിധീകരിക്കുന്നതെന്നും നിങ്ങൾക്ക് നല്ല നിലയിൽ ഗ്രഹിക്കാൻ കഴിയും.

ഒരു മുസ്ലിം ആരാധനാലയത്തിന്റെ പ്രാഥമിക ഉദ്ദേശമെന്നു പറയുന്നത് തീർച്ചയായിട്ടും ഏകദൈവാരാധനയാണ്. അങ്ങനെ ദൈവത്തെ കുമ്പിടാനും അവനു മുന്നിൽ സാഷ്ടാംഗം പ്രണമിക്കാനും വേണ്ടി മുസ്ലിംകൾ ഒരുമിച്ച് ചേരുന്ന സ്ഥലമാണ് പള്ളികൾ. ഇത്തരം പ്രാർഥനകൾ ദിവസത്തിൽ അഞ്ച് നേരം നടക്കുന്നു. ഇതറിയപ്പെടുന്നത് സലാത്ത് എന്ന പേരിലാണ്. ഇതൊരു മുസ്ലിമിന്റെ വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാനസ്തംഭമാണ്. ഒരു വിശ്വാസി/വിശ്വാസിനി നിർബന്ധമായിട്ടും ഇത് നിർവ്വഹിക്കേണ്ടതുണ്ട്. പള്ളിയുടെ രണ്ടാമത്തെ നിർണായക ലക്ഷ്യമെന്നു പറയുന്നത് മുസ്ലിംകൾക്ക് ആരാധനയ്ക്കായി ഒന്നിച്ചു കൂടാൻ കഴിയുന്നതിനൊപ്പം അവർ തമ്മിലുള്ള പരസ്പര ബന്ധത്തെ ശക്തിപ്പെടുത്തുന്നതിനും സമുദായത്തിലെ അംഗങ്ങൾ തമ്മിൽ ഐക്യം ഉണ്ടാക്കുന്നതിനുമുള്ള വേദിയാകുക എന്നതാണ്. ഇപ്രകാരം മുസ്ലിംകൾ തങ്ങളുടെ ആരാധനാലയങ്ങൾ മുഖേന പരസ്പരം വലിയൊരു ബന്ധുത്വത്തിന് രൂപം കൊടുക്കുകയും സാഹോദര്യത്തിന്റെയും അന്യോന്യമുള്ള സഹാനുഭൂതിയുടെയും ഒരന്തരീക്ഷം സംജാതമാക്കുകയും ചെയ്യുന്നു.

ഏതൊരു മുസ്ലിം പള്ളിയുടെയും മൂന്നാമത്തെ പ്രധാന ഉദ്ദേശലക്ഷ്യമെന്നു പറയുന്നത് അമുസ്ലിംകൾക്ക് ഇസ്ലാമിനെ പരിചയപ്പെടുത്തി കൊടുക്കുന്നതിനും വിശാലമായ സമൂഹത്തിന്റെ അവകാശങ്ങൾ പൂർത്തീകരിക്കുന്നതിനുമുള്ള ഉപാധിയായി മാറുക എന്നതാണ്. പ്രാദേശിക ജനതയെ സേവിക്കുന്നതിനും വർണ്ണ, വർഗ്ഗ, ജാതി, മത രഹിതമായി സമൂഹത്തിലെ എല്ലാ അംഗങ്ങളെയും സഹായിക്കുന്നതിനുമായി മുസ്ലിംകൾക്ക് ഒത്ത്ചേരാനുള്ള ഒരു വേദിയും സംഗമസ്ഥലവുമായി മാറുക എന്നതാണ്. വിശുദ്ധ ഖുർആനിലെ നാലാമത്തെ അധ്യായത്തിലെ മുപ്പത്തിയേഴാം വചനത്തിൽ ഇപ്രകാരം വിവരിക്കുന്നു:

> *''നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; മറ്റൊന്നിനെയും അവന്റെ കൂടെ പങ്കു ചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക; അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും (നന്മ ചെയ്യുക). അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.''* (4:37)

എല്ലാ മനുഷ്യരോടും അനുകമ്പയും ദയയും സഹാനുഭൂതിയും കാണി

ക്കാനാണ് ഈ വചനത്തിൽ വിശുദ്ധഖുർആൻ മുസ്ലിംകളെ ഉദ്ബോധിപ്പിക്കുന്നത്. തങ്ങളുടെ മാതാപിതാക്കളെയും കുടുബാംഗങ്ങളെയും മറ്റ് ബന്ധുജനങ്ങളെയും അതുപോലെ സമൂഹത്തിലെ അവശവിഭാഗങ്ങളെയും സഹായിക്കാൻ അത് ആഹ്വാനം ചെയ്യുന്നു. അയൽക്കാരന്റെ അവകാശങ്ങൾ നിവർത്തിച്ചു കൊടുക്കുന്നതിനെയും കുറിച്ച് വലിയ പ്രാധാന്യത്തോടെ പറയുന്നു. അയൽക്കാർ എന്നു പറയുന്നത് ഒരു വ്യക്തിയുടെ വീടിന്റെ ചുറ്റുവട്ടത്തിൽ താമസിക്കുന്നവർ മാത്രമല്ല. മറിച്ച് ഇസ്ലാമിൽ അയൽക്കാർ എന്ന് പറയുന്നത് വളരെയധികം ദൂരവ്യാപകമായ അർത്ഥതലം ഉള്ളതാണ്. അടുത്തും ദൂരത്തും താമസിക്കുന്നവർ ഇതിൽ ഉൾപ്പെടുന്നു. സഹപ്രവർത്തകർ, യാത്രാ പങ്കാളികൾ, അങ്ങനെ ഇതുകൂടാതെ മറ്റു പലരും ഇതിൽ ഉൾപ്പെടുന്നു. ഇതിന്റെ സാരാംശം എന്താണെന്നു വെച്ചാൽ ഈ നഗരത്തിൽ വസിക്കുന്ന എല്ലാ മനുഷ്യരും ഈ പള്ളിയുടെ അയൽക്കാരാകുന്നുവെന്നാണ്. ഇപ്രകാരം സമൂഹത്തിന്റെ ശാന്തിയും സമാധാനവും തകർക്കുന്നതിനു പകരം, വ്യത്യസ്ത സമുദായങ്ങളിൽപ്പെട്ട വ്യത്യസ്ത വിശ്വാസധാരയിൽപ്പെട്ട ജനങ്ങൾ തമ്മിൽ ശാന്തിയും സമാധാനവും പോഷിപ്പിക്കുന്നതിനുവേണ്ടിയാണ് യഥാർത്ഥ പള്ളികൾ നിർമ്മിക്കപ്പെടുന്നത്.

ചുരുക്കത്തിൽ, മുസ്ലിംകൾക്ക് സർവ്വശക്തനായ തങ്ങളുടെ സൃഷ്ടാവുമായുള്ള ബന്ധം ഉത്കൃഷ്ടമാക്കുന്നതിനും സഹജീവികളുടെ അവകാശങ്ങൾ പൂർത്തികരിച്ചുകൊടുക്കുന്നതിനുമുള്ള ഇടങ്ങളെയാണ് പള്ളികൾ എന്നു വിളിക്കപ്പെടുന്നത്. ഈ വിശിഷ്ടമായ ലക്ഷ്യങ്ങൾ നിറവേറ്റാത്ത ഏതൊരു പള്ളിയും വിലകെട്ട ഉപയോഗമില്ലാത്ത അകം പൊള്ളയായ വെറും പുറന്തോട് മാത്രമാണ്. അഹ്മദിയ്യ മുസ്ലിം സമൂഹം അതിന്റെ ആരംഭകാലം മുതൽ ലോകത്തെമ്പാടും പള്ളികൾ സ്ഥാപിച്ചിട്ടുണ്ട്. എവിടെയൊക്കെ പള്ളികൾ പണിതിട്ടുണ്ടോ അവിടെയൊക്കെ ഞാൻ നേരത്തെ സൂചിപ്പിച്ചത് പോലെയുള്ള യഥാർത്ഥ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തികരിക്കാൻ ശ്രമിക്കാറുമുണ്ട്. ചരിത്രം സാക്ഷിയാണ് ഈ യാഥാർത്ഥ്യത്തിന്. *''എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്''* എന്ന ഞങ്ങളുടെ പ്രമാണ സൂക്തത്തിന്റെ അന്തസത്തയ്ക്കനുസരിച്ച് ജീവിക്കാനും സ്വഭാവത്തിലൂടെയും പെരുമാറ്റത്തിലൂടെയും അതിനെ പ്രായോഗികമായി ആവിഷ്കരിക്കാനും ഞങ്ങൾ ശ്രമിക്കുന്നു.

ഞങ്ങൾ അനഹ്മദികളുമായും അമുസ്ലിങ്ങളായും സൗഹൃദബന്ധമുണ്ടാക്കാൻ ശ്രമിക്കുന്നു.

ഞങ്ങൾ വ്യത്യസ്ത വിശ്വാസധാരയിലുള്ളവരുമായി സംവദിക്കാൻ പ്രയത്നിക്കുന്നു.

ഞങ്ങൾ അയൽക്കാരെ ബഹുമാനിക്കുകയും വിലപിടിപ്പുള്ളവരായി കരുതുകയും ചെയ്യുന്നു.

ഞങ്ങൾ ആവശ്യക്കാർക്ക് സഹായമെത്തിക്കുന്നതിൽ സദാ ബദ്ധശ്രദ്ധരാണ്.

ഞങ്ങൾ അഗതികളുടെയും ദുർബലരുടെയും അവകാശങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നു.

ഞങ്ങൾ സമൂഹത്തെ സേവിക്കാൻ സദാ തയ്യാറായി മുന്നിൽത്തന്നെയുണ്ട്.

ഞങ്ങൾ കൂറും വിശ്വസ്തതയും പുലർത്തുന്ന പൗരന്മാരാകുന്നു.

ഇതാണ് ഞങ്ങളുടെ വിശ്വാസം. ഇതാണ് ഞങ്ങളുടെ അധ്യാപനം.

ഇതിനാലാണ് ഞങ്ങൾ പള്ളികൾ നിർമ്മിക്കുന്നത്.

ഇതിന്റെയൊക്കെ വെളിച്ചത്തിൽ, പള്ളിയെന്നു കേട്ടാൽ ഭയപ്പെടേണ്ട ഒന്നല്ലയെന്ന് നിങ്ങൾക്ക് മനസിലായിട്ടുണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു, പ്രാർത്ഥിക്കുന്നു. ജനങ്ങൾക്ക് തങ്ങളുടെ സൃഷ്ടാവിനെ ആരാധിക്കുന്നതിനുള്ള ഇടം എന്നതിനോടൊപ്പം തന്നെ തങ്ങളുടെ സഹജീവികളെ സഹായിക്കുന്നതിനുള്ള ഒരു സ്ഥാപനം കൂടിയാണ് യഥാർത്ഥത്തിൽ ഒരു മുസ്‌ലിം പള്ളി. വിശുദ്ധ ഖുർആനിലെ 107ാം അധ്യായത്തിലെ 5-7 വചനങ്ങളിൽ ഇങ്ങനെ വിവരിക്കുന്നു.

*'അപ്പോൾ, തങ്ങളുടെ നമസ്കാരത്തെപ്പറ്റി അശ്രദ്ധരായ നമസ്കാരക്കാർക്ക് നാശം. അന്യരെ കാണിക്കാൻ വേണ്ടി സൽക്കർമ്മം ചെയ്യുന്നവരത്രെ അവർ.'* (107:5-7)

ദൈവത്തിന്റെ സൃഷ്ടികളോടുള്ള കടമകൾ പൂർത്തികരിക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പ്രാർത്ഥനകൾ നിരാകരിക്കപ്പെടും എന്ന് ഈ വചനങ്ങളിൽ സ്പഷ്ടമാക്കപ്പെടുന്നു. അവരുടെ ആരാധനയും പള്ളിയിലേക്കുള്ള അവരുടെ വരവും ഉപരിപ്ലവമായ ഒരു പ്രവർത്തി എന്നതിൽ കവിഞ്ഞ് മറ്റൊന്നും തന്നെയല്ല. അവരുടെ പ്രാർത്ഥനകൾ നിഷ്പ്രയോജനമാകുന്നു. അവരുടെ കപടനാട്യങ്ങൾ നിരാശയിലേക്കും അധ:പതനത്തിലേക്കായിരിക്കും അവരെ കൊണ്ടുചെന്നെത്തിക്കുകയെന്ന് വിശുദ്ധ ഖുർആൻ സുവ്യക്തമാക്കുന്നു. സർവ്വശക്തനായ സൃഷ്ടാവിനെ ആത്മാർത്ഥമായി ആരാധിക്കുന്ന ഒരു യഥാർത്ഥ മുസ്‌ലിം ഭക്തൻ സമൂഹത്തിന്റെ സമാധാനത്തിനും സുസ്ഥിതിയ്ക്കും ഒരിക്കലും തന്നെ ഭംഗം വരുത്തില്ല എന്നതാണ് വസ്തുത. മറ്റുള്ളവരുടെ അവകാശങ്ങളെ പിടിച്ചെടുക്കാനോ

അല്ലെങ്കിൽ അവയ്ക്ക് തുരങ്കം വെയ്ക്കാനോ അവർ മുതിരില്ല. അങ്ങനെ ചെയ്യുന്നപക്ഷം അതവരുടെ വിശ്വാസത്തെ ഒറ്റുന്നതിനും വിശുദ്ധ ഖുർആന്റെയും പരിശുദ്ധപ്രവാചകന്റെയും ഉദ്ബോധനങ്ങളെ തള്ളിക്കളയുന്നതിനും തുല്യമായിരിക്കും.

ഇപ്രകാരം, ഈ പള്ളിയെക്കുറിച്ച് ഞാനൊരിക്കൽ കൂടി നിങ്ങൾക്ക് ഉറപ്പു നൽകാനാഗ്രഹിക്കുകയാണ്. നിങ്ങൾ ആശങ്കപ്പെടേണ്ടതോ ഉത്കണ്ഠപ്പെടേണ്ടതോ ആയ യാതൊന്നും തന്നെ ഇവിടെയില്ല. ഈ പള്ളിയുടെ കവാടങ്ങൾ സമാധാനകാംക്ഷികളായ എല്ലാവരുടെയും മുന്നിലെന്നും തുറന്നു കിടക്കപ്പെടുക തന്നെ ചെയ്യും. മനുഷ്യത്വത്തെ വിലമതിക്കുന്നവരുടെ മുന്നിലെപ്പോഴും അത് തുറന്നു കിടക്കപ്പെടും. ദൈവേച്ഛയാൽ, ഈ നഗരത്തിനും അതിനു പുറമേക്കും സ്നേഹവും അനുകമ്പയും സാഹോദര്യവും പ്രസരിപ്പിക്കുന്ന സമാധാനത്തിന്റെ വലിയൊരു പ്രതീകമായി ഈ പള്ളി മാറുമെന്നതിൽ തികഞ്ഞ ആത്മവിശ്വാസം എനിക്കുണ്ട്.

ചുറ്റുമുള്ളവയെ പ്രകാശദീപ്തമാക്കിക്കൊണ്ട് എല്ലാ ദിശയിലേക്കും വെളിച്ചം വീശുന്ന ദീപസ്തംഭമായി ഈ പള്ളി ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതായിരിക്കും. ആരാധക സമൂഹത്തിന് തങ്ങളുടെ അയൽക്കാരെ സേവിക്കുന്നതിനും അവരോടുള്ള കടമകൾ പൂർത്തികരിക്കുന്നതിനും വേണ്ടി കൂടിച്ചേരാനുള്ള സമാധാനത്തിന്റെ ഗേഹമായിരിക്കും ഇത്. ഈ ആരാധാനാലയം ഇസ്‌ലാമിന്റെ ജ്ഞാനദീപ്തമാക്കുന്ന അധ്യാപനങ്ങളെയായിരിക്കും പ്രതിനിധീകരിക്കുക. തങ്ങളുടെ മതവിശ്വാസത്തിനെക്കുറിച്ച് നിലനിൽക്കുന്ന ഭീതിയെയും തെറ്റിദ്ധാരണയെയും ഇത് അകറ്റുന്നതായിരിക്കും. പ്രാദേശിക ജനസമൂഹത്തിന്റെ ഹൃദയത്തിൽ ഇനിയും എന്തെങ്കിലും ഭയം ഉറഞ്ഞു കിടക്കുന്നുണ്ടെങ്കിൽ അതൊക്കെ ദൈവസഹായത്താൽ അപ്രത്യക്ഷമാകുന്നതായിരിക്കും. ഈ പള്ളി കാണുമ്പോൾ അല്ലെങ്കിൽ ഇവിടെ പ്രാർത്ഥനയ്ക്കായി വരുന്നവരുമായി സന്ധിക്കുമ്പോൾത്തന്നെ നിങ്ങൾ തിരിച്ചറിയുന്നതായിരിക്കും ഭയത്തിന്റെയോ അസ്ഥാളിപ്പിന്റെയോ ആവശ്യമില്ലെന്ന്.

ഇങ്ങനെയൊക്കെ പറയുന്നത് വളരെ എളുപ്പമാണെന്നിരിക്കെ, അഹ്മദി മുസ്‌ലിങ്ങൾ പറയുന്നതെന്താണോ അത് തന്നെയാണ് അനുഷ്ഠിക്കുന്നതും പ്രചരിപ്പിക്കുന്നതുമെന്ന വസ്തുതയെ വളരെ പെട്ടെന്ന് തന്നെ നിങ്ങൾ സാക്ഷ്യപ്പെടുത്തുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഇസ്‌ലാമിന്റെ സമാധാന അധ്യാപനങ്ങളെക്കുറിച്ച് ഘോഷിക്കൽ മാത്രമല്ല അത് ഉയർത്തിപ്പിടിക്കുന്നവർ കൂടിയാണ് ഞങ്ങളെന്ന് നിങ്ങൾക്ക് മനസ്സിലാകും. മുസ്‌ലിം ആരാധനാലയങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് ഞാൻ വെറുതെ മധു

രത്തിൽ ചാലിച്ച് പറഞ്ഞതല്ലയെന്നും അത് പ്രതിനിധാനം ചെയ്യുന്നത് യഥാർത്ഥത്തിലുള്ള സത്യത്തെയാണെന്നും ഇവിടത്തെ തദ്ദേശവാസികൾ വളരെവേഗം തന്നെ തിരിച്ചറിയുമെന്നതിൽ എനിക്കു നല്ല വിശ്വാസമുണ്ട്..

ഈ സന്ദർഭത്തിൽ ഞാനൊരു കാര്യംകൂടി നിങ്ങളോട് പറയാനാഗ്രഹിക്കുകയാണ്. അതായത് നിങ്ങൾ മുസ്‌ലിമോ അമുസ്‌ലിമോ മതവിശ്വാസിയോ മതരഹിതനോ ആയിക്കൊള്ളട്ടെ, ലോകത്ത് സമാധാനവും സമ്പൽ സമൃദ്ധിയും പുലരുന്നതിനായി ഒരുമിച്ച് പ്രവർത്തിക്കുകയെന്നത് സമൂഹത്തിലെ എല്ലാ അംഗങ്ങളുടെയും കടമയാണ്. പരസ്പരമുള്ള ആരോപണ പ്രത്യാരോപണങ്ങൾക്കു പകരം, ഓരോരുത്തരുടെയും വീഴ്ചകളും ദൗർബല്യങ്ങളും എടുത്തുകാണിക്കുന്നതിനു പകരം, നമ്മുടെ ഹൃദയകവാടങ്ങൾ മറ്റുള്ളവർക്കായി തുറന്നുകൊണ്ട് അവരോടുള്ള അനുകമ്പയും കാരുണ്യവും നാം വെളിപ്പെടുത്തേണ്ടതുണ്ട്. ഓരോരുത്തരുടെയും മതവിശ്വാസങ്ങളെ അധിക്ഷേപിക്കുന്നതിനും അനാവശ്യമായി പരസ്പരം പ്രകോപിതരാക്കുന്നതിനും പകരം കാലഘട്ടത്തിന്റെ അടിയന്തിരാവശ്യം എന്നുപറയുന്നത് പരസ്പര ബഹുമാനവും സഹിഷ്ണുതയും പ്രകടിപ്പിക്കുക എന്നതാണ്. യഥാർഥവും നീണ്ടു നിൽക്കുന്നതുമായ സമാധാനം നമ്മുടെ കൈവിരൽത്തുമ്പിന്റെ ചലനം കൊണ്ട് ദ്രുതഗതിയിലുടലെടുക്കുന്നതല്ല. മറിച്ച് അതിനായി നമ്മെ ഐക്യപ്പെടുത്തുന്ന, നമ്മളെ ഒന്നിപ്പിക്കുന്ന, കാര്യങ്ങളിലേക്ക് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. നമ്മുടെ വൈജാത്യങ്ങളെ നമുക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്നതിനോ അങ്ങനെ നമ്മുടെ സമൂഹം തകർക്കപ്പെടുന്നതിനോ ഇടവരുത്താൻ അനുവദിക്കരുത്.

ലോകചരിത്രത്തിലെതന്നെ ഏറ്റവും നിർണ്ണായകമായ ഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ ഈ ലോകം വലിയതോതിൽ വിഭജിക്കപ്പെടുകയും ധ്രുവീകരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഒരു ദുരന്തത്തിന്റെ വക്കിലാണ് നാം നിൽക്കുന്നത്.അതുകൊണ്ട് തന്നെ ഇതൊരു തിരിഞ്ഞു നടത്തത്തിനുള്ള സമയമാണ്. മനുഷ്യവംശത്തിന്റെ ഭാവിയെ സംരക്ഷിക്കുന്നതിലേക്കായിരിക്കണം നമ്മുടെ എല്ലാ പ്രവർത്തനശക്തികളും കേന്ദ്രീകരിക്കേണ്ടത്. നമ്മിലുള്ള മനുഷ്യത്വത്തെ പ്രകടമാക്കേണ്ട സന്ദർഭമാണിത്. നമ്മുടെ സമുദായങ്ങൾക്കിടയിൽ, രാജ്യങ്ങൾക്കിടയിൽ തീർച്ചയായും ലോകമെമ്പാടും തന്നെ സമാധാനം ശക്തിപ്പെടുത്തുന്നതിനായുള്ള ഒരു ശ്രമവും പാഴാക്കാവുന്നതല്ല. നാമൊത്തൊരുമിക്കുകയും ഓരോരുത്തരുടെയും വിശ്വാസങ്ങളെ പരസ്പരം ആദരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ലോകത്തിന്റെ എല്ലായിടത്തും

ആഴത്തിൽ വേരോടിയിട്ടുള്ള കൊടിയ ഭിന്നതകൾ ഉണങ്ങാൻ തുടങ്ങു. അപ്പോൾ മാത്രമാണ് പ്രതീക്ഷയുടെ പാരമ്പര്യം ഇഷ്ട ദാനമായി നമ്മുടെ കുട്ടികൾക്ക് നൽകാൻ കഴിയുകയുള്ളു. അപ്പോൾ മാത്രമാണ് സമാധാന വും ഐശ്വര്യവും കളിയാടുന്ന ഒരു ലോകത്തെ വരും തലമുറകൾക്കായി ന മുക്കിവിടെ അവശേഷിപ്പിക്കാൻ കഴിയൂ.

സ്വാർത്ഥതയും അത്യാഗ്രഹവും കാരണം നാം അന്ധരാവരുത്. മറിച്ച് പൊ തു നന്മയിലേക്കായിരിക്കണം നമ്മുടെ ശ്രദ്ധ പതിയേണ്ടത്. നമ്മുടെ മതമോ വിശ്വാസങ്ങളോ ഏതുമായിക്കൊള്ളട്ടെ, നമ്മെ പിന്തുടർന്നു വരുന്നവർക്കായി മികവുറ്റ ഒരു ലോകത്തെയായിരിക്കണം നാം സൃഷ്ടിക്കേണ്ടത്. നാം പങ്കി ടുന്ന ഈ അഭിലാഷത്തിനായിപരസ്പര ബഹുമാനത്തിന്റെയും പരോപ കാരതത്പരതയുടെ പ്രസരിപ്പോടുകൂടിയും നാം ഒന്നായി നിന്നുകൊണ്ട് പ്ര വർത്തിക്കണം. ഇതെന്റെ ആത്മാർത്ഥമായ പ്രതീക്ഷയും പ്രാർത്ഥനയുമാ ണ്. എല്ലാ സമുദായത്തിൽപ്പെട്ട ജനങ്ങൾക്കിടയിലുംസമാധാനവും ഐക്യ വും ദയയും സൗമനസ്യവും വളർത്തുക എന്നതായിരിക്കണം നമ്മുടെ പൊ തുവായ ലക്ഷ്യം. നാമതിനായി നിരന്തരം പരിശ്രമിക്കേണ്ടതുണ്ട്. ജാതി മത വിശ്വാസങ്ങളുടെ വ്യത്യാസങ്ങളെ കണക്കിലെടുക്കാതെ എല്ലാമനു ഷ്യർക്കും പരസ്പരം ഇഴചേർന്ന് അടുത്തടുത്തായി ജീവിക്കാൻ കഴിയുന്ന സമാധാനപൂർണ്ണമായ ഒരു ലോകത്തെയാവണം നമ്മുടെ കുട്ടികൾക്കായി നാം വിട്ടുകൊടുക്കേണ്ടത്. അതിനായി നാമൊരുമിച്ച് പ്രയത്നിക്കേണ്ടതുണ്ട്.

മനുഷ്യവംശത്തിന്റെ നന്മയ്ക്കായി ഒന്നിച്ച് നിന്ന് പ്രവർത്തിക്കാൻ ദൈവം നമ്മെ സഹായിക്കുമാറകട്ടെ, ആമീൻ.

അവസാനമായി ഇവിടെ എത്തിച്ചേർന്നിട്ടുള്ള എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി പറയുകയാണ്.

അല്ലാഹു നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ,

നന്ദി.

# മാനവ സേവ:–
# ദൈവാരാധനയുടെ ഒരു രൂപം




**നാസിർ ഹോസ്പിറ്റൽ ഉത്ഘാടനം**

**ഹ്യുമാനിറ്റി ഫസ്റ്റ്, ഗ്വാട്ടിമാല**

**2018 ഒക്ടോബർ 23**




Hazrat Mirza Masroor Ahmad, Khalifatul-Masih V[aba], Addresses the Guest Reception at Nasir Hospital's Inauguration



Hazrat Mirza Masroor Ahmad, Khalifatul-Masih V[aba] Cuts Ribbon Inaugurating Nasir Hospital




Hazrat Mirza Masroor Ahmad, Khalifatul-Masih Vaba Meets with U.S. Congresswoman Norma Torres




Hazrat Mirza Masroor Ahmad, Khalifatul-Masih Vaba, Leads Guests of the Nasir Hospital Inauguration in Silent Prayers. Special guests seated include: Miguel Figueroa, Vice Minister of Health, Guatemala; Naftaly Aldana, Magistrate Judge, Constitutional Court of Guatemala; Iliana Dominguez, Member of Guatemala Congress; Sergio Celis, Member of Guatemala Congress; Honourable Norma Torres, Member United States Congress; and Honourable David Hodge, Charge d'affaires, U.S. Embassy Guatemala



# ആമുഖം

അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ ആഗോള അധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ തിരുമനസ്സ് ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹുല്ലാഹു) 2018 ഒക്ടോബർ 23ന്, അഹ്മദിയ്യ മുസ്‌ലിം സമൂഹം സ്ഥാപിച്ച ഹ്യുമാനിറ്റി ഫസ്റ്റ് എന്ന സ്വതന്ത്ര ജീവകാരുണ്യ സംഘടനയുടെ വിശാല മനുഷ്യസേവന പദ്ധതിയുടെ ഭാഗമായ നാസിർ ഹോസ്പിറ്റലിന്റെ ചരിത്ര പ്രധാനമായ ഉത്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രത്യേക സ്വീകരണ യോഗത്തിൽ മുഖ്യപ്രഭാഷണം നിർവ്വഹിക്കുകയുണ്ടായി. ഗ്വാട്ടിമാലയിലെ സാകറ്റാപക്വീസിൽ സ്ഥിതി ചെയ്യുന്ന നാസിർ ഹോസ്പിറ്റലിന്റെ അങ്കണത്തിൽ വെച്ച് നടന്ന ചടങ്ങിൽ ഇരുപതോളം രാജ്യങ്ങളെ പ്രതിനിധീകരിക്കുന്ന 800ലേറെ വിശിഷ്ട വ്യക്തിത്വങ്ങളും മറ്റ് അതിഥികളും പങ്കെടുക്കുകയുണ്ടായി. അമേരിക്കൻ കോൺഗ്രസ് അംഗം നോർമ്മ ടോറസ്,ഗ്വാട്ടിമാല ആരോഗ്യ ഉപമന്ത്രി മിഗ്വാൽ ഫിഗുരേആ, ഗ്വാട്ടിമാല കോൺഗ്രസ് അംഗം ഇലിയാന ഡൊമിൻഗോസ് തുടങ്ങിയ വിശിഷ്ട വ്യക്തിത്വങ്ങളുമായി ഹുസൂർ തിരുമനസ്സ് നേരിട്ട് സംവദിക്കുകയുണ്ടായി. സദസ്സിനെ ഹ്രസ്വമായ നിലയിൽ അമേരിക്കൻ കോൺഗ്രസ് അംഗം നോർമ്മ ടോറസ്,ഗ്വാട്ടിമാലയൻ ആരോഗ്യ ഉപമന്ത്രി മിഗ്വാൽ ഫിഗുരേആ, ഗ്വാട്ടിമാല കോൺഗ്രസ് അംഗം ഇലിയാന ഡൊമിൻഗോസ് തുടങ്ങി നിരവധി ഉന്നത വ്യക്തിത്വങ്ങൾ സംബോധന ചെയ്യുകയുണ്ടായി. അവിടെ കൂടിയിരുന്ന മാധ്യമപ്രതിനിധികളുടെ ചോദ്യങ്ങൾക്ക് ഹുസൂർ തിരുമനസ്സ് മറുപടി നൽകുകയുണ്ടായി.

## മാനവ സേവ :–
## ദൈവാരാധനയുടെ ഒരു രൂപം

*തശഹ്ഹുദും തഅവ്വുദും ബിസ്മില്ലായും ചൊല്ലിയതിനു ശേഷം അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ പരമോന്നത നേതാവ്, ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) പറയുകയുണ്ടായി:*

മാന്യ അതിഥികളെ അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു– അല്ലാഹുവിൽ നിന്നുള്ള ശാന്തിയും സമാധാനവും അനുഗ്രഹങ്ങളും നിങ്ങളിൽ വർഷിക്കുമാറാകട്ടെ.

ഇന്നിവിടെ ഗ്വാട്ടിമാലയിൽ വെച്ച് നടക്കുന്ന ഈ പരിപാടിയിൽ പങ്കെടുക്കാനെത്തിയിട്ടുള്ള നമ്മുടെ അതിഥികളോട് ആദ്യമായിത്തന്നെ ഞാനെന്റെ ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പികുകയാണ്. മധ്യ–ദക്ഷിണ അമേരിക്കൻ നാടുകളിൽ വെച്ച് ഹ്യുമാനിറ്റി ഫസ്റ്റ് നിർമ്മിച്ച ആദ്യത്തെ ആശുപത്രിയുടെ ഉത്ഘാടനം ഇന്ന് നടുക്കുമ്പോൾ അത് അഹ്മദിയ്യ സമൂഹത്തിലെ അംഗങ്ങൾക്ക് വലിയൊരു സന്തോഷത്തിന്റെയും ആഹ്ളാദത്തിന്റെയും കാരണമാകുന്നുവെന്നത് നിസ്തർക്കമാണ്. വളരെയധികം പ്രാധാന്യമുള്ള ചരിത്ര സംഭവമായിട്ടാണ് ഞങ്ങളീ സന്ദർഭത്തെ മനസ്സിലാക്കുന്നത്.

ഹ്യുമാനിറ്റി ഫസ്റ്റ് എന്നതൊരു സ്വതന്ത്ര ജീവകാരുണ്യ പ്രസ്ഥാനമാണ്. അതിന് അതിന്റേതായ പ്രവർത്തന പരിപാടികളും നയചാതുരിയുമുണ്ട്. അതേസമയം ഈ ജീവകാരുണ്യ പ്രസ്ഥാനത്തിനു തുടക്കം

കുറിച്ചത് അഹ്മദിയ്യ മുസ്ലിം സമൂഹമാണ്. ഇപ്പോഴും ഇതിന്റെ ഭരണ നി ർവ്വഹണം നടത്തുന്നതും നിയന്ത്രിക്കുന്നതും അഹ്മദി മുസ്ലിങ്ങളാണ്. ലോകത്തങ്ങോളമുള്ള അഹ്മദി മുസ്ലിങ്ങൾ ഹ്യുമാനിറ്റി ഫസ്റ്റിന്റെ പ്ര വർത്തനങ്ങളെ സാമ്പത്തിക സഹായം മുഖേനയും അല്ലാതെയും പി ന്തുണക്കുന്നു. ഇതു മുഖേന ഹ്യുമാനിറ്റി ഫസ്റ്റിന് മനുഷ്യോപകാര മുള്ള പ്രവർത്തനങ്ങളുടെ വ്യാപ്തി വിശാലമാക്കാനും കൂടുതൽ പേരി ലേക്ക് എത്തിച്ചേരാനും സാധ്യമാകുന്നു. ഇങ്ങനെയുള്ള, ആഴമേറിയതും ഈടുറപ്പുള്ളതുമായ ഒരു ബന്ധം ഹ്യുമാനിറ്റി ഫസ്റ്റിന് അഹ്മദിയ്യ മുസ്ലിം സമൂഹവുമായുണ്ട്. അതിനാൽ ഇന്ന് സന്തോഷത്തിന്റെ സുദിനമാകുന്നത് ഹ്യുമാനിറ്റി ഫസ്റ്റിന്റെ അംഗങ്ങൾക്ക് മാത്രമല്ല ലോകമെമ്പാടുമുള്ള അഹ് മദി മുസ്ലിങ്ങൾക്കും കൂടിയാണ്.

ഇവിടെ ഇങ്ങനെയൊരാശുപത്രി ഞങ്ങളെന്തിനാണ് നിർമ്മിച്ചതെന്ന് ഒരു പക്ഷേ നിങ്ങൾ അദ്ഭുതപ്പെടുന്നുണ്ടാകും. ഇതിന്റെ ഉത്തരം വളരെ ലളിതമാണ്. ഇത് നിർമ്മിച്ചിരിക്കുന്നത് ഒരൊറ്റ സദുദ്ദേശ്യത്തിലാണ്. അതായത്, ഏറ്റവും ലളിതമായി പറഞ്ഞാൽ, ഈ രാജ്യത്തെ ജനങ്ങൾക്ക് ഉന്നതഗുണമേന്മയുള്ള ആരോഗ്യ പരിപാലനം നൽകിക്കൊണ്ട് മനുഷ്യ കുലത്തെ സേവിക്കുക എന്നതാണ്. ഇതോടൊപ്പം, തുടക്കത്തിൽതന്നെ ഒരു കാര്യം കൂടി വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതാ യത്, ഈ സ്ഥാപനത്തിന്റെ നിർമ്മിതിയോടുകൂടി ഈ രാജ്യത്തെ ഞങ്ങ ളുടെ സേവനങ്ങൾ അവസാനിക്കുന്നില്ല. മറിച്ചെന്റെ പ്രാർത്ഥന ഈ പ്ര ദേശത്ത് ഹ്യുമാനിറ്റി ഫസ്റ്റ് നടപ്പിലാക്കുന്ന നിരവധി ജീവകാരുണ്യ പ്ര വർത്തനങ്ങളുടെ ആരംഭം കുറിക്കലായി ഇത് മാറട്ടെയെന്നാണ്. തീർ ച്ചയായും ലോകത്തെല്ലായിടത്തുമുള്ള മനുഷ്യർക്ക് സമാശ്വാസവും ആശ്രയവും അവസരങ്ങളും പ്രദാനം ചെയ്യാനുള്ള ഹ്യുമാനിറ്റി ഫസ്റ്റിന്റെ ദൗത്യത്തെ കൂടുതൽ വിശാലമാക്കാനുള്ള ഒരു വിക്ഷേപണ മണ്ഡപമായി ഈയാശുപത്രി മാറട്ടെയെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്.

എന്തുകൊണ്ടാണ് ഒരു മുസ്ലിം സമൂഹം അമുസ്ലിങ്ങളെ സഹായിക്കാ നും സേവിക്കാനും ഇത്ര അത്യുത്സാഹവും ദൃഢചിത്തതയും പ്രകടി പ്പിക്കുന്നതെന്ന് ഒരുപക്ഷേ, നമ്മുടെ അതിഥികളിൽ ചിലരെങ്കിലും ആശ് ചര്യപ്പെടെന്നുണ്ടാകും അല്ലെങ്കിൽ അമ്പരക്കുന്നുണ്ടാകും. ഈയൊരു ചോദ്യത്തിനുത്തരമായി ഞാൻ വിശദീകരിക്കാനാഗ്രഹിക്കുന്നത് അഹ്മദിയ്യ സമൂഹത്തിന്റെ സ്ഥാപിതകാലം മുതൽത്തന്നെ അത് മനുഷ്യകുലത്തിനെ സേവിക്കുന്നതിൽ മുൻപന്തിയിലുണ്ട് എന്നാണ്. അത് ഞങ്ങളുടെത്തന്നെ സമുദായത്തിന്റെ പദ്ധതികൾ മുഖേന നേരിട്ടോ അല്ലെങ്കിൽ ഹ്യുമാനി

റ്റിഫസ്റ്റിലൂടെയോ അല്ലെങ്കിൽ മറ്റ് സന്നദ്ധ സംഘങ്ങളുടെ പിന്തുണയോടു കൂടിയോ ആയിരിക്കാം. ഉദാഹരണത്തിന്,കഴിഞ്ഞ ചില ദശകങ്ങളിലായി അഹ്മദിയ്യ സമൂഹം ആഫ്രിക്കയിലെമ്പാടും നിരവധി ആശുപത്രികൾക്കും വിദ്യാലയങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ നിന്നും തദ്ദേശീയ ജനസമൂഹത്തിന് യാതൊരു വിധത്തിലുള്ള വർണ്ണ–വർഗ്ഗ–മത–സാമൂഹിക പശ്ചാത്തല വിവേചനങ്ങളില്ലാതെ മികച്ച നിലയിലുള്ള വിദ്യാഭ്യാസവും ആരോഗ്യ പരിപാലനവും ലഭ്യമാവുന്നുണ്ട്. ഇവിടങ്ങളിൽ ചികിത്സയ്ക്കെത്തുന്ന ഭൂരിഭാഗം രോഗികളും അധ്യയനം നടത്തുന്ന വിദ്യാർത്ഥികളിൽ 90% പേരും അമുസ്ലിങ്ങളാണ്. ഞങ്ങൾ ഏതെങ്കിലും സമുദായത്തെയോ ജനതയെയോ മാറ്റിനിർത്തുന്നില്ല. എന്നുമാത്രമല്ല, എന്തെങ്കിലും പ്രത്യേക പരിഗണന ഞങ്ങളുടെ അംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നില്ല.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലംവരെയുള്ള അധ്യയനത്തിനുള്ള സൗകര്യങ്ങളാണ് ഞങ്ങൾ ഒരുക്കിയിട്ടുള്ളത്. എല്ലാ കുട്ടികളെയും സാക്ഷരരാക്കുകയും അങ്ങനെ തങ്ങളുടെ ഭാവി ജീവിതം കരുപിടിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള ഉറച്ച വിദ്യാഭ്യാസ അടിത്തറ അവർക്ക് ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. പ്രാഗൽഭ്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നു. അല്ലാത്തപക്ഷം ഉന്നത വിദ്യാഭ്യാസത്തിനു അവർക്ക് മറ്റ് മാർഗ്ഗങ്ങൾ ഉണ്ടാവില്ലായിരുന്നു. അത് അവരിൽ ലീനമായിട്ടുള്ള കഴിവുകളെ പൂർണ്ണതയിലെത്തിക്കുന്നതിനും അങ്ങനെ സ്വയമൊരു മെച്ചപ്പെട്ട ഭാവിയുണ്ടാക്കുവാനും സ്വന്തം ജനതയ്ക്കും രാജ്യത്തിനും ഗുണം ചെയ്യാനും അവരെ പ്രാപ്തമാക്കുന്നു. ഈ രീതിയിൽ, നേരിട്ടോ അല്ലെങ്കിൽ ഹ്യുമാനിറ്റിഫസ്റ്റ് മുഖേനയോ, മറ്റേതെങ്കിലും വിധത്തിലോ ദരിദ്ര ജീവിതാവസ്ഥയിൽ കഴിയുന്ന മനുഷ്യർക്ക് സമാശ്വാസവും സഹായവും അവസരങ്ങളും നൽകിക്കൊണ്ട്, മനുഷ്യകുലത്തിനു സേവനം ചെയ്യുന്നതിന്റെ സുദീർഘമായ ചരിത്രം അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിനുണ്ട്.

ഇത്തരം പ്രവർത്തനങ്ങൾക്ക് ഞങ്ങൾ യാതൊരു വിധത്തിലുള്ള പ്രതിഫലമോ പ്രകീർത്തനമോ കാംക്ഷിക്കുന്നില്ല. അതെന്തുകൊണ്ടാണെന്നാൽ, ഞങ്ങളുടെ മതം എന്താണോ അനുശാസിക്കുന്നത് അത് പിൻപറ്റുക മാത്രമേ ഞങ്ങൾ ചെയ്യുന്നുള്ളു. സഹമനുഷ്യരെ സേവിക്കുകയെന്ന ഞങ്ങളുടെ തീവ്രാഭിലാഷത്തെയും ഉൾപ്രേരണയെയും ശക്തമായി മുന്നോട്ട് നയിക്കുന്നത് പൂർണ്ണമായും ഇസ്‌ലാമിക അധ്യാപനങ്ങളാണ്. ഇസ്‌ലാമിന്റെ സ്ഥാപകർ പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ)യ്ക്ക് വെളിപാടായി ഇറങ്ങിയ വിശുദ്ധ ഖുർആനാണ് ഏതൊരു മുസ്‌ലിമിന്റെയും മാർഗ്ഗദീപം. മനുഷ്യ

സമൂഹത്തിന് സേവനം ചെയ്യാനും ദാരിദ്ര്യത്തിലും ദുരിതത്തിലും കഴി യുന്ന പീഢിതജനതയുടെ ആവശ്യങ്ങൾ നിറവേറ്റാനും വിശുദ്ധ ഖുർആൻ അടിക്കടി മുസ്ലിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. സഹചരരോട് സ്നേഹമുള്ള നിസ്വാർത്ഥരാവണം മുസ്ലിങ്ങളെന്ന് അത് ആവശ്യപ്പെടുന്നു. മാത്രമല്ല, മറ്റുള്ളവരുടെ ക്ഷേമത്തിനായും സമാധാനസ്ഥാപനത്തിനായും സദാ ത്യാഗസന്നദ്ധരാവാൻ അത് മുസ്ലിങ്ങളെ പ്രേരിപ്പിക്കുന്നു.

ഉദാഹരണത്തിന്, വിശുദ്ധ ഖുർആനിലെ മൂന്നാം അധ്യായത്തിൽ നൂറ്റിപ തിനൊന്നാം വചനത്തിൽ സർവ്വ ശക്തനായ അല്ലാഹു പ്രസ്താവിക്കുന്നത് ഒരു മുസ്ലിം 'നന്മയെ ഉപദേശിക്കുന്നവനും തിന്മയെ വിരോധിക്കുന്നവനു മാണെന്നാണ്'. നന്മയെ പ്രോത്സാഹിപ്പിക്കുകയും തിന്മയിൽ നിന്നും അന്യാ യത്തിൽ നിന്നും വിട്ടുനിൽക്കുകയും സൽപ്രവൃത്തികൾ ചെയ്യാൻ മറ്റുള്ളവ രെ പ്രേരിപ്പിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ മുസ്ലിങ്ങൾ എന്നാണ് വിശുദ്ധ ഖുർആൻ ഇതിലൂടെ വ്യക്തമാക്കുന്നത്. മനുഷ്യരാശിയോട് നിർവ്യാ ജമായ സ്നേഹവും ദൈവസൃഷ്ടികളുടെ മനോവേദന തിരിച്ചറിയാനും കഴി യുന്ന ഒരാൾക്ക് മാത്രമെ വിശുദ്ധ ഖുർആൻ ആവശ്യപ്പെടുമ്പോലെയുള്ള കരുതലും അനുതാപവും സഹജീവികളോടുണ്ടാകുകയുള്ളു. മനുഷ്യ കുലത്തിനോട് അത്തരം അഗാധമായ പ്രണയമുണ്ടാവണമെങ്കിൽ നിങ്ങ ളുടെ ഉള്ളം ശുദ്ധവും സ്വാർത്ഥതയിൽനിന്നും ദ്രോഹചിന്തകളിൽ നിന്നും മുക്തവുമായിരിക്കണം.

നിങ്ങൾ എല്ലായ്പ്പോഴും കാരുണ്യത്തോടെ സംസാരിക്കുക, മറ്റുള്ളവ രുടെ വികാരങ്ങളെ കണക്കിലെടുക്കുക, അനാഥരും അഗതികളുമായിട്ടുള്ള സമുഹത്തിലെ ആലംബഹീനരെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുക. ഇത് വിശുദ്ധ ഖുർആനിലെ രണ്ടാം അധ്യായത്തിൽ എൺപത്തി നാലാം വചനത്തിൽ സർവ്വശക്തനായ അല്ലാഹു മുസ്ലിങ്ങളെ ഉപദേശിച്ചു കൊണ്ട് പറയുന്നതാണ്. ഒരു യഥാർത്ഥ മുസ്ലിമിന്റെ മുഖമുദ്രയെ കുറിച്ച് വിശുദ്ധ ഖുർആനിലെ അൻപത്തിയൊന്നാം അധ്യായത്തിൽ ഇരുപതാം വചനത്തിൽ സർവ്വശക്തനായ അല്ലാഹു പ്രസ്താവിക്കുന്നത്, ഒരു യഥാ ർത്ഥ മുസ്ലിം ദൈവത്തിന്റെ എല്ലാ സൃഷ്ടികളോടും കരുതലോടെ പെരു മാറുമെന്നും ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും അടിയന്തിരഘട്ടങ്ങളിൽ അവ ർക്ക് ആശ്വാസവും തുണയുമായി എത്തുമെന്നുമാണ്. അതിനാൽ ആരെ ങ്കിലും സഹായത്തിനായി സമീപിക്കുന്നത് വരെ കാത്തുനിൽക്കുക ഒരു മു സ്ലിമിനെ സംബന്ധിച്ചിടത്തോളം ഉചിതമല്ല. മറിച്ച് ബുദ്ധിമുട്ടിലകപ്പെട്ടവരെ കണ്ടെത്തി അവരുടെ വിഷമതകൾ ദൂരികരിക്കാൻ വേണ്ട സഹായങ്ങൾ എന്തൊക്കെയാണോ അത് ചെയ്യുകയാണ് അയാളുടെ ഉത്തരവാദിത്വം.

തുടർന്ന് വീണ്ടും, വിശുദ്ധ ഖുർആനിലെ തൊണ്ണൂറാം അധ്യായത്തിൽ പതിനഞ്ച് മുതൽ പതിനേഴ് വരെയുള്ള വചനങ്ങളിൽ വിശക്കുന്നവരെ അന്നമൂട്ടാനും സഹാനുഭൂതിയും സ്നേഹവും അനാഥരോട് പ്രകടിപ്പിക്കാനും ബുദ്ധിമുട്ടിലകപ്പെട്ടവരെ പ്രത്യേകിച്ചും ദുർബലരും അശണരുമായ, ദാരിദ്ര്യത്തിന്റ പിടിയിലകപ്പെട്ടവരെ സഹായിക്കാനുംമുസ്‌ലിങ്ങൾ അനുശാസിക്കപ്പെട്ടിരിക്കുന്നു. ജീവിതത്തിൽ പരാജയപ്പെട്ടുപോകുന്ന മനുഷ്യർക്ക് ആശ്വാസവും ആശ്രയവുമായിക്കൊണ്ട് അവരുടെ സങ്കടത്തെ തന്റേതെന്നു കരുതിക്കൊണ്ട് അവർക്ക് വേണ്ടത് ചെയ്ത് കൊടുക്കുവാനുമാണ് മുസ്‌ലിങ്ങൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നത്. ഹതാശരായ ആളുകളെ തങ്ങളുടെ സ്വന്തം കാലുകളിൽ നിൽക്കുന്ന, അന്തസ്സോടെ ജീവിക്കുന്നവരാക്കുന്നതിന് പ്രാപ്തമാക്കാൻ മുസ്‌ലിങ്ങൾ ബാധ്യസ്ഥരാണ്. ഇതിനു പ്രതിഫലമായി മുസ്‌ലിങ്ങളുടെ ആത്മീയാവസ്ഥ അഭിവൃദ്ധിപ്പെടുകയും അങ്ങനെ അവർ ദൈവസാമീപ്യം നേടുകയും അവന്റെ പ്രീതിയ്ക്ക് പാത്രീഭൂതരാകുകയും ചെയ്യുമെന്ന് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

അതേപോലെ, ഒരാൾ അപമാനത്തിൽ നിന്നും അവഹേളനത്തിൽ നിന്നും നാശത്തിൽ നിന്നും സ്വയം രക്ഷപ്പെടാനാഗ്രഹിക്കുന്നുവെങ്കിൽ ഉദാരവാനും ദയാലുവുമാകുന്നതിനൊപ്പം പ്രതിഫലേച്ഛ കൂടാതെ മറ്റുള്ളവർക്ക് നന്മ ചെയ്യുകയും ചെയ്യട്ടെയെന്ന് വിശുദ്ധ ഖുർആനിലെ രണ്ടാം അധ്യായത്തിൽ നൂറ്റിതൊണ്ണൂറാമത്തെ വചനത്തിൽ പ്രസ്താവിക്കപ്പെടുന്നു. വിശുദ്ധ ഖുർആനിലെ നാലാം അധ്യായത്തിൽ മുപ്പത്തിയേഴാം വചനത്തിൽ അയൽവാസിയെ ശ്രദ്ധിക്കണമെന്നാണ് നിർദേശിക്കുന്നത്. നിർദ്ധനരുടെയും അനാഥരുടെയും അവകാശങ്ങൾ പൂർത്തികരിച്ചു കൊടുക്കൽ ഒരു യഥാർത്ഥ മുസ്‌ലിമിന്റെ കടമയാണെന്ന് അത് ആവർത്തിച്ച് ഊന്നിപ്പറയുന്നു. മുസ്‌ലിമിനോട് ഉദാരമനസ്കനാവാനും തന്റെ കീഴിലുള്ളവരോട് സ്നേഹവും ക്ഷമയും മമതയോടെയും പെരുമാറാനും അത് ഉപദേശിക്കുന്നു. ഉദാഹരണത്തിന്, ഒരു മുസ്‌ലിം തന്റെ ജോലിസ്ഥലത്തുള്ള കീഴുദ്യോഗസ്ഥരോട് പെരുമാറേണ്ടത് കാരുണ്യത്തോടെയും ഉദാരമനസ്കതയോടെയുമാണ്. കൂടാതെ, വിശുദ്ധ ഖുർആനിലെ നാൽപ്പത്തിയേഴാം അധ്യായത്തിൽ മുപ്പത്തിയൊമ്പതാം വചനത്തിൽ മഹാനായ ദൈവം മുസ്‌ലിങ്ങളെ പഠിപ്പിക്കുന്നത് സഹജരെ സഹായിക്കുന്നതിനായി കൈവശമുള്ള ധനം ചിലവഴിക്കണമെന്നാണ്. അതിനു തയ്യാറാകാത്തവരെ പിശുക്കന്മാരായി വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുകയും അവരുടെ ലുബ്ധിനെ അല്ലാഹു ഇഷ്ടപ്പെടുകയില്ലെന്നും അത് അവരുടെ ആത്മാവിനെ ഇരുണ്ടതാക്കി തീർക്കുമെന്നും മുന്നറിയിപ്പുകൊടുക്കുന്നു.

ഞാൻ നേരത്തെ ഉദ്ധരിച്ച എല്ലാ വചനങ്ങളിലും ഊന്നിപ്പറയുന്ന വസ്തുത മുസ്ലിങ്ങൾ ദൈവസ്നേഹം കാംക്ഷിക്കുന്നുവെങ്കിൽ നിർബന്ധമായും അവരാദ്യം ചെയ്യേണ്ടത്ദൈവത്തിന്റെ സൃഷ്ടികളെ സ്നേഹിക്കുക എന്നതാണ്. ഇസ്ലാമിന്റെ അടിത്തറതന്നെ മനുഷ്യരാശിയെ സേവിക്കുന്നതിലാണെന്നാണ് ഈ വചനങ്ങളൊക്കെ വളരെ കൃത്യമായി ചൂണ്ടിക്കാണിക്കുന്നത്. പൊതുവിൽ മാധ്യമങ്ങളിൽ ചിത്രീകരിക്കപ്പെടുന്നത് പോലെയല്ല ഇസ്ലാം എന്നു നിങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടിയാണ് ഈ ഖുർആനിക വചനങ്ങൾ നിങ്ങളുടെ മുൻപാകെ വെച്ചത്. ഇത് തീവ്ര വാദത്തിന്റെയോ ഭീകരതയുടെയോ അക്രമത്തിന്റെയോ മതമല്ല. മറിച്ച്, സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സഹിഷ്ണുതയുടെയും മതമാകുന്നു. മനുഷ്യരാശിക്ക് സേവനം ചെയ്യൽ അടിസ്ഥാന കടമയായി അനുയായികൾക്ക് കൽപ്പിച്ചുകൊടുത്തിട്ടുള്ള മതമാണ് ഇസ്ലാം. പിന്നെങ്ങനെയാണ് ഒരു സത്യസന്ധനായ മുസ്ലിമിനു കഠിനഹൃദയനാവാൻ കഴിയുക? ക്ലേശങ്ങളിൽപ്പെട്ടുഴലുന്ന ദുരിതബാധിതരായ മനുഷ്യരുടെ നേരെ പിന്നെങ്ങനെയാണ് മുഖം തിരിക്കാനാവുക?

ഞാനിപ്പോൾ ചില ഖുർആനിക വചനങ്ങൾ നിങ്ങളുടെ മുമ്പാകെ വെക്കുകയുണ്ടായി. ഇനി, മനുഷ്യരാശിയെ സേവിക്കുന്നതുമായി ബന്ധപ്പെട്ട് ഇസ്ലാമിന്റെ സ്ഥാപകർ പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ)യുടെ ജീവിതത്തിൽ നിന്നുള്ള ചില ഉദാഹരണങ്ങൾ അവതരിപ്പിക്കാം. ആധുനികയുഗത്തിൽ പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ)യ്ക്കെതിരെ ഉന്നയിക്കപ്പെടാറുള്ള ഒരാരോപണമാണ് അനുയായികളെ അക്രമത്തിനു പ്രേരിപ്പിക്കുന്ന യുദ്ധക്കൊതിയനായ നേതാവായിരുന്നു അദ്ദേഹമെന്നത്. ഇത് ആ അനുഗ്രഹീത വ്യക്തിത്വത്തിനെതിരെ നടത്തുന്ന ഗൗരവതരമായ ദ്രോഹമാണെന്ന് സുവ്യക്തമാക്കട്ടെ. യാഥാർത്ഥ്യത്തിൽ നിന്നും വിദൂരമായ ഒരു ദുരാരോപണമല്ലാതെ മറ്റൊന്നുമല്ല ഇത്. എല്ലാ വർഗ്ഗത്തിലും വിശ്വാസങ്ങളിലും പെട്ട മുഴുവൻ മനുഷ്യരുടെയും അവകാശങ്ങളെ ഇസ്ലാമിന്റെ പ്രവാചകൻ പരിരക്ഷിച്ചിരുന്നു. സമാനതകളില്ലാത്ത വിധത്തിൽ സമസ്ത മനുഷ്യർക്കുമുള്ള കാരുണ്യത്തിന്റെയും അനുഗ്രത്തിന്റെയും ഉറവിടമായിരുന്നു അദ്ദേഹം. പ്രവാചകന്റെ സത്തയുടെ ഓരോ കഴയിൽ നിന്നും നാരിൽ നിന്നും മാനവരാശിയോടുള്ള ശാശ്വതസ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ഉറവ പ്രവഹിച്ചുകൊണ്ടിരുന്നു. ഉദാഹരണമായി ഒരിക്കൽ പ്രവാചകൻ പറയുകയുണ്ടായി. 'ഞാൻ ദുർബലർക്കൊപ്പമാകുന്നു. എന്തെന്നാൽ അല്ലാഹുവിലേക്കെത്താനുള്ള മാർഗ്ഗം ദുർബലരെയും സാധുക്കളെയും സഹായിക്കുക എന്നതാണ്.' സാധു

ക്കളെ സഹായിക്കുന്ന, വിശന്നൊട്ടിയ വയർ നിറയ്ക്കുന്ന, അശരണർക്ക് വൈദ്യസഹായമെത്തിക്കുന്ന മനുഷ്യരിലാണ് അല്ലാഹു സംപ്രീതനാകുന്ന തെന്ന് ഇസ്ലാമിന്റെ പ്രവാചകൻ തന്റെ അനുയായികളെ ഉദ്ബോധിപ്പി ക്കാറുണ്ടായിരുന്നു. അതിനാൽ ഒരാൾ താൻ യഥാർത്ഥ മുസ്ലിമാണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിൽ,വിഷമഘട്ടത്തിൽ പെട്ടവരെ സഹായിക്കുക എന്നത് അയാളുടെ ഉത്തരവാദിത്വവും ബാധ്യതയുമാണ്. അവരുടെ ഹൃദ യവേദനകളും കഷ്ടപ്പാടുകളും ലഘൂകരിക്കാൻ അയാൾ അശ്രാന്ത പ രിശ്രമം നടത്തേണ്ടതാണ്.

ഇക്കാലഘട്ടത്തിൽ,ഞങ്ങളുടെവിശ്വാസപ്രകാരം,ഇസ്ലാമിന്റെയഥാർത്ഥ അധ്യാപനങ്ങൾ കൊണ്ട് ലോകത്തെ ജ്ഞാന ദീപ്തമാക്കാൻ അല്ലാഹു നി യോഗിച്ചയച്ച യുഗപുരുഷനാണ് അഹ്മദിയ്യ മുസ്ലിം സമൂഹത്തിന്റെ സ്ഥാ പകർ. വാഗ്ദത്ത മസീഹും ഇമാം മഹ്ദിയും അദ്ദേഹമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. യഥാർത്ഥ ഇസ്ലാം എന്താണെന്ന് ലോകത്തിനു മുന്നിൽ വെളിപ്പെടുത്തുന്നതിനും അതിന്റെ അധ്യാപനങ്ങൾ ലോകത്തിന്റെ എല്ലാ കോണുകളിലും പ്രചരിപ്പിക്കുന്നതിനുമാണ് അദ്ദേഹം നിയോഗിതനാ യിരിക്കുന്നത്.

ഇസ്ലാമിനെക്കുറിച്ചുള്ള മറ്റു സമുദായങ്ങളുടെ മുൻവിധിക്കു മാറ്റം വരുത്തുന്നതിനോടൊപ്പം സ്വന്തം വിശ്വാസത്തിന്റെ മൗലികപ്രമാണങ്ങൾ വിസ്മരിച്ചു പോയ മുസ്ലിങ്ങളെത്തന്നെയും പരിഷ്കരിച്ചുകൊണ്ട് വിശുദ്ധ ഖുർആന്റെയും പരിശുദ്ധ പ്രവാചകന്റെയും യഥാർത്ഥ അധ്യാപനങ്ങളിലേക്ക് അവരെ തിരികെ എത്തിക്കുന്നതിനും വേണ്ടിയാണ്അദ്ദേഹം അവതരിച്ചി ട്ടുള്ളത്. ഇതിനുമെല്ലാമുപരിയായി ദൈവത്തോടുള്ള കടമകളും മനുഷ്യർ പരസ്പരമുള്ള കടമകളും നിറവേറ്റുന്ന കാര്യത്തിലേക്കായിരുന്നു അദ്ദേഹം അടിക്കടി മാനവ സമൂഹത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടിരുന്നത്. ഒരി ക്കലൊരു സന്ദർഭത്തിൽ വാഗദത്ത മസീഹ്(അ) പറയുകയുണ്ടായി 'മനു ഷ്യകുലത്തിന് സേവനം ചെയ്യുകയെന്നത് തന്നെ ഒരു തരത്തിലുള്ള ദൈവാ രാധനയാകുന്നു.'

മറ്റൊരിടത്ത് വാഗ്ദത്ത മസീഹ്(അ) പറഞ്ഞു: 'എന്റെ അവസ്ഥയെന്താ ണെന്നു വെച്ചാൽ, വിഷമത്തിലകപ്പെട്ട ഒരാളുടെ വിഷമാവസ്ഥയെക്കുറിച്ച് കേൾക്കുന്നത് നിർബന്ധിത നമസ്കാരത്തിന്റെ ഇടയിലാണെങ്കിൽ ഉടൻ ആ നമസ്കാരം പാതിവഴിയിലുപേക്ഷിച്ചുകൊണ്ട് അയാളെ സഹായിക്കുവാ നും സാധ്യമാകുന്ന വിധത്തിൽ അയാളിൽ സ്നേഹം ചൊരിയുവാനു മായിരിക്കും ഞാനാത്മാർത്ഥമായി ആഗ്രഹിക്കുക'. ഒരു സഹോദരന്റെ വിഷമാവസ്ഥയിൽ അയാളെ സഹായിക്കാതിരിക്കുകയെന്നത് തികച്ചും

അധാർമ്മികവും തെറ്റുമാണെന്ന് ഒരിക്കൽ വാഗ്ദത്ത മസീഹ്(അ) പറയുകയുണ്ടായി. ബുദ്ധിമുട്ടനുഭവിക്കുന്ന മറ്റൊരു വ്യക്തിയെ സഹായിക്കാൻ ഒരാൾക്ക് ഭൗതിക സാമഗ്രികളൊന്നും ഇല്ലെങ്കിൽ ചുരുങ്ങിയ പക്ഷം അയാളുടെ ദുരിതമകറ്റാൻ സർവ്വശക്തനായ അല്ലാഹുവിനോട് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയെങ്കിലും വേണമെന്ന് വാഗ്ദത്ത മസീഹ്(അ) ഒരിക്കൽ പറയുകയുണ്ടായി. സത്യസന്ധമായ പ്രാർത്ഥനയ്ക്ക് മൃദുലവും പരിശുദ്ധവുമായ ഹൃദയമുണ്ടാവുകയെന്നത് ഒരാവശ്യകോപാധിയാണെന്നാണ് അദ്ദേഹം പഠിപ്പിച്ചത്. അതിനാൽ മറ്റുള്ളവരുടെ അവസ്ഥയിൽ സഹാനുഭൂതിയുള്ളവരാകുകയും അവരുടെ പരീക്ഷണങ്ങൾ നമ്മുടേതാണെന്ന് കരുതുകയും വേണം.

മറ്റൊരവസരത്തിൽ വാഗ്ദത്ത മസീഹ്(അ) പറഞ്ഞു: ‘മറ്റെന്തിനെക്കാളും ഞാൻ ജനങ്ങളോട് കേണപേക്ഷിക്കുന്നത് അമുസ്‌ലിങ്ങളോട് പ്രത്യേകിച്ചും ഹൈന്ദവരോട് ഉന്നതമായ ധാർമ്മിക ഗുണങ്ങൾ പ്രകടിപ്പിക്കുകയും സ്നേഹബന്ധം പുലർത്തുകയും വേണമെന്നാണ്’.

വാഗദത്ത മസീഹ്(അ) പറഞ്ഞു: ‘ദൈവത്തിന്റെ സൃഷ്ടികളോട് തങ്ങളുടെ സ്വന്തം കുടുംബാംഗങ്ങളോടെന്ന പോലുള്ള അഗാധമായ സ്നേഹം പ്രകടിപ്പിക്കണം. ഒരു മാതാവ് തന്റെ ശിശുവിനോട് പെരുമാറുന്ന പോലെ മനുഷ്യകുലത്തിനോട് പെരുമാറുക. നിങ്ങൾ ഇതുപോലെയായിരിക്കണം, അതല്ലാതെ പ്രതിഫലമായി പിന്നീട് എന്തെങ്കിലും നേട്ടം ലഭിക്കുമെന്ന് കരുതിക്കൊണ്ടോ അല്ലെങ്കിൽ ആനുകൂല്ല്യം വാങ്ങിക്കൊണ്ടൊ ആയിരിക്കരുത് ഒരാളെ സഹായിക്കുന്നത്’.

അതുപോലെ, വാഗ്ദത്ത മസീഹ്(അ) പറയുകയുണ്ടായി. വിശുദ്ധ ഖുർആനിലെ പതിനാറാം അധ്യായത്തിൽ, തൊണ്ണൂറ്റിയൊന്നാം വചനത്തിൽ അല്ലാഹു മുസ്‌ലിങ്ങളെ അനുശാസിച്ചിരിക്കുന്നത് നീതിയോടെ പ്രവർത്തിക്കാനും മറ്റുള്ളവർക്ക് നന്മ ചെയ്യാനുമാണ്. അതുകൊണ്ട് നിങ്ങൾക്ക് നന്മ ചെയ്യാത്തവരോടും നിങ്ങൾ സ്നേഹത്തിൽ വർത്തിക്കണം. യഥാർത്ഥത്തിൽ നിങ്ങളതിനുമപ്പുറം ഒരു മാതാവ് തന്റെ ശിശുവിനോടെന്ന പോലെ അവർക്ക് ഉപകാരങ്ങൾ ചെയ്യുകയും പരിചരിക്കുകയും വേണം.

എത്ര മഹത്തരവും ഉന്നതവുമായ അധ്യാപനം! ഒരമ്മയ്ക്ക് തന്റെ കുഞ്ഞിനോടുണ്ടാകുന്ന നിർമ്മലമായ സ്നേഹം നാമെല്ലാം കാണുകയും അനുഭവിച്ചറിയുകയും ചെയ്തിട്ടുണ്ട്. മാതാവിന് പ്രതിഫലത്തെക്കുറിച്ചൊരു വിചാരം പോലുമുണ്ടാവില്ല. അംഗീകാരം അവർ തേടുക പോലും ചെയ്യില്ല. തന്നെക്കാളേറെ തന്റെ കുഞ്ഞിനെ അവൾ സ്നേഹിക്കുന്നു. അതിനെ പരിപാലിക്കാനും സംരക്ഷിക്കാനുമുള്ള അവളുടെ നിശ്ചയദാർഢ്യത്തിനു

ഒരിക്കലും തന്നെ ശക്തി കുറയുന്നുമില്ല. സ്വന്തം സന്തതിപരമ്പരകളോടു മാത്രമല്ല മുഴുവൻ മനുഷ്യകുലത്തിനോടും മാതൃസഹജമായ നിസ്വാർത്ഥതയുടെ ഈ ആത്മാവിനെയാണ് മുസ്‌ലിങ്ങൾ തങ്ങളുടെ ഹൃദയങ്ങളിൽ വളർത്തിയെടുക്കാൻ ഇസ്‌ലാം ആവശ്യപ്പെടുന്നത്. ഫലത്തിൽ, അന്യരെ സേവിക്കാനുള്ള ഒരവസരവും വാഗ്ദത്ത മസീഹ്(അ) നഷ്ടപ്പെടുത്തിയിട്ടിലെന്നു സാരം.

ഉദാഹരണമായി, പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിലെ ഒരു ചെറിയ ഗ്രാമത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. അന്നവിടെ ശരിയായ രീതിയിലുള്ള വൈദ്യചികിത്സാപരമായ സൗകര്യങ്ങൾ ലഭ്യമായിരുന്നില്ല. തന്മൂലം മനുഷ്യകുലത്തെ സേവിക്കണമെന്ന അദമ്യമായ ആഗ്രത്തിന്റെ ഫലമായി അദ്ദേഹം പരമ്പരാഗത വൈദ്യശാസ്ത്രം പഠിക്കുകയും അവശ്യം വേണ്ട മരുന്നുകൾ തന്റെ വീട്ടിൽ സംഭരിക്കുകയും ചെയ്തു. തുടർന്ന് പ്രദേശവാസികൾ അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലാൻ തുടങ്ങി. ജാതി മത വർണ്ണ വർഗ്ഗ വ്യത്യാസങ്ങളൊന്നുമില്ലാതെ അദ്ദേഹം എല്ലാവർക്കും അവരവർക്ക് വേണ്ടതായ മരുന്നുകൾ നൽകിപോരുകയും ചെയ്തു. പ്രത്യേകിച്ചും സമൂഹത്തിലെ അധ:സ്ഥിതരായ, അങ്ങേയറ്റം ദരിദ്രരായ ധാരാളം മനുഷ്യർ ഇതിൽ നിന്നും വലിയ തോതിൽ പ്രയോജനമെടുക്കുകയുണ്ടായി. മാനവരാശിയെ സേവിക്കുക എന്നതു മാത്രമായിരുന്നു വാഗ്ദത്ത മസീഹിന്റെ ഒരേയൊരു ആഗ്രഹവും ലക്ഷ്യവും. ഇതു തന്നെയായിരുന്നു തന്റെ അനുയായികൾക്കായി അദ്ദേഹം ഉപേക്ഷിച്ചിട്ടു പോയ ഏറ്റവും വലിയ നിധിയും പാരമ്പര്യവും.

ഇപ്രകാരം മനുഷ്യസമുദായത്തെ സേവിക്കാനുള്ള അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ ലോകമൊട്ടുക്കെയുള്ള ശ്രമങ്ങൾക്ക് പൂർണ്ണമായുള്ള പ്രചോദനം ലഭ്യമാവുന്നത് മനുഷ്യരാശിയുടെ യാതനകൾക്ക് ആശ്വാസമേകാനുള്ള തീവ്രാഭിലാഷത്തിൽ നിന്നാണ്. അതുകൊണ്ടാണിന്ന് ഹ്യുമാനിറ്റി ഫസ്റ്റ് അതിന്റെ ആദ്യ ആശുപത്രിക്ക് ലോകത്തിന്റെ ഈ കോണിൽ തുടക്കം കുറിക്കുന്നത്. മതപരമായ വിശ്വാസത്തെയും പ്രായത്തെയും വംശീയ-സാമൂഹിക പശ്ചാത്തലങ്ങളെയൊന്നും പരിഗണിക്കാതെ എല്ലാ മനുഷ്യരുടെയും യാതനകൾക്ക് സൗഖ്യമരുളാനുള്ള അസാധാരണ മാർഗ്ഗമായി ഇത് പരിണമിക്കാനും ഇതിന്റെ അനുജ്ഞയെ പൂർത്തികരിക്കാനും മുഴുഹൃദയത്തോടെ ഞാൻ പ്രാർത്ഥിക്കുകയാണ്. മുൻപ് സൂചിപ്പിച്ച പോലെ, ഞങ്ങൾ ഒരുതരത്തിലുമുള്ള പ്രതിഫലമോ പ്രശംസയോ കാംക്ഷിക്കുന്നില്ല. ദൈവത്തിന്റെ പ്രസാദവും സ്നേഹവും തേടുക എന്നതു മാത്രമാണ് ഞങ്ങളുടെ ഒരേ ഒരു ലക്ഷ്യം.

നമ്മുടെ ജീവിതത്തിന്റെ ശരിയായ ലക്ഷ്യപ്രാപ്തി കൈവരിക്കാനും ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നേടിയെടുക്കാനുമുള്ള മാർഗ്ഗമാണ് മനുഷ്യവർഗ്ഗത്തിന് സേവനം ചെയ്യലെന്ന വാഗ്ദത്ത മസീഹ്(അ) പറഞ്ഞ വാക്കുകളാൽ ഞങ്ങളെന്നെന്നും പ്രചോദിതരാണ്. ലാഭത്തിനു വേണ്ടിയോ ഖ്യാതിയ്ക്കു വേണ്ടിയോ അല്ല ഞങ്ങളീ ആശുപത്രി ഇവിടെ പണി കഴിപ്പിച്ചിട്ടുള്ളതെന്ന് നിങ്ങൾക്കിപ്പോൾ വ്യക്തമായിട്ടുണ്ടാകുമെന്ന് എനിക്ക് ഉത്തമവിശ്വാസമുണ്ട്. മറിച്ച്, ഇവിടത്തെ ജനങ്ങൾക്ക് ഉന്നത നിലവാരത്തിലുള്ള ആരോഗ്യപരിപാലനം നൽകിക്കൊണ്ട് ഈ രാജ്യത്തെ ജനങ്ങളെ സേവിക്കുക മാത്രമാണ് ഞങ്ങളുടെ ഒരേ ഒരു ലക്ഷ്യം.

ഈ ആശുപത്രിയുടെ നടത്തിപ്പിൽ നിന്നും എന്തെങ്കിലും സാമ്പത്തിക വരുമാനം ഉണ്ടാകുകയാണെങ്കിൽ അത് ഗ്വാട്ടിമാലയിലെ ജനങ്ങൾക്ക് കൂടുതൽ സേവനം നൽകുന്നതിനായി ഇവിടെത്തന്നെ വിനിയോഗിക്കപ്പെടുമെന്ന് നിങ്ങൾക്ക് ഉറപ്പിക്കാം. അതിൽ നിന്നും ഒരു നയാ പൈസ പോലും വിദേശത്തേക്ക് അയക്കപ്പെടുന്നതായിരിക്കില്ല. രോഗീപ്രവേശന ഫീസിൽ നിന്നും എന്തെങ്കിലും വരുമാനം ലഭിക്കുകയാണെങ്കിൽ അത് ഇവിടത്തന്നെ പുനർനിക്ഷേപം നടത്തിക്കൊണ്ട് ചികിത്സാ ചിലവ് വഹിക്കാൻ കഴിയാത്തവർക്ക് കുറഞ്ഞ നിരക്കിലോ സാധ്യമാണെങ്കിൽ സൗജന്യമായോ ചികിത്സ ഉറപ്പു വരുത്തും. ഇതു കൂടാതെ മറ്റേതെങ്കിലും രീതിയിൽ അധിക വരുമാനമുണ്ടാവുകയാണെങ്കിൽ അത് ഈ ആശുപത്രിയുടെ പരിപാലനത്തിനും കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിനുമായി ഉപയോഗിക്കും. അല്ലെങ്കിൽ മനുഷ്യസേവനത്തിനുള്ള പുതിയ മാർഗ്ഗങ്ങൾക്കായി വിനിയോഗിക്കും. ഞങ്ങൾ മുമ്പ് നടപ്പിലാക്കിയിട്ടുള്ള മനുഷ്യസേവന പദ്ധതികൾ ഞാനീ പറഞ്ഞ കാര്യങ്ങളെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഞങ്ങൾ സ്കൂളുകളും ആശുപത്രികളും എവിടെയെല്ലാം നിർമ്മിച്ചിട്ടുണ്ടോ അതിൽ നിന്നും ലഭിച്ച വരുമാനമൊന്നും രാജ്യത്തിനു പുറത്തേക്ക് കൊണ്ടു പോകാതെ അവയെ പ്രാദേശികമായി പുനർനിക്ഷേപിച്ചു കൊണ്ട് ആ രാജ്യത്തെ ജനങ്ങൾക്ക് ഗുണപ്രദമായ നിലയിൽ വിനിയോഗിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇത് തന്നെയായിരിക്കും ഇവിടെ ഗ്വാട്ടിമാലയിലും ഞങ്ങൾ അവലംബിക്കുക. ദൈവേച്ഛയാൽ, ഈ രാജ്യത്തെ സേവിക്കുവാനുള്ള ഞങ്ങളുടെ പ്രതിജ്ഞാബന്ധതയുടെ അവസാനമായിരിക്കില്ല ഇത്; മറിച്ച് ഒരു തുടക്കം മാത്രമാണ്. തീർച്ചയായും ലോകത്തിന്റെ ഈ ഭാഗത്ത് ഞങ്ങൾ നടപ്പിലാക്കുന്ന നിരവധി മാനുഷിക സേവന പദ്ധതികളിൽ ആദ്യത്തേതാണ് ഈ ആശുപത്രി എന്നതാണെന്റെ വിശ്വാസവും പ്രാർത്ഥനയും. മാനവ സമൂഹത്തിന് ഗുണം ചെയ്യാനുള്ള

ഞങ്ങളുടെ ഉത്തരവാദിത്വത്തെയും കടമയെയും പൂർത്തികരിക്കാനുള്ള ശ്രമങ്ങളെ എല്ലായ്പ്പോഴും ഞങ്ങൾ അധികരിപ്പിച്ചുകൊണ്ടിരിക്കും.

മാനുഷിക സേവനരംഗത്ത് മിന്നിത്തിളങ്ങുന്ന മാതൃകയായിക്കൊണ്ട്, കൂടുതൽ പ്രഭാവത്തോടെ, വർധിത ശക്തിയിൽ മുന്നോട്ട് നീങ്ങാൻ പ്രാപ്തി നൽകിക്കൊണ്ട് ഈ ആശുപത്രിയെ അല്ലാഹു എല്ലാ നിലയിലും അനുഗ്രഹിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

സർവ്വശക്തനായ അല്ലാഹു ഇവിടെയുള്ള ഡോക്ടർമാരുടെയും മെഡിക്കൽ സ്റ്റാഫിന്റെയും ജോലിയിൽ അനുഗ്രഹം ചൊരിയട്ടെ. അവർക്ക് ദൈവകൃപയാൽ രോഗശുശ്രൂഷ നടത്താനും സുഖപ്പെടുത്താനും കഴിയുമാറാകട്ടെ.അങ്ങേയറ്റം നിർധനരായ, ചികിത്സാ ചിലവ് താങ്ങാനാവാത്ത മനുഷ്യർക്ക് ഏറ്റവും കുറഞ്ഞ നിരക്കിലോ സാധ്യമാവുമെങ്കിൽ സൗജന്യമായോ രോഗീ പരിചരണം നടത്താൻ കഴിയുന്ന രീതിയിൽ ഈ ആശുപത്രി നടത്തികൊണ്ടുപോകാൻ ഭരണസമിതിക്ക് കഴിയട്ടെ എന്നും പ്രാർത്ഥിക്കുകയാണ്.

ഈ ആശുപത്രിക്ക് നൽകിയിരിക്കുന്ന പേര് ''നാസിർ ഹോസ്പിറ്റൽ'' എന്നാണ്. മറ്റുള്ളവരെ സഹായിക്കുക, പിന്തുണക്കുക എന്നാണ് ഇതിന്റെ അർത്ഥം. അതിനാൽ എല്ലാ നിലയ്ക്കും പേരിനെ അന്വർഥമാക്കുന്ന വിധം എന്നെന്നും സജീവമായി നിൽക്കാൻ ഈ ഹോസ്പിറ്റലിന് കഴിയട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുകയാണ്. ഈ ആശുപത്രി അതിന്റെ ഉത്കൃഷ്ടമായ കഴിവുകൾക്ക് പേരു കേൾപ്പിക്കുന്ന, എല്ലാത്തിലുപരിയായി സമൂഹത്തിലെ അവശ വിഭാഗങ്ങളെ സഹായിക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധത പുലർത്തുന്നതിന് പരക്കെ അറിയപ്പെടുന്ന ശ്രദ്ധേയവും വിശിഷ്ടവുമായ ഒരു സ്ഥാപനമായി വളർന്നു വരട്ടെയെന്ന് ആത്മാർത്ഥമായി ആശിക്കുകയാണ്.

അവസാനമായി, മതപരവും വംശീയവുമായ എല്ലാ വ്യത്യാസങ്ങളെയും മാറ്റിവെച്ചുകൊണ്ട് എല്ലാ ജനങ്ങളും സഹകരണത്തിന്റെയും സ്നേഹത്തിന്റെയും ആത്മാവോടെ മാനവരാശിയുടെ സേവനത്തിനും സമൂഹത്തിന്റെ നിലയഭിവൃദ്ധിപ്പെടുത്തുവാനുമായി ഒന്നിച്ചണിചേർന്നുകൊണ്ട് യോജിച്ച് പ്രവർത്തിക്കണമെന്ന് ഞാനാഗ്രഹിക്കുകയാണ്.

ലോകമിന്നൊരു ആഗോള ഗ്രാമമായിരിക്കുകയാണ്. എല്ലാ രാജ്യങ്ങളും പരസ്പര ബന്ധിതമാണ്. തത്ക്ഷണ വാർത്താവിനിമയ മാർഗ്ഗങ്ങളാണ് ഇന്നുള്ളത്. അതുകൊണ്ട് തന്നെ മുമ്പത്തെക്കാളുപരിയായി, എല്ലാ നാടുകളിലും വിശ്വാസങ്ങളിലും പെട്ടമനുഷ്യർക്കിടയിൽ സാഹോദര്യത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും മനോഭാവം പരിപോഷിപ്പിച്ചെടുക്കേണ്ടത് മു

ഴുവൻ മനുഷ്യജാതിയുടെയും കർത്തവ്യമാണ്.

എന്നാൽ, നമ്മുടെ സ്നേഹത്തിന്റെയും കരുണയുടെയും നിലവാരം ഉയർത്തുന്നതിനു പകരം അതിനു തികച്ചും വിരുദ്ധമായ യാഥാർത്ഥ്യമാണ് നമ്മുടെ മുന്നിൽ തെളിയുന്നതെന്ന സങ്കടകരമായ സത്യം വ്യസനത്തോടെ പറയട്ടെ. ലോകമെമ്പാടുമുള്ള എല്ലാ സമൂഹങ്ങളിലും സ്വാർഥതയും അത്യാർത്തിയും എല്ലാം 'എനിക്കു മാത്രം' മതിയെന്ന ചിന്താഗതിയും പ്രബലപ്പെട്ടുവരുന്നുണ്ട്. അതിനാൽ ഞാൻ ഹൃദയംഗമമായി പ്രാർത്ഥിക്കുകയാണ്, മനുഷ്യകുലം അത്യാഗ്രഹം ഉപേക്ഷിക്കട്ടെ. അവർ ഇടുങ്ങിയ സ്വാർഥതാത്പര്യങ്ങളെ പിന്തുടരുന്നത് വേണ്ടെന്നു വെയ്ക്കട്ടെ. പകരം മുഴുവൻ മാനവരാശിയെയും പരിരക്ഷിക്കുന്നതിന്റെയും ദൈവസൃഷ്ടികളോട് കാരുണ്യം, ദയ, സ്നേഹം തുടങ്ങിയവ വെളിപ്പെടുത്തുന്നതിന്റെയും പ്രാധാന്യം തിരിച്ചറിയുകയും ചെയ്യട്ടെ.

മനുഷ്യവർഗ്ഗത്തിനു സേവനം ചെയ്യാനുള്ള മനോഭാവത്തിന് സമൂഹത്തിൽ ശാശ്വതമായി വേരുറക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. അങ്ങനെ നമ്മുടെ ഭാവി സംരക്ഷിച്ചുകൊണ്ട്, നമ്മുടെ കുട്ടികൾക്കും വരും തലമുറയ്ക്കും ജീവിതം സാധ്യമാവുന്ന വിധത്തിൽ കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തെ നമുക്കൊരുക്കി കൊടുക്കാനാവട്ടെയെന്ന് ഞാനാശിക്കുകയാണ്. ഈ ഉദ്യമത്തിൽ നമ്മുടെ കടമകൾ നിർവ്വഹിക്കാനുള്ള കഴിവ് സർവ്വശക്തനായ ദൈവം നമുക്കേവർക്കും തന്നരുളുമാറാകട്ടെ, ആമീൻ.

ഈ വാക്കുകളോടെ, ഈ പരിപാടിയിൽ സംബന്ധിച്ച എല്ലാ അതിഥികൾക്കും ഒരിക്കൽ കൂടി നന്ദി പറഞ്ഞുകൊണ്ട് നിർത്തുന്നു.

*നന്ദി.*

# ഇസ്‌ലാമിലെ
# മതസഹിഷ്ണുതയും
# സ്വാതന്ത്ര്യവും




**മസ്ജിദ് മസ്‌റൂർ ഉത്ഘാടനം**

**മനസ്സാസ്, വിർജീനിയ, അമേരിക്ക**

**2018 നവമ്പർ 3**





Hazrat Mirza Masroor Ahmad, Khalifatul-Masih V[aba] Receives a Special Bi-Partisan Resolution from U.S. Congress for His U.S. Tour Presented by U.S. Congressman Gerry Connolly




Hazrat Mirza Masroor Ahmad, Khalifatul-Masih V[aba] Leads Guests of the Masroor Mosque Reception in Silent Prayers. Special Guests Seated Include Honourable Hala Ayala (Member, Virginia House of Delegates), Honourable Dawda Fadera (Gambia Ambassador to the United States), Dr Katrina Lantos Swett (President, Lantos Foundation for Human Rights and Justice), Honourable Gerry Connolly (U.S. Congressman) and Jeremy McPike (Member, Virginia State Senate)










Hazrat Mirza Masroor Ahmad, Khalifatul-Masih V[aba] Receives a Special Recognition from the Governor of Virginia, Ralph Northam, Presented by Honourable Hala Ayala (Member, Virginia House of Delegates) and Honourable Jeremy McPike (Member, Virginia State Senate)

# ആമുഖം

അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ ആഗോള അധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ തിരുമനസ്സ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു) 2018 നവമ്പർ 3, ശനിയാഴ്ച, അമേരിക്കയിലെ വിർജീയിനയിലെ മനസ്സാസിൽ പുതിയതായി നിർമ്മിച്ച പള്ളി മസ്ജിദ് മസ്റൂർ ഉത്ഘാടനം ചെയ്യുകയുണ്ടായി. തുടർന്ന് വൈകുന്നേരം സംഘടിപ്പിച്ച സ്വീകരണ യോഗത്തിൽ 200ലേറെ വിശിഷ്ട വ്യക്തിത്വങ്ങളും അതിഥികളും പങ്കെടുക്കുകയുണ്ടായി. അതിൽ വെച്ച് മസ്ജിദ് മസ്റൂർ സ്ഥിതി ചെയ്യുന്ന വിർജീനിയ ഡിസ്ട്രിക്റ്റ് 51നെ പ്രതിനിധാനം ചെയ്യുന്ന വിർജീനിയൻ പ്രതിനിധി സഭാംഗമായ ഹലാ അയലാ വിർജീനിയൻ ഗവർണർ റാൽഫ് നോർത്താമിൽ നിന്നുള്ള പ്രശംസാപത്രം ഹുസൂർ തിരുമനസ്സിനു സമ്മാനിച്ചു.യുണൈറ്റഡ് സ്റ്റേറ്റ്സ് കോൺഗ്രസ് ഫോർ വിർജീനിയ ഡിസ്ട്രിക്റ്റ് 11 മെമ്പർ ജെറി കൊണോലി, ലാന്റോസ് ഫൗണ്ടേഷൻ ഫോർ ഹ്യുമൻ റൈറ്റ്സ് & ജസ്റ്റിസിന്റെ പ്രസിഡന്റും യുണൈറ്റഡ് സ്റ്റേറ്റ്സ് കമ്മീഷൻ ഓൺ ഇന്റർനാഷണൽ റിലീജിയസ് ഫ്രീഡത്തിന്റെ മുൻ അദ്ധ്യക്ഷയുമായ ഡോ. കത്രീന ലാന്റോസ് സ്വെറ്റ് തുടങ്ങിയ ഉന്നത വ്യക്തിത്വങ്ങൾ സദസ്സിനെ ഹ്രസ്വമായ നിലയിൽ സംബോധന ചെയ്യുകയുണ്ടായി.

# ഇസ്‌ലാമിലെ മത സഹിഷ്ണുതയും സ്വാതന്ത്ര്യവും

*തശഹ്ഹുദും തഅവ്വുദും ചൊല്ലിയതിനു ശേഷം*
*അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ പരമോന്നത നേതാവ്,*
*ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു) പറയുകയുണ്ടായി:*

ബഹുമാന്യ അതിഥികളെ,

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തഹു* – നിങ്ങളുടെ മേൽ അല്ലാഹുവിൽ നിന്നുള്ള ശാന്തിയും സമാധാനവും അനുഗ്രഹങ്ങളും വർഷിക്കപ്പെടുമാറാകട്ടെ..

ഈ പ്രാർത്ഥനാലയത്തിന്റെ ഉത്ഘാടന ചടങ്ങിലേക്ക് ഞങ്ങളുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് എത്തിച്ചേർന്നിട്ടുള്ള എല്ലാ മാന്യ അതിഥികളോടും ഹൃദയത്തിൽ നിന്നുള്ള ആത്മാർത്ഥമായ നന്ദി പറയുവാൻ ഞാനീ അവസരമെടുക്കുകയാണ്. യഥാർത്ഥത്തിൽ നിങ്ങളോട് നന്ദി പ്രകാശിപ്പിക്കുകയെന്നത് എന്റെ മതപരമായ കർത്തവ്യമാണ്. കാരണം, ഇസ്‌ലാമിന്റെ സ്ഥാപകർ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി(സ)യുടെ അധ്യാപനമാണ് സഹജീവികളോട് നന്ദികാണിക്കാത്തയൊരാൾക്ക്ദൈവത്തിനോട്നന്ദിയുള്ളവനാവാൻ കഴിയില്ല എന്നത്.

ഈ നഗരത്തിലെ താമസക്കാരിൽ ബഹുഭൂരിഭാഗവും അമുസ്‌ലിങ്ങളാണ്. വിരലിലെണ്ണാവുന്നത്ര തുച്ഛമാണ് ഇവിടത്തെ അഹ്മദി മുസ്‌ലിങ്ങളുടെ എണ്ണം. എന്നിരുന്നാലും, ഞങ്ങളുടെ പരിമിതമായ അംഗസംഖ്യ കണക്കിലെടുക്കാതെ ഈ പ്രാർത്ഥനാലയം ഇവിടെ നിർമ്മിക്കാനുള്ള അനുവാദം ജില്ലാ(കൗണ്ടി) ഭരണകൂടവും പ്രാദേശികജനതയും ഞങ്ങൾക്ക് നൽകുകയുണ്ടായി. ഇത് നിങ്ങളുടെ വിശാലമനസ്കതയെയും ഉന്നതമായ

സഹിഷ്ണുതയെയുമാണ് പ്രകടമാക്കുന്നത്. ഇതിനുപുറമേ, നിങ്ങളിലേറെപ്പേരും ഇസ്‌ലാം മതവിശ്വാസികളല്ലാഞ്ഞിട്ടു പോലും തീർത്തും ഇസ്‌ലാമികമായ ഈ ചടങ്ങിൽ ഞങ്ങളോടൊപ്പം പങ്കെടുക്കുന്നുവെന്ന വസ്തുത പ്രതിഫലിപ്പിക്കുന്നത് നിങ്ങളുടെ മനസ്സിന്റെ വിശാലതയെയാണ്. നിങ്ങളുടെ ഈ സഹിഷ്ണുതയെന്ന സഹജഗുണം മൂലമാണ് പുതിയ ജനവിഭാഗങ്ങളെ പ്രാദേശിക സമൂഹത്തിലേക്കുൾക്കൊള്ളാനും സമന്വയിപ്പിക്കാനും നിങ്ങൾക്ക് വിജയകരമായ രീതിയിൽ കഴിഞ്ഞത്.

ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിനും മുസ്‌ലിങ്ങൾക്കും പൊതുവെ ലഭിക്കുന്ന മാധ്യമശ്രദ്ധ നിഷേധാത്മക രൂപത്തിലുള്ളതാണെന്ന് നമുക്കേവർക്കും അറിവുള്ളതാണല്ലോ. മുസ്‌ലിങ്ങളെന്നു വിളിക്കപ്പെടുന്ന ഒരു സൂക്ഷമന്യൂ നപക്ഷം മതമൗലികവാദികളാകുകയും തീർത്തും നിന്ദ്യമായ രീതിയിൽ പെരുമാറിക്കൊണ്ട്, തങ്ങളുടെ വിദ്വേഷം നിറഞ്ഞ പ്രവൃത്തികളെ ഇസ്‌ലാമിന്റെ പേരിൽ ന്യായീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ് ഇത്തരത്തിൽ പ്രതിലോമകരമായ വാർത്താ പ്രാധാന്യം ലഭിക്കാനുണ്ടാകുന്ന കാരണം. തദ്ഫലമായി ഇസ്‌ലാമിനെ കുറിച്ച് ഭീതിയും ഉത്കണ്ഠയും അമുസ്‌ലിങ്ങളിൽ ഉണ്ടാകുന്നു. വാസ്തവത്തിൽ, ജനങ്ങളിപ്പോൾ ഇസ്‌ലാമിനെ ഭീകരവാദവും അക്രമവും പ്രോത്സാഹിപ്പിക്കുന്ന ഒരു മതം എന്ന നിലയിലും സമൂഹത്തിനു നേരെയുള്ള ഒരു ഭീഷണിയായിട്ടുമാണ് കരുതുന്നത്.

ഈയൊരു പശ്ചാത്തലത്തിൽ, ഇവിടെ പള്ളി നിർമ്മിക്കാൻ തദ്ദേശീയ ജനസമൂഹം സമ്മതിക്കുകയും ഈ ആഘോഷച്ചടങ്ങിൽ ഞങ്ങളോടൊപ്പം പങ്കെടുക്കുകയും ചെയ്യുന്നുവെന്ന യാഥാർത്ഥ്യം വളരെയധികം പ്രശംസനീയമാണ്. ഇത് ഒരിക്കൽ കൂടി നിങ്ങളെ ആത്മാർത്ഥമായി അഭിനന്ദിക്കാനും ഹൃദയത്തിൽ തട്ടി നന്ദി പറയാനും ധാർമികമായി എന്നെ ബാധ്യതപ്പെടുത്തുകയാണ്.

ഇസ്‌ലാമിന്റെ യഥാർത്ഥ സത്തയുമായി ഒരു തരത്തിലും യോജിക്കുന്നതല്ല അതിനെക്കുറിച്ചുള്ള മാധ്യമങ്ങളുടെ നിഷേധാത്മക നിലയിലുള്ള ചിത്രീകരണമെന്നു ഞാനീ അവസരത്തിൽ നിങ്ങൾക്ക് സമാശ്വാസം നൽകാൻ ആഗ്രഹിക്കുകയാണ്. ചില വ്യക്തികളോ സംഘങ്ങളോ ചെയ്യുന്ന ഹിംസ,തീവ്രവാദം തുടങ്ങിയ നിന്ദ്യവും ഗർഹണീയവുമായ ചെയ്തികളെ ഇസ്‌ലാമിന്റെ പേരിൽ ന്യായീകരിക്കാൻ ശ്രമിക്കുന്നതിനെ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളുമായി ബന്ധപ്പെടുത്താവുന്നതല്ല. ഇസ്‌ലാമിന്റെ അധ്യാപനങ്ങളെന്നു പറയുന്നത് ശാന്തി, സമാധാനം, സ്നേഹം, ഐക്യം, സാഹോദര്യബന്ധം, തുടങ്ങിയവയാണ്. സത്യത്തിൽ 'ഇസ്‌ലാം'

എന്ന അറബി വാക്കിന്റെ അക്ഷരാർത്ഥം 'സമാധാനം' എന്നാകുന്നു. ഒരു മതത്തിന്റെ പേരും അതിന്റെ അസ്തിവാരവും സമാധാനം എന്നാകുമ്പോൾ സമൂഹത്തിന്റെ സുസ്ഥിതിയെയും ശാന്തിയെയും തുരങ്കം വെയ്ക്കുന്ന ഒന്നിനും അനുവാദം കൊടുക്കാനോ പ്രോത്സാഹിപ്പിക്കാനോ ആ മതത്തിന് സാധ്യമല്ല.

മറിച്ച്, ഇത്തരത്തിലുള്ള മതത്തിന്റെ അധ്യാപനങ്ങൾ ശാന്തിയും സമാധാനവും പരിപോഷിപ്പിക്കുകയും മനുഷ്യർക്കിടയിൽ സ്നേഹവും ദയയും കാരുണ്യവും പരത്തുകയുമാണ് ചെയ്യുന്നത്. തീർച്ചയായും, ഞങ്ങളുടെ വിശുദ്ധ ഗ്രന്ഥവും ഇസ്‌ലാമിക നിയമങ്ങളിലും അധ്യാപനങ്ങളിലും ആധികാരിക സ്രോതസ്സുമായ വിശുദ്ധ ഖുർആനിൽ നിന്നും ഇതാണ് ഞങ്ങൾ പഠിച്ചത്. വിശുദ്ധ ഖുർആനെന്നത് ആദ്യാവസാനംവരേക്കും സമാധാനത്തിന്റെ പുസ്തകമാണ്. അതിൽ സാർവത്രിക മാനവിക മൂല്യങ്ങളും മനുഷ്യാവകാശങ്ങളും ഉള്ളടക്കം ചെയ്തിരിക്കുന്നു. എല്ലാ മനുഷ്യരും മനുഷ്യവർഗ്ഗമെന്ന ബാനറിന്റെ കീഴിൽ ഒന്നായി അണിനിരക്കാനാണ് അത് അനുശാസിക്കുന്നത്. സ്വഛന്ദതയോടെ, തുല്ല്യതയോടെ, സ്വാതന്ത്ര്യത്തോടെ, നീതിയോടെ ജീവിക്കാനുള്ള ഓരോ വ്യക്തിയുടെയും അവകാശത്തിനു അത് ഉറപ്പു നൽകുന്നു.

ധാർമ്മികത പഠിപ്പിക്കുന്നതിനും അടിസ്ഥാന മാനുഷിക മൂല്യങ്ങൾ മനസ്സിലാക്കികൊടുക്കുന്നതിനുമായി ലോകത്തിലേക്ക് പ്രവാചകന്മാരെ അല്ലാഹു അയച്ചിട്ടുണ്ടെന്ന് വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നു. ദൈവവും അവന്റെ സൃഷ്ടികളുമായൊരു ബന്ധം ഉണ്ടാക്കുന്നതിനും പരസ്പരമുള്ള അവകാശങ്ങൾ പൂർത്തീകരിക്കുന്നതിലേക്ക് മനുഷ്യകുലത്തിന്റെ ശ്രദ്ധയെ ക്ഷണിക്കുന്നതിനുമാണ് പ്രവാചകന്മാരെ അയച്ചിരിക്കുന്നത്. മുസ്‌ലിങ്ങളെന്ന നിലയിൽ ഞങ്ങൾ വിശ്വസിക്കുന്നത് ഈ മഹത്തായ ലക്ഷ്യം പൂർത്തികരിക്കുന്നതിനായി ദൈവം പ്രവാചകന്മാരെ വിവിധ രാജ്യങ്ങളിലേക്കും ദേശങ്ങളിലേക്കും അയച്ചിട്ടുണ്ടെന്നാണ്. പ്രവാചകന്മാർ നന്മയുടെയും ധാർമ്മികതയുടെയും ഉന്നത നിലവാരമാണ് സ്വജീവിതത്തിൽ പകർത്തിയതും പ്രചരിപ്പിച്ചതുമെന്ന വസ്തുതയെ ലോകത്തിലെ പ്രബലമതങ്ങളുടെ ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ഇപ്രകാരം ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ മനുഷ്യകുലത്തെ ഒന്നിപ്പിക്കുകയും വർണ്ണ- വർഗ്ഗ- മത-സാമുഹിക പശ്ചാത്തല വ്യത്യാസങ്ങളില്ലാതെ മനുഷ്യർക്കിടയിലുള്ള പരസ്പര സ്നേഹത്തിന്റെയും ആദരവിന്റെയും ചേതനയെ പോഷിപ്പിക്കുകയും ചെയ്യുന്നു. ഇത് എല്ലാ അതിരുകളെയും ഇല്ലാതാക്കുകയും സമാധാനപൂർണ്ണവും ക്ഷമയോടു

കൂടിയതുമായ സംവാദത്തെ പ്രോത്സാഹിപ്പിക്കുന്നതുമായ മതമാണ്. അതുകൊണ്ട് തന്നെ മറ്റിതര മതങ്ങളെയോ അതിന്റെ അനുയായിക ളെയോ എതിർക്കുകയോ പീഢിപ്പിക്കുകയോ ചെയ്യുകയെന്നത് ഒരു യഥാർത്ഥ മുസൽമാന് സങ്കൽപ്പിക്കുവാൻ പോലും കഴിയില്ല. ഇസ്ലാം ഒരു സമയത്തും ഒരു സ്ഥലത്തും ഏതെങ്കിലും രൂപത്തിലോ രീതിയിലോ യുള്ള തീവ്രവാദത്തെയോ അക്രമത്തെയോ പ്രോത്സാഹിപ്പികുകയോ പ്ര ചരിപ്പിക്കുകയോ ചെയ്തിട്ടില്ല.

എപ്പോഴെങ്കിലും എവിടെയെങ്കിലും വെച്ച് ഒരു മുസ്ലിം തീവ്രവാദ ആക്രമണം നടത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള മത മൗലികവാദ പെരുമാറ്റം പ്രദർശിപ്പിക്കുകയോ ചെയ്താൽ അത് അവൻ അല്ലെങ്കിൽ അവൾ പൂർണ്ണമായും ഇസ്ലാമിന്റെ അധ്യാപനങ്ങളിൽ നി ന്നു വ്യതിചലിച്ചു പോയതൊന്നുകൊണ്ട് മാത്രമാണ്. അത്തരം ആളു കളും അവരുടെ അത്തരം ചെയ്തികളും ഇസ്ലാമിന്റെ പരിശുദ്ധ നാ മത്തെ കളങ്കപ്പെടുത്താനും ദുഷ്പേര് വരുത്തിവെക്കാനും മാത്രമേ ഉപ കരിക്കാറുള്ളു.

'സർവ്വ ലോക രക്ഷിതാവായ' അല്ലാഹുവാകുന്നു മനുഷ്യകുലത്തിന് എല്ലാം നൽകുകയും പരിപാലിക്കുകയും ചെയ്യുന്നതെന്ന് വിശുദ്ധ ഖുർആനി ലെ പ്രഥമ അധ്യായത്തിൽ സർവ്വ ശക്തനായ അല്ലാഹു പ്രഖ്യാപി ക്കുന്നു. വിശ്വാസം ഏതുമായിക്കൊള്ളട്ടെ എല്ലാ മനുഷ്യർക്കും എല്ലാം നൽകുന്നവനും പരിപാലിക്കുന്നവനും ദൈവമാകുന്നു എന്നാണിതിന ർത്ഥം. ദൈവാസ്തിത്വത്തെ നിരാകരിക്കുന്നവർക്കും മതരഹിത ജീവിതം നയിക്കുന്നവർക്കുമൊക്കെ ദൈവത്തിന്റെ കാരുണ്യവും കൃപയും മൂലം ഈ ലോകത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കാൻ കഴിയുന്നു. അക്കാരണത്താൽ, 'സർവ്വ ലോകങ്ങളുടെയും നാഥനാകുന്നു' അല്ലാഹു എന്ന് പ്രഖ്യാപിക്കുന്നവിടത്തന്നെ അവൻ കരുണാമയനും കാരുണ്യവാനു മാണെന്നും കൂടി വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു. അതേപോ ലെ, ഇസ്ലാമിന്റെ സ്ഥാപകർ മുഹമ്മദ് നബി(സ) 'മനുഷ്യകുലത്തിനാകെ കാരുണ്യ'മാകുന്നു എന്ന് സർവ്വ ശക്തനായ അല്ലാഹു വിശുദ്ധ ഖുർആനി ൽ വിളംബരപ്പെടുത്തുന്നു.

സംശയത്തിന്റെ നിഴലിനുപോലും ഇടം കൊടുക്കാത്ത വിധം, തന്റെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും, എല്ലാ മനുഷ്യരോടുമുള്ള അതി യായ സ്നേഹവും ബഹുമാനവും ഇസ്ലാമിന്റെ പ്രവാചകൻ തെളിയിച്ചു കാട്ടി. അദ്ദേഹത്തിന്റെ ശുദ്ധവും കുലീനവുമായ ഹൃദയം സഹാനു ഭൂതിയാൽ നിറഞ്ഞിരുന്നു. എല്ലായ്പ്പോഴും മനുഷ്യരാശിയുടെ അഭി

വൃദ്ധി ആഗ്രഹിക്കുകയും മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ ഇല്ലായ്മ ചെയ്യാൻ പ്രയത്നിക്കുകയും ചെയ്തിരുന്നു. എല്ലാ മനുഷ്യരെയും ആദരിക്കാനും വിലമതിക്കാനും അദ്ദേഹം തന്റെ അനുയായികളെ പഠിപ്പിച്ചു. ഇതിനൊരു ഉദാഹരണം പറയാം. ഒരിക്കൽ പ്രവാചകൻ നിലത്തിരിക്കുകയായിരുന്നു. പെട്ടെന്ന്, ശവമഞ്ചവുമേന്തി ഒരു വിലാപയാത്ര അതുവഴി കടന്നു പോയപ്പോൾ അദ്ദേഹം എഴുന്നേറ്റു നിന്നു. ഇതു കണ്ട ഒരു അനുയായി മരണപ്പെട്ടതൊരു ജൂതനാണ് മുസ്ലിമല്ലയെന്ന് പ്രവാചകനോടായി പറഞ്ഞു. അതു കേട്ട പ്രവാചകൻ 'അയാളൊരു മനുഷ്യനായിരുന്നില്ലേ' എന്നായിരുന്നു തിരികെ ചോദിച്ചത്. മനുഷ്യരാശിയോടുള്ള അദ്ദേഹത്തിന്റെ ഹൃദയത്തിലുള്ള സ്നേഹത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.കൂടാതെ, മറ്റിതര മതവിശ്വാസികളോട് അനുകമ്പയോടെ പെരുമാറേണ്ടതും അവരുടെ വികാരങ്ങളെയും ആവശ്യങ്ങളെയുംസൂക്ഷമബോധത്തോടെ മാനിക്കേണ്ടതും എങ്ങനെയാണെന്ന് തന്റെ അനുയായികൾക്ക്അദ്ദേഹം മാർഗദർശനം ചെയ്ത രീതിയും ഇതിലൂടെ പ്രകടമാണ്.

ഇസ്ലാം മതസ്വാതന്ത്ര്യത്തിനു വേണ്ടി വാദിക്കാറുണ്ടോയെന്ന് പലപ്പോഴും പലരും ഉന്നയിക്കുന്ന ചോദ്യമാണ്. ഇതിനുത്തരം നൽകുന്നതിനായി പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) യുടെ കാലത്തെ ഒരു സംഭവം വിവരിക്കാം. ഒരിക്കൽ, നജ്റാൻ എന്ന അറബ് നഗരത്തിൽ നിന്നും ഒരു ക്രൈസ്തവ പ്രതിനിധി സംഘം പ്രവാചകനെ കാണാനായി മദീനയിൽ വന്നു. കുറച്ചു കഴിഞ്ഞപ്പോൾ അവർ അസ്വസ്ഥരാകാൻ തുടങ്ങി. ഇതു മനസ്സിലായ പ്രവാചകൻ എന്തെങ്കിലും കുഴപ്പമുണ്ടൊയെന്ന് അന്വേ ഷിച്ചു. തങ്ങളുടെ ആരാധനക്കുള്ള സമയമായെന്നും പക്ഷെ അതിനു ചിതമായ ഒരിടം കാണുന്നുമില്ലയെന്നും അവർ പ്രവാചകനോട് പറഞ്ഞു. ഇതു കേട്ട പ്രവാചകൻ നജ്റാനിൽ നിന്നുള്ള ആ ക്രൈസ്തവ പ്രതിനിധി സംഘത്തിനെ മദീനയിലെ തന്റെ പള്ളിയിലേക്ക് അവരുടെ ആരാധന രീതികളനുസരിച്ച് പ്രാർഥന നടത്തുവാൻ ക്ഷണിക്കുകയുണ്ടായി. ഉദാരവും മഹാമനസ്കതയോടുമുള്ള ഈ പെരുമാറ്റം മുഖേനെ പ്രവാചകൻ മുഹമ്മദ് (സ) സഹിഷ്ണുതയുടെയും മതസ്വാതന്ത്ര്യത്തിന്റെയും ആരാധനാ സ്വാതന്ത്രത്തിന്റെയും എന്നെന്നും നിലനിൽക്കുന്ന ഉദാഹരണമാണ് മനു ഷ്യകുലത്തിനായി നൽകിയത്. എന്നിരുന്നാലും, ആദ്യകാല മുസ്ലിങ്ങൾ എന്തിനാണ് യുദ്ധം ചെയ്തതെന്നു ചില ആളുകൾ ചോദിക്കാറുണ്ട്. ഞാനവരോട് വ്യക്തമാക്കാനാഗ്രഹിക്കുന്നതെന്താണെന്നുവെച്ചാൽ എവിടെയൊക്കെ ഇസ്ലാം ബലം പ്രയോഗിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ അതൊന്നുമൊരിക്കലും തന്നെ രാജ്യങ്ങളെ കീഴടക്കാനോ ജനങ്ങളെ നിർബന്ധിച്ച് ഇസ്ലാം സ്വീക

രിപ്പിക്കാനോ ആയിരുന്നില്ല എന്നാണ്. മറിച്ച്, ഒരു പരിധി വരെയുള്ള ബലപ്രയോഗത്തിനു ആദ്യകാല മുസ്ലിങ്ങളെ അധികാരപ്പെടുത്തി വിശുദ്ധ ഖുർആൻ എവിടെയൊക്കെ പറഞ്ഞിട്ടുണ്ടോ അവിടെയൊക്കെ വ്യക്തമായും ചില നിബന്ധനകൾ അത് മുന്നോട്ട് വെച്ചിട്ടുണ്ടുമുണ്ട്. അതായത്, ബലപ്രയോഗത്തിനുള്ള അനുവാദം നൽകിയിരിക്കുന്നത് സമൂഹത്തിൽ സമാധാനവും സുരക്ഷയും സ്ഥാപിക്കുന്നതിനും യഥാർത്ഥത്തിലുള്ള മതസ്വാതന്ത്ര്യവും വിശ്വാസ സ്വാതന്ത്ര്യവും നിലനിൽക്കുന്നത് ഉറപ്പ് വരുത്തുന്നതിനുമായിട്ടാണ്. അല്ലാതെ ബലപ്രയോഗാനുമതി നൽകിയിരിക്കുന്നത് ഇസ്ലാമിനെ രക്ഷിക്കുന്നതിന് വേണ്ടിയല്ല. അത് എല്ലാ മനുഷ്യരുടെയും മതങ്ങളുടെയും അവകാശം സംരക്ഷിക്കുന്നതിനും ഇഷ്ടമുള്ളത് വിശ്വസിക്കാനുള്ള എല്ലാ സമുദായങ്ങളുടെ അവകാശത്തെ ഉറപ്പുവരുത്തുന്നതിനുമായിട്ടാണ് നൽകിയിരിക്കുന്നതെന്ന് വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നു. വിശുദ്ധ ഖുർആനിലെ 22–ാം അധ്യായത്തിലെ 41–ാം വചനത്തിൽ ഇസ്ലാമിന്റെ എതിരാളികൾ വ്യക്തിപരമായോ രാഷ്ട്രീയ കാരണങ്ങൾ മൂലമോ അല്ലാതെ തികച്ചും മതപരമായ വിദ്വേഷം മൂലം യുദ്ധത്തിനൊരുമ്പെട്ടാൽ അവർക്കെതിരെ സ്വയരക്ഷയ്ക്കായി പ്രതിരോധ യുദ്ധത്തിൽ ഏർപ്പെടുന്നതിനുള്ള അനുമതി ആദ്യമായി മുസ്ലിങ്ങൾക്ക് നൽകുന്നു. അനീതിക്കും അതിക്രമങ്ങൾക്കെതിരെ മുസ്ലിങ്ങൾ സുദൃഢമായ നടപടികൾ എടുത്തില്ലെങ്കിൽ അതെല്ലാ മതങ്ങളുടെയും വിശ്വാസ സ്വാതന്ത്ര്യത്തിന്റെയും നിലനിൽപ്പ് ഇല്ലാതാക്കുന്നതിലേക്ക് നയിക്കുമെന്ന് ഈ വചനം മുന്നറിയിപ്പു നൽകുന്നു. അവരെ നിർബാധം അതിക്രമത്തിനു അനുവദിച്ചാൽ, അവരെ തടയുന്നതിനായി തിരിച്ചടിച്ചിട്ടില്ലയെങ്കിൽ ക്രൈസ്തവ ദേവാലയങ്ങളും ജൂത സിനഗോഗുകളും അമ്പലങ്ങളും മുസ്ലിം പള്ളികളും മറ്റ് ആരാധനാലയങ്ങളും ഒന്നും തന്നെ സുരക്ഷിതമായിരിക്കില്ലയെന്ന് ഈ വചനം സുവ്യക്തമാക്കുന്നു.

ഇങ്ങനെ, ലോകത്തിലെ ആദ്യത്തേതും സർവ്വപ്രധാനവുമായ മതസ്വാതന്ത്ര്യത്തിന്റെ യൂണിവേഴ്സൽ ചാർട്ടർ എന്നത് വിശുദ്ധ ഖുർആൻ തന്നെയാകുന്നു. അതിലുപരിയായി വിശ്വാസസ്വാതന്ത്ര്യമെന്നത് അടിസ്ഥാന മനുഷ്യാവകാശമായി ഇസ്ലാം പ്രതിഷ്ഠിക്കുമ്പോൾ സ്വാഭാവികമായും അതിനെ പിന്തുടരുന്ന യഥാർത്ഥ മുസ്ലിം പള്ളികൾ മത സ്വാതന്ത്ര്യത്തിന്റെ പ്രതീകമാകുന്നു. അവ അനുകമ്പയുടെയും പരസ്പര ആദരവിന്റെയും സ്നേഹത്തിന്റെയും തിളങ്ങുന്ന ദീപസ്തംഭങ്ങളാവുന്നു.

കഴിഞ്ഞ കാലങ്ങളിൽ അഹ്മദി മുസ്ലിങ്ങളുമായുള്ള നിങ്ങളുടെ ഇടപെടലുകളിൽ സ്നേഹത്തിന്റെയും ആദരവിന്റെയും ഒരു പ്രസരിപ്പ്

നിങ്ങൾ തീർച്ചയായും അവരിൽ നിന്നു അനുഭവിച്ചിട്ടുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പ്രാർത്ഥനാലയം ഇപ്പോളിവിടെ ഔപചാരികമായി ഉത്ഘാടനം ചെയ്യപ്പെടുമ്പോൾ ഈ സ്നേഹോഷ്മളമായ പ്രസരിപ്പിന്റെ ചൈതന്യം വർധിക്കുകയും സമാധാനത്തിന്റെയും മാനവികതയുടെയും ഞങ്ങളുടെ സന്ദേശം എന്നത്തെക്കാളും ശബ്ദത്തിൽ പ്രതിദ്ധ്വനിക്കുകയും എല്ലാ ദിശയിലേക്കും മാറ്റൊലിക്കൊള്ളുകയും ചെയ്യും. ഇവിടത്തെ അഹ്മദികൾ ഈ പള്ളിയുടെ ചുറ്റുവട്ടത്ത് താമസിക്കുന്നവരുടെ അവകാശങ്ങൾ പൂർത്തികരിക്കാൻ തീവ്രശ്രമങ്ങൾ നടത്തുന്നതായിരിക്കും.

തീർച്ചയായിട്ടും, തങ്ങളുടെ അയൽക്കാരുടെ അവകാശങ്ങൾ പൂർത്തികരിച്ചുകൊടുക്കുവാനും സ്നേഹത്തോടും കരുതലോടും കൂടി അവരോട് പെരുമാറാനും വിശുദ്ധ ഖുർആൻ ആവർത്തിച്ച് മുസ്ലിങ്ങളെ ബോധനം ചെയ്തിട്ടുണ്ട്. ഞങ്ങളുടെ അയൽപക്കക്കാർ എന്നുപറയുന്നത് ഈ പള്ളിയുടെ അടുത്തോ അല്ലെങ്കിൽ അഹ്മദി മുസ്ലിങ്ങളുടെ വീടുകളുടെ അടുത്തോ താമസിക്കുന്നവർ മാത്രമല്ല. വിശുദ്ധ ഖുർആന്റെ അധ്യാപനമനുസരിച്ച് അയൽക്കാരുടെ വൃത്തം വളരെ വലുതാണ്. അതിൽ ഒരാളുടെ സഹപ്രവർത്തകർ, കീഴുദ്യോഗസ്ഥർ, യാത്രാ പങ്കാളികൾ അങ്ങനെ പല ആളുകളും ഉൾപ്പെടുന്നതാണ്. ഇതിന്റെ സാരാംശം എന്താണെന്നു വെച്ചാൽ ഈ നഗരത്തിൽ താമസിക്കുന്ന എല്ലാ മനുഷ്യരും ഞങ്ങളുടെ അയൽക്കാർ ആണ്. അവരോട് സ്നേഹത്തോടെയും, അനുകമ്പയോടെയും ഔദാര്യത്തോടെയും മഹാമനസ്കതയോടെയും പെരുമാറുക എന്നത് ഞങ്ങളുടെ മതപരമായ കടമയാണ്.

ഞാനീപറഞ്ഞ നിലവാരത്തിലേക്കു ഇവിടത്തെ പ്രാദേശിക അഹ്മദി മുസ്ലിങ്ങൾക്ക് ഉയരുവാനും ഓരോ ദിവസവും വ്യക്തിപരമായി അവരുടെ വാക്കുകളിലും പ്രവൃത്തികളിലുംഇസ്ലാമിക സന്ദേശത്തിന്റെ കാതൽ ആയ സ്നേഹവും മനുഷ്യത്വവും പ്രതിഫലിക്കപെടട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. അവർക്ക് ഇസ്ലാമിന്റെ സമാധാനത്തിന്റെയും ദയയുടെയും സൗമനസ്യത്തിന്റെയും സന്ദേശം ഈ പ്രദേശത്തും രാജ്യമൊട്ടാകെയും എത്തിക്കാൻ കഴിയുമാറാകട്ടെ.

തങ്ങളുടെ അയൽക്കാരോടും സമൂഹത്തിലെ മറ്റുള്ളവരോടുമുള്ള ഇവിടത്തെ അഹ്മദി മുസ്ലിങ്ങളുടെ വ്യവഹാരം സ്നേഹവും സഹാനുഭൂതിയും നിറഞ്ഞതാവട്ടെ. തദ്ഫലമായി, ചില അമുസ്ലിം സുഹൃത്തുക്കളുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്ന ഇസ്ലാമിനോടുള്ള ഭീതിയും ഉത്കണ്ഠയും വളരെ പെട്ടെന്ന് തന്നെ അപ്രത്യക്ഷമാവട്ടെ. നമ്മുടെ വിശുദ്ധ ഗ്രന്ഥമായ വിശുദ്ധ ഖുർആന്റെ ഉന്നതമായ അധ്യാപനങ്ങൾ ഇവിടെ

താമസിക്കുന്ന അഹ്മദി മുസ്‌ലിങ്ങൾക്ക് തങ്ങളുടെ ജീവിതം മുഖേനെ പ്രദർശിപ്പിക്കാനും അങ്ങനെ തദ്ദേശീയ ജനസമൂഹത്തിന് യഥാർത്ഥത്തിൽ ഇസ്‌ലാമെന്താണെന്നു മനസ്സിലാക്കാനും കഴിയട്ടെയെന്നും ഞാൻ പ്രാർത്ഥിക്കുകയാണ്.

മനുഷ്യസ്നേഹിയും സമാധാനകാംക്ഷിയുമായ, വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളുടെ പൂർണ്ണാവിഷ്ക്കാരവുമായ പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ)ന്റെ വ്യക്തിത്വം ഇവിടെ യുണൈറ്റഡ് സ്റ്റേറ്റ്സിലും മറ്റിടങ്ങളിലുമുള്ള ജനസാമാന്യത്തിനു മുന്നിൽ വെളിപ്പെടുമാറാകട്ടെ. പ്രാദേശിക തലത്തിലോ, ദേശീയ–അന്തർദേശീയ തലങ്ങളിലോ ആയാലും ലോകത്ത് സമാധാനം പരത്തുകയെന്ന പൊതുലക്ഷ്യത്തെ മുൻനിർത്തി എല്ലാ വിശ്വാസധാരയിലും പെട്ട മുഴുവൻ മനുഷ്യരും ഒന്നിക്കട്ടെയെന്നതും എന്റെ ആത്മാർത്ഥമായ പ്രാർത്ഥനയാണ്.

നാമീ ലോകത്തിൽ നിന്നു വിടപറഞ്ഞു പോവുമ്പോൾ നമ്മുടെ കുട്ടികളും ഭാവി തലമുറകളും നമ്മെ സ്നേഹത്തോടെയും മമതയോടെയും ഓർക്കണമെന്നത് എന്റെ ഹൃദയത്തിന്റെ അഗാധതയിൽ നിന്നുമുള്ള പ്രാർത്ഥനയാണ്. മനുഷ്യർക്കിടയിൽ സാഹോദര്യവും സ്നേഹവും സമാധാനവും പരിപോഷിപ്പിക്കാനുള്ള ഒരവസരവും തങ്ങളുടെ മുതിർന്ന തലമുറ പാഴാക്കിയില്ലയെന്നും പ്രശാന്തവും പ്രകാശമാനവുമായ ഒരു ലോകത്തെയാണ് തങ്ങൾക്കായ് നീക്കിവെച്ചതുമെന്ന് അവർക്ക് ഉറപ്പിച്ചു പറയാനാവട്ടെ. നമ്മുടെ കുട്ടികൾ നിന്ദയോടെ മാത്രം നമ്മെ സ്മരിക്കുന്ന, ശത്രുതയോടെ യുദ്ധത്തിനായി വിറളികൊള്ളുന്ന, അവരുടെ ഭാവി നശിപ്പിച്ച, യുദ്ധത്തിന്റെയും നശീകരണത്തിന്റെയും തുടർച്ച മാത്രം അവശേഷിപ്പിച്ചവരായി നമ്മെ കണക്കാക്കുന്ന ഒരവസ്ഥയുടെ ചെറിയ ചിന്ത പോലും സഹിക്കാനാവില്ല.

അതിനാൽ, ഭാവി തലമുറകളെ സംരക്ഷിക്കുന്നതിനായി നമ്മുടെ വിയോജിപ്പുകളെ മാറ്റിവെക്കുകയും പരസ്പരമുള്ള അവകാശങ്ങളെ പൂർത്തികരിക്കുന്നതിലേക്കും മനുഷ്യരാശിയെ സേവിക്കുന്നതിലേക്കും ശ്രദ്ധിക്കേണ്ടത് അനിവാര്യതയാണ്. ശാന്തി സമാധാനവും സമ്പൽ സമൃദ്ധിയും കളിയാടുന്ന ഒരു ലോകത്തെ നമ്മുടെ പിൻഗാമികൾക്കായി ഉറപ്പുവരുത്തുകയെന്നത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. ഈ മഹത്തായ ലക്ഷ്യം നേടുന്നതിനായ് നമ്മുടെ എല്ലാ ഊർജ്ജവും സമാധാനം സംസ്ഥാപിക്കാനുള്ള ഉദ്യമത്തിനായി ചിലവഴിക്കാൻ നാം തയ്യാറാവേണ്ടതുണ്ട്. എല്ലാ മതങ്ങളെയും അവരുടെ ഗുരുക്കന്മാരെയും ആദരവോടെ നോക്കികാണുകയെന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാ

ണമാണ്. ഞാൻ തുടക്കത്തിൽ പറഞ്ഞതു പോലെ എല്ലാ പ്രവാചകന്മാരിലും ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ട് തന്നെ അവർക്കെതിരെയോ അവരുടെ അധ്യാപനങ്ങൾക്കെതിരെയോ സംസാരിക്കുകയെന്നത് ഒരു യഥാർത്ഥ വിശ്വാസിക്ക് സാധ്യമേയല്ല.

അതുകൊണ്ട് തന്നെ ഒരാളുടെ ജാതിക്കോ സാമൂഹിക പദവിക്കോ പ്രാധാന്യം കൊടുക്കാതെ ഓരോരുത്തരുടെയും വിശ്വാസത്തെയും മതതാത്പര്യങ്ങളെയും ഞങ്ങൾ ബഹുമാനിക്കുന്നു എന്നത് വളരെയധികം സവിശേഷ പ്രാധാന്യമുള്ളതാണ്. ഈ ലോകത്തെ ബാധിച്ചിരിക്കുന്ന കുഴപ്പങ്ങൾക്ക് ഒരവസാനം വരുത്തുവാനും എല്ലാ തരത്തിലുമുള്ള അനീതിയെയും അസഹിഷ്ണുതയെയും ഇല്ലായ്മ ചെയ്യാനുമുള്ള കഴിവ് സർവ്വശക്തനായ അല്ലാഹു നമുക്ക് പ്രദാനം ചെയ്യുമാറാകട്ടെ എന്ന് ഞാൻ പ്രത്യാശിക്കുന്നു, പ്രാർത്ഥിക്കുന്നു. വിദ്വേഷവും ശത്രുതയും നിറഞ്ഞ ലോകത്തിനു പകരം സ്നേഹവും കാരുണ്യവും നിറഞ്ഞൊരു ലോകത്തിനായ് നമുക്ക് പ്രാർത്ഥിക്കാം.

സ്വാർഥതയോടെ നിക്ഷിപ്ത താത്പര്യങ്ങളുടെ പുറകെ പോകുന്നതിനു പകരം പൊതുനന്മയ്ക്കായി സേവനം ചെയ്യുന്നതിന്റെ മൂല്യം തിരിച്ചറിയുന്നവരായി മാറട്ടെ എല്ലാവരും. അവസാനമായി ഈ പ്രാർത്ഥനാലയം ഈ സമൂഹത്തിലെ വെളിച്ചമായും ഐക്യത്തിന്റെയും പ്രതീക്ഷയുടെയും ഉപാധിയായും മാറട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ആമീൻ.

ഇന്നിവിടെ സന്നിഹിതരായ എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി പറയുന്നു. എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

നന്ദി.







*Top Left:* Hazrat Mirza Masroor Ahmad, Khalifatul-Masih V[aba], Meets the Honourable Sam Brownback, U.S. Ambassador-at- Large for International Religious Freedom

*Bottom Left:* Hazrat Mirza Masroor Ahmad, Khalifatul-Masih V[aba], Meets the Honourable Jamie Raskin, U.S. Congressman (Maryland)

*Above:* Hazrat Mirza Masroor Ahmad, Khalifatul-Masih V[aba], Meets Honourable Dawda Federa, Ambassador of The Gambia to the United States

*Below:* Hazrat Mirza Masroor Ahmad, Khalifatul-Masih V[aba], Meets Dr. Katrina Lantos Swett, President Lantos Foundation for Human Rights and Justice

*Top Right:* Hazrat Mirza Masroor Ahmad, Khalifatul-Masih V[aba], Meets Professor Emran El-Bedawi (University of Houston) and Professor Craig Considine (Rice University)

*Bottom Right:* Hazrat Mirza Masroor Ahmad, Khalifatul-MasihV[aba], Meets the Honorable Michael McCaul, Member of U.S.Congress (Republican-Texas), at Masjid Baitul Samee, Houston, Texas, USA







# U.S. CONGRESS—HOUSE RESOLUTION 1125

To honour the historic U.S. visit of Hazrat Mirza Masroor Ahmad, Khalifatul-Masih V[aba], nineteen members of the U.S. Congress co-sponsored a bi-partisan resolution before the U.S. House of Representatives.

### MEMBERS OF THE U.S. CONGRESS SUPPORTING THE RESOLUTION

| | Member Name | Affiliation-State |
|---|---|---|
| 1 | U.S. Congressman Peter King | Republican—New York *Ahmadiyya Muslim Caucus Co-Chair |
| 2 | U.S. Congresswoman Jackie Speier | Democrat—California *Ahmadiyya Muslim Caucus Co-Chair |
| 3 | U.S. Congressman Frank Pallone | Democrat—New Jersey |
| 4 | U.S. Congressman James McGovern | Democrat—Massachusetts |
| 5 | U.S. Congressman Peter Roskam | Republican—Illinois |
| 6 | U.S. Congressman Ted Poe | Republican—Texas |
| 7 | U.S. Congressman Pete Aguilar | Democrat—California |

| | Member Name | Affiliation-State |
|---|---|---|
| 8 | U.S. Congressman Jamie Raskin | Democrat—Maryland |
| 9 | U.S. Congresswoman Norma Torres | Democrat—California |
| 10 | U.S. Congressman Michael McCaul | Republican—Texas |
| 11 | U.S. Congressman Gerry Connolly | Democrat—Virginia |
| 12 | U.S. Congresswoman Zoe Lofgren | Democrat—California |
| 13 | U.S. Congressman Brad Sherman | Democrat—California |
| 14 | U.S. Congresswoman Gwen Moore | Democrat—Wisconsin |
| 15 | U.S. Congresswoman Judy Chu | Democrat—California |
| 16 | U.S. Congressman Tom Suozzi | Democrat—New York |
| 17 | U.S. Congressman Raja Krishnamoorthi | Democrat—Illinois |
| 18 | U.S. Congressman Andre Carson | Democrat—Indiana |
| 19 | U.S. Congresswoman Suzanne Bonamici | Democrat—Oregon |

AUTHENTICATED
U.S. GOVERNMENT
INFORMATION
GPO



115TH CONGRESS
2D SESSION

# H. RES. 1125

Welcoming His Holiness, Hadhrat Mirza Masroor Ahmad, the worldwide spiritual head of the Ahmadiyya Muslim Community, to the United States, including Pennsylvania, Maryland, Texas, Virginia, and Washington, DC, and recognizing his commitment to world peace, absolute justice, global unity among nations, nonviolence, rejection of extremism, nuclear disarmament, elimination of weapon profiteering, eradication of poverty, economic equity, service to humanity, universal human rights, international religious freedom, and democracy.

---

IN THE HOUSE OF REPRESENTATIVES

OCTOBER 12, 2018

Mr. KING of New York (for himself, Ms. SPEIER, Mr. PALLONE, Mr. MCGOVERN, Mr. ROSKAM, Mr. POE of Texas, Mr. AGUILAR, Mr. RASKIN, Mrs. TORRES, Mr. MCCAUL, and Mr. CONNOLLY) submitted the following resolution; which was referred to the Committee on Foreign Affairs

---

# RESOLUTION

Welcoming His Holiness, Hadhrat Mirza Masroor Ahmad, the worldwide spiritual head of the Ahmadiyya Muslim Community, to the United States, including Pennsylvania, Maryland, Texas, Virginia, and Washington, DC, and recognizing his commitment to world peace, absolute justice, global unity among nations, nonviolence, rejection of extremism, nuclear disarmament, elimination of weapon profiteering, eradication of poverty, economic equity, service to humanity, universal human rights, international religious freedom, and democracy.

Whereas, from October 15, 2018, to November 5, 2018, His Holiness, Hadhrat Mirza Masroor Ahmad, the worldwide spiritual head of the Ahmadiyya Muslim Community, an international religious organization with millions of members across the globe, is making a historic visit to the United States, during which time he will inaugurate three new mosques: Baitul Aafiyat Mosque in Philadelphia, Pennsylvania, Baitus Samad Mosque in Baltimore, Maryland, and Masroor Mosque in Manassas, Virginia;

Whereas His Holiness was elected to become fifth Khalifa to Hadhrat Mirza Ghulam Ahmad, founder of the Ahmadiyya Muslim Community, on April 22, 2003, a lifelong position;

Whereas His Holiness is a leading Muslim figure promoting peace, who in his sermons, lectures, books, and personal meetings has continually advocated the Ahmadiyya Muslim values of service to humanity, universal human rights, and a peaceful and just society;

Whereas the Ahmadiyya Muslim Community has suffered repeated severe hardships, institutionalized discrimination, persecution, and violence in several countries in the world, including Pakistan, Indonesia, and Algeria;

Whereas, on May 28, 2010, 86 Ahmadi Muslims were killed in Lahore, Pakistan, when 2 mosques belonging to the Ahmadiyya Muslim Community were attacked by anti-Ahmadiyya terrorists and scores more have been killed in targeted attacks since then;

Whereas despite the continued sectarian persecution that Ahmadi Muslims are subjected to, His Holiness continues to forbid violence;

Whereas His Holiness has traveled globally to promote and facilitate service to humanity, meeting with Presidents, Prime Ministers, parliamentarians, and ambassadors of state;

Whereas His Holiness delivered the keynote address at a special bipartisan reception at the Rayburn House Office Building on Capitol Hill on June 27, 2012, ''The Path to Peace: Just Relations Between Nations''; and

Whereas during his visit to the United States, His Holiness will meet thousands of American Muslims belonging to the Ahmadiyya Muslim Community in addition to significant United States Government leaders in order to strengthen relationships and find mutual means of establishing peace and justice for all people: Now, therefore, be it

*Resolved,* That the House of Representatives—

(1) welcomes His Holiness, Hadhrat Mirza Masroor Ahmad, to Pennsylvania, Maryland, Texas, Virginia, and Washington, DC;

(2) commends the tireless efforts of His Holiness toward promoting a pathway to achieve individual and global peace, as well as individual and global justice;

(3) commends His Holiness for courageously and unequivocally condemning extremism and terror in all its forms; and

(4) commends His Holiness for his perseverance in counseling all Ahmadi Muslims to eschew any

form of violence, even in the face of severe persecution.

○

# യു.എസ് കോൺഗ്രസ്സ്–<br>ഹൗസ് പ്രമേയം 1125

ഹദ്റത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അഞ്ചാമന്റെ ചരിത്രപരമായ അമേരിക്കൻ പര്യടനത്തിന് ആദരമർപ്പിച്ചുകൊണ്ട് ഒരു ഉഭയകക്ഷി പ്രമേയത്തിന് യു.എസ് ജനപ്രതിനിധി സഭയിൽ യു.എസ് കോൺഗ്രസിലെ പത്തൊൻപത് അംഗങ്ങൾ പ്രായോജകരായി.

പ്രമേയത്തെ പിന്തുണക്കുന്ന യു.എസ് കോൺഗ്രസ്സ് അംഗങ്ങൾ

| | Member Name | Affiliation-State |
|---|---|---|
| 1 | U.S. Congressman Peter King | Republican—New York *Ahmadiyya Muslim Caucus Co-Chair |
| 2 | U.S. Congresswoman Jackie Speier | Democrat—California *Ahmadiyya Muslim Caucus Co-Chair |
| 3 | U.S. Congressman Frank Pallone | Democrat—New Jersey |
| 4 | U.S. Congressman James McGovern | Democrat—Massachusetts |
| 5 | U.S. Congressman Peter Roskam | Republican—Illinois |
| 6 | U.S. Congressman Ted Poe | Republican—Texas |
| 7 | U.S. Congressman Pete Aguilar | Democrat—California |

115TH CONGRESS
2D SESSION

# H. RES. 1125

ആഗോള അഹ്മദിയ്യ സമൂഹത്തിന്റെ ആത്മീയ നേതാവ് ഹദ്റത് മിർസാ മസ്റൂർ അഹ്മദ് തിരുമനസ്സിനെ, പെനിസിൽവാനിയ, മേരിലാന്റ്, ടെക്സാസ്, വിർജീനിയ, വാഷിങ്ങ്ടൺ ഡി.സി എന്നിവയുൾപ്പെടെ അമേരിക്കയിലേക്കു സ്വാഗതം ചെയ്യുന്നു. ലോക സമാധാനം, കേവല നീതി, രാഷ്ട്രങ്ങൾക്കിടയിലുള്ള ആഗോള ഐക്യം, അഹിംസ, ഭീകരവാദ നിരാസം, ആണവ നിരായുധീകരണം, ആയുധ കച്ചവട ലാഭ ഉന്മൂലനം, ദാരിദ്ര്യ നിർമാർജ്ജനം, സാമ്പത്തിക നീതി, മാനവ സേവ, സാർവത്രിക മനുഷ്യാവകാശങ്ങൾ, അന്തർദ്ദേശീയ മതസ്വാതന്ത്ര്യം, ജനാധിപത്യം എന്നിവയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയെ അംഗീകരിക്കുന്നു.

---

IN THE HOUSE OF REPRESENTATIVES

OCTOBER 12, 2018

Mr. KING of New York (for himself, Ms. SPEIER, Mr. PALLONE, Mr. MCGOVERN, Mr. ROSKAM, Mr. POE of Texas, Mr. AGUILAR, Mr. RASKIN, Mrs.TORRES, Mr. MCCAUL, and Mr. CONNOLLY) ഇനിപ്പറയുന്ന പ്രമേയം സമർപ്പിച്ചു. തുടർന്ന് ഇത് വിദേശകാര്യ സമിതിയ്ക്ക് കൈമാറി.

---

# പ്രമേയം

ആഗോള അഹ്മദിയ്യ മുസ്ലിം സമൂഹത്തിന്റെ ആത്മീയ നേതാവ് ഹദ്റത് മിർസാ മസ്റൂർ അഹ്മദ് തിരുമനസ്സിനെ, പെനിസിൽവാനിയ, മേരിലാന്റ്, ടെക്സാസ്, വിർജീനിയ, വാഷിങ്ങ്ടൺ ഡി.സി ഉൾപ്പെടെ അമേരിക്കയിലേക്കു സ്വാഗതം ചെയ്യുകയും ലോക സമാധാനം, കേവല നീതി, രാഷ്ട്രങ്ങൾക്കിടയിലുള്ള ആഗോള ഐക്യം, അഹിംസ, ഭീകരവാദ നിരാസം, ആണവ നിരായുധീകരണം, ആയുധ കച്ചവട ലാഭ ഉന്മൂലനം, ദാരിദ്ര്യ നിർമാർജ്ജനം, സാമ്പത്തിക നീതി, മാനവ സേവ, സാർവത്രിക മനുഷ്യാവകാശങ്ങൾ, അന്തർദ്ദേശീയ മതസ്വാതന്ത്ര്യം, ജനാധിപത്യം എന്നിവയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയെ അംഗീകരിക്കുകയും ചെയ്യുന്നു.

ലോകമെമ്പാടും ദശലക്ഷക്കണക്കിനു അംഗങ്ങളുള്ള അന്തർദ്ദേശീയ മത സംഘടനയായ അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ ആഗോള ആത്മീയ തലവൻ ഹദ്റത് മിർസാ മസ്‌റൂർ അഹ്മദ് തിരുമനസ്സ് 2018 ഒക്ടോബർ 15 മുതൽ 2018 നവമ്പർ 5 വരെ ചരിത്ര പ്രാധാന്യമുള്ള അമേരിക്കൻ സന്ദർശനം നടത്തുന്ന വേളയിൽ  മൂന്ന് പുതിയ പള്ളികൾ; ഫിലാഡെൽഫിയ പെൻസിൽവാനിയയിലെ ബൈത്തുൽ ആഫിയത്ത്,  മേരിലാന്റ് ബാൾട്ടിമോറിലെ ബൈത്തുസ്സമദ്, വിർജീനിയ മനസ്സാസിലെ മസ്‌റൂർ മസ്ജിദ്, എന്നിവ ഉത്ഘാടനം ചെയ്യുന്നതിനാലും;

അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റെ അഞ്ചാമത്തെ ഖലീഫ എന്ന ആജീവനാന്ത പദവിയിലേക്ക് 2003 ഏപ്രിൽ 22നു തിരഞ്ഞെടുക്കപ്പെട്ടതിനാലും;

ഹുസൂർ തിരുമനസ്സ് തന്റെ ധർമ്മപ്രബോധനങ്ങളിലും പ്രഭാഷണങ്ങളിലും രചനകളിലും വ്യക്തിഗത കൂടിക്കാഴ്ചകളിലും മനുഷ്യകുലത്തിനെ സേവിക്കുന്നതിനും സാർവത്രിക മനുഷ്യാവകാശങ്ങൾക്കും നീതിബോധവും സമാധാനവും നിറഞ്ഞ സമൂഹത്തിനായുള്ള അഹ്മദിയ്യ മുസ്‌ലിം മൂല്യങ്ങളെക്കുറിച്ച് തുടർച്ചയായി വാദിക്കുന്ന, സമാധാനപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന  മാർഗ്ഗദർശിയായ മുസ്‌ലിം വ്യക്തിത്വമായതിനാലും;

പാക്കിസ്ഥാൻ, ഇന്തോനേഷ്യ, അൾജീരിയ ഉൾപ്പെടെയുള്ള ലോകത്തെ വിവിധ രാജ്യങ്ങളിൽ അഹ്മദിയ്യ മുസ്‌ലിം സമൂഹം തുടർച്ചയായി കഠിനവും പ്രയാസവുമേറിയ ബുദ്ധിമുട്ടുകൾ, സ്ഥാപനവത്കരിക്കപ്പെട്ട വിവേചനം, പീഢനങ്ങൾ, അക്രമങ്ങൾ അനുഭവിച്ചുക്കൊണ്ടിരിക്കുന്നതിനാലും;

പാക്കിസ്ഥാനിലെ ലാഹോറിൽ സ്ഥിതി ചെയ്യുന്ന അഹ്മദിയ്യ മുസ്‌ലിം സമൂഹത്തിന്റെ രണ്ട് പള്ളികൾ  2010 മെയ് 28 ന്  അഹ്മദി വിരുദ്ധ ഭീകരർ ആക്രമിക്കുകയും 86 അഹ്മദി മുസ്ലിങ്ങളെ കൊലപ്പെടുത്തുകയും അന്ന് മുതലുള്ള ആസൂത്രിത ആക്രമണങ്ങളിൽ നിരവധി ജീവനുകൾ പൊലിയുകയും ചെയ്തിട്ടുള്ളതിനാലും;

അഹ്മദി മുസ്‌ലിംങ്ങൾ തുടർച്ചയായി മതവിഭാഗീയ പീഢനങ്ങൾക്ക് വിധേയമായിട്ടും, അക്രമത്തിനു മുതിരുന്നതിനെ ഹുസൂർ തിരുമനസ്സ് നിരന്തരം വിലക്കുന്നതിനാലും;

മനുഷ്യകുലത്തിനായുള്ള സേവനങ്ങൾ സുലഭമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഹുസൂർ തിരുമനസ്സ് ലോകമെമ്പാടും സഞ്ചരിച്ചുകൊണ്ട് പ്രസിഡന്റ്മാർ വൈസ് പ്രസിഡന്റ്മാർ പാർലമെന്റംഗങ്ങൾ അമ്പാസഡർമാർ തുടങ്ങിയവരുമായി കൂടിക്കാഴ്ച നടത്തുന്നതിനാലും;

ക്യാപിറ്റോൾ ഹില്ലിലെ റെയ്ബേൺഹൗസ് ഓഫീസ് സമുച്ചയത്തിൽ 2012 ജൂണ് 27ന് പ്രത്യേക ഉഭയകക്ഷി സ്വീകരണത്തിൽ 'സമാധാനത്തിലേക്കുള്ള പാത: രാഷ്ട്രങ്ങൾ തമ്മിലുള്ള നീതിപൂർവ്വ ബന്ധം' എന്ന മുഖ്യപ്രഭാഷണം ഹുസൂർ തിരുമനസ്സ് നിർവ്വഹിച്ചതിനാലും;

ഹുസൂർ തിരുമനസ്സ് തന്റെ അമേരിക്കൻ പര്യടന വേളയിൽ ആയിരക്കണക്കിനു അമേരിക്കൻ അഹ്മദി മുസ്ലിംങ്ങളെ സന്ദർശിക്കുന്നതിനോടൊപ്പം പരസ്പരബന്ധം ദൃഢപ്പെടുത്തുന്നതിനും സമാധാനവും നീതിയും എല്ലാ ജനതയ്ക്കും ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനുമായി യുണൈറ്റഡ് സ്റ്റേറ്റ്സ് ഭരണകൂടത്തിലെ പ്രധാന വ്യക്തിത്വങ്ങളുമായി കൂടിക്കാഴ്ച നടത്തുന്നതിനാലും;

ആയതിനാൽ ഇപ്പോൾ, അതിങ്ങനെ വ്യക്തമാക്കാം, അതായത് ജന പ്രതിനിധി സഭ

(1) ഹദ്റത് മിർസാ മസ്റൂർ അഹ്മദ് തിരുമനസ്സിനെ പെൻസിൽവാനിയ, മേരിലാന്റ്, ടെക്സാസ്, വിർജീനിയ, വാഷിങ്ങ്ടണ് ഡി.സി എന്നിവിടങ്ങളിലേക്ക് സ്വാഗതം ചെയ്യുന്നു;

(2) വ്യക്തിപരവും ആഗോളവുമായ സമാധാനവും അതേപോലെ വ്യക്തിപരവും ആഗോളവുമായ നീതിയും കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന ഹുസൂർ തിരുമനസ്സിന്റെ അശ്രാന്തപരിശ്രമങ്ങൾക്ക് അഭിനന്ദനം അർപ്പിക്കുന്നു;

(3) എല്ലാ രീതികളിലുമുള്ള തീവ്രവാദത്തെയും ഭീകരവാദത്തെയും സധൈര്യം അസന്ദിഗ്ധമായി അപലപിക്കുന്നതിന് ഹുസൂർ തിരുമനസ്സിനെ അഭിനന്ദിക്കുന്നു;

(4) കഠിന പീഢനങ്ങളുടെ സാഹചര്യങ്ങളിലും എല്ലാവിധ അക്രമങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കാൻ അഹ്മദി മുസ്ലിംങ്ങളെ ഉത്ബോധിപ്പിച്ചുക്കൊണ്ടിരിക്കുന്ന ഹുസൂർ തിരുമനസ്സിന്റെ സ്ഥിരോത്സാഹത്തിനു അഭിനന്ദനം അറിയിക്കുന്നു.

# ശബ്ദസംഗ്രഹം

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് :** ഹദ്‌റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യെ വാഗ്ദത്ത മസീഹും മഹ്ദിയുമാണെന്ന് വിശ്വസിക്കുന്ന മുസ്‌ലിം പ്രസ്ഥാനം. 1889ൽ ഹദ്‌റത്ത് മിർസാ ഗുലാം അഹ്മദ് (അ) സ്ഥാപിച്ച ഈ പ്രസ്ഥാനം ഇന്ന് അദ്ദേഹത്തിന്റെ അഞ്ചാം ഖലീഫയായ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദി (അയ്യദഹുല്ലാഹു) ന്റെ നേതൃത്വത്തിങ്കീഴിലാണ്. അഹ്മദിയ്യാ ജമാഅത്ത് എന്ന പേരിലും ഈ പ്രസ്ഥാനം അറിയപ്പെടുന്നു. ഇതിലെ അംഗം അഹ്മദി മുസ്‌ലിം അല്ലെങ്കിൽ അഹ്മദി എന്ന് വിളിക്കപ്പെടുന്നു.

**ഇമാം മഹ്ദി:** മുഹമ്മദ് നബി(സ) അവസാന കാലത്ത് ആഗതരാകുന്ന വാഗ്ദത്ത പരിഷ്ക്കർത്താവിന് നല്കിയ സ്ഥാനപ്പേര്. മാർഗ്ഗദർശകനായ നേതാവ് എന്നാണ് ഈ പദത്തിനർത്ഥം.

**ആമീൻ:** പ്രാർത്ഥന അവസാനിപ്പിച്ചു കൊണ്ടു പറയുന്ന വാചകം. അല്ലാഹു അങ്ങനെയാക്കിത്തീർക്കട്ടെ എന്നാണിതിനർത്ഥം.

**അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു:** സാമ്പ്രദായിക ഇസ്‌ലാമിക അഭിവാദ്യം. താങ്കളുടെ മേൽ സമാധാനവും കാരുണ്യവും വർഷിക്കപ്പെടട്ടെ എന്നാണ് ഇത് അർത്ഥമാക്കുന്നത്.

**ഹദ്‌റത്ത്:** അംഗീകൃതനായ സദ്‌വൃത്തന് ആദരപൂർവ്വം ഉപയോഗിക്കുന്ന സാങ്കേതിക പദം. ഇംഗ്ലീഷിൽ ഹിസ് ഹോളിനെസ്സ് എന്ന പ്രയോഗിക്കുന്നതു പോലെ.

**ഖലീഫ:** പിൻഗാമി. പ്രവാചകന്മാർ അല്ലാഹുവിന്റെ ഖലീഫമാർ ആകുന്നു. പ്രവാചകന്മാരുടെ പിൻഗാമികളെയും ഖലീഫമാർ എന്ന് പറയുന്നു.

**ഖിലാഫത്ത്:** പിൻതുടർച്ച എന്നാണ് ഈ പദത്തിനർത്ഥം.

**വാഗ്ദത്ത മസീഹ്:** അഹ്മദിയ്യാ മുസ്‌ലിം പ്രസ്ഥാനത്തിന്റെ സ്ഥാപകർ ഹദ്‌റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനിയെയാണ് ഇതു കൊണ്ടുദ്ദേശിക്കുന്നത്.